# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഫെബ്രുവരി 16 | ദീപം 55 | നാളം 49 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# നികുതി കുതിരകയറുമ്പോൾ അന്ധാളിച്ച് പൊതുജനം




ഡിജോ കാപ്പൻ





കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഒരു വർഷത്തെ വരുമാനം എത്ര? ചെലവ് എത്ര? ഈ പണം എങ്ങനെയൊക്കെയാണു വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത് എന്നു വെളിപ്പെടുത്തുന്ന രേഖയാണ് ബജറ്റ്. നാട് നന്നാവാനും എല്ലാ വിഭാഗം ജനങ്ങൾക്കും ക്ഷേമം ഉണ്ടാവാനുമുള്ള നിർദേശങ്ങളാണ് ബജറ്റിൽ ഉണ്ടാകാറുള്ളത്. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്ന കാലത്ത് ബഹുഭൂരിപക്ഷം സർക്കാർ ജീവനക്കാരും ഇംഗ്ലീഷുകാരായിരുന്നു. എന്നിട്ടുപോലും വരുമാന - ശമ്പള അനുപാതത്തിന്റെ കാര്യത്തിൽ അവർക്കു ദീർഘവീക്ഷണമുണ്ടായിരുന്നു. ശമ്പളച്ചെലവ് റവന്യൂ വരുമാനത്തിന്റെ 25 ശതമാനത്തിൽ കൂടാൻ പാടില്ലെന്നും ഉത്സവമാസങ്ങളിൽപ്പോലും ഇത് പരമാവധി 33.33 ശതമാനത്തിൽ കവിയരുതെന്നും ബ്രിട്ടീഷ് ഭരണാധികാരികൾ വ്യവസ്ഥ ചെയ്തിരുന്നു. ബാക്കിതുക ഇന്ത്യക്കാരായ ജനങ്ങളുടെ ക്ഷേമത്തിനും വികസനപദ്ധതികൾക്കുംവേണ്ടി ചെലവഴിക്കാനാണ് തയ്യാറായത്. എന്നാൽ, ഇന്ന് സർവീസ് സംഘടനകളും ട്രേഡ് യൂണിയനുകളും മറ്റ് സമ്മർദഗ്രൂപ്പുകളും ഭരണത്തിൽ പിടിമുറുക്കിയതുമൂലം കേരളത്തിന്റെ തനതു വരുമാനം മുഴുവൻ ഭരണനിർവഹണത്തിനായി മാറ്റിവയ്ക്കേണ്ട സ്ഥിതിയിലായി. ഈ നയംമാറ്റമാണ് കേരളത്തെ വലിയ സാമ്പത്തികപ്രതിസന്ധിയിലാക്കിയിരിക്കുന്നത്. കഴിഞ്ഞ കുറെക്കാലങ്ങളായി ബജറ്റ് രാഷ്ട്രീയ രേഖയായി മാറിത്തുടങ്ങി. ഇത്തവണ കേന്ദ്രസർക്കാർ അവതരിപ്പിച്ച ബജറ്റും സംസ്ഥാനബജറ്റും വിശദമായി പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. കേരളഗവണ്മെന്റിന് ഈ സാമ്പത്തികവർഷം ഒരു തിരഞ്ഞെടുപ്പിനെയും നേരിടേണ്ട. അതുമൂലം ജനങ്ങളുടെ അനിഷ്ടം ഉണ്ടായാലും പേടിക്കാനില്ല. അടുത്ത പാർലമെന്റുതിരഞ്ഞെടുപ്പിനുമുമ്പ് നികുതിഭാരം അടിച്ചേല്പിക്കാത്ത ബജറ്റ് കൊണ്ടുവന്ന് വോട്ടു തട്ടാം. എന്നാൽ, കേന്ദ്രസർക്കാരിന്റെ പാർട്ടിക്ക് ഒൻപതു സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പിനെ നേരിടേണ്ടതുണ്ട്. അതുകൊണ്ട് ബജറ്റ് പൊതുവെ ജനപ്രിയമായി. 47 ലക്ഷം യുവാക്കൾക്കു മൂന്നുവർഷം സ്റ്റൈപ്പന്റോടെ തൊഴിൽപരിശീലനം. ഭാവിയുടെ സാങ്കേതികവിദ്യയായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മൂന്നു കേന്ദ്രങ്ങളിൽ തുറക്കാനുള്ള പദ്ധതി നടപ്പാക്കുന്നു. സംസ്ഥാന സർക്കാർ കൊണ്ടുവന്നതുപോലെ വലിയ നികുതിഭാരം ജനങ്ങളെ അടിച്ചേല്പിച്ചില്ലെങ്കിലും നിലവിൽ നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ വലിയ തോതിൽ കുറച്ചിട്ടുണ്ട്. രാജ്യം അതിവേഗം മുന്നേറുന്നു എന്നു വമ്പുപറഞ്ഞിട്ട് 81 കോടി ജനങ്ങൾക്ക് പ്രതിമാസം അഞ്ചു കിലോ ഭക്ഷ്യധാന്യം സൗജന്യമായി നല്കുന്നത് ഒരു വർഷം നീട്ടി എന്നു പറയുന്നത് അഭിമാനകരമല്ല.

2021 - 22 ൽ ദേശീയ തൊഴിലുറപ്പുപദ്ധതിക്കായി ചെലവഴിച്ച 98,468 കോടി 60000 കോടിയായി കുറച്ചു. 23-24 വർഷം 49.90 ലക്ഷം കോടി രൂപയാണ് ഇന്ത്യയുടെ ആകെ പ്രതീക്ഷിതചെലവ്. ഇതിൽ 1.15 കോടി മാത്രമാണ് കൃഷിക്കും കർഷകക്ഷേമത്തിനും ചെലവഴിക്കുന്നത്. കാർഷികരാജ്യമായ ഇന്ത്യയുടെ വരുമാനത്തിന്റെ 2.3% മാത്രം കൃഷിമേഖലയ്ക്ക്. കർഷകർക്കു പ്രതിവർഷം ആറായിരം രൂപ നൽകുന്ന പ്രധാനമന്ത്രി കിസാൻ പദ്ധതിക്ക് കഴിഞ്ഞവർഷം 8000 കോടി ഉണ്ടായിരുന്നത് ഇപ്പോൾ 6000 കോടിയാക്കി. വിള ഇൻഷ്വറൻസ് പദ്ധതിക്ക് 1875 കോടി കുറച്ച് 13,625 കോടി നീക്കിവച്ചിട്ടുണ്ട്. രാഷ്ട്രീയ കൃഷിവികാസ് യോജനയിൽപ്പെട്ട ആറ് കേന്ദ്രാവിഷ്കൃതപദ്ധതികൾക്ക് കഴിഞ്ഞവർഷത്തേക്കാൾ 3000 കോടി കുറച്ചു. ഉത്പന്നങ്ങൾക്കു വിലത്തകർച്ച ഉണ്ടാകുമ്പോൾ വിപണിയിൽ ഇടപെട്ട് കർഷകരെ സഹായിക്കാൻ നിലവിലുണ്ടായിരുന്ന മാർക്കറ്റ് ഇന്റർവെൻഷൻ ആന്റ് പ്രൈസ് സപ്പോർട്ട് ഫണ്ട് പൂർണമായി നിറുത്തലാക്കി. 2022 - 23 ൽ രാസവളസബ്സിഡി 22.25% കുറച്ചു. 2,25,020 കോടിയിൽനിന്ന് 1,75,099 കോടിയാക്കി. ഭക്ഷ്യവസ്തുക്കളുടെ സബ്സിഡി 22-23 ൽ 2,87,194 കോടിയായിരുന്നത് 1,97,350 കോടിയാക്കി കുറച്ചു.

2021-22 ൽ 1,14,635 ടൺ കോമ്പൗണ്ട് റബർ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരുന്നു. 2022 ഏപ്രിൽ മുതൽ 23 ജനുവരി 30 വരെ, 15,000 ടൺ പത്തു ശതമാനം ചുങ്കപ്രകാരം ഇറക്കുമതി ചെയ്തു. ഇതിന്റെ ഇറക്കുമതിച്ചുങ്കം ബജറ്റിൽ 25 ശതമാനമാക്കിയത് നാച്ചുറൽ റബർ കർഷകർക്ക് ഗുണം ചെയ്യും. കാർഷികോത്പന്നങ്ങളുടെ താങ്ങുവില, സംഭരണം, ഇറക്കുമതിനിയന്ത്രണം, സ്വതന്ത്രവ്യാപാരക്കരാറുകളുടെ പുനഃപരിശോധന, ബഫർസോൺപ്രശ്നം തുടങ്ങിയ കാർഷികപ്രശ്നങ്ങൾക്കൊന്നും കേന്ദ്രബജറ്റിൽ പരിഹാരനിർദേശങ്ങളില്ലെന്നത് കർഷകസമൂഹത്തിന് ആശങ്കയുണ്ട്.

കേന്ദ്രം കേരളത്തോട് എന്നും അവഗണന കാട്ടുന്നു എന്നതാണ് സംസ്ഥാനഭരണാധികാരികളുടെ എല്ലാ കാലത്തെയും ആവലാതി. ഈ അവഗണനപോലെ ഗുരുതരമാണ് അസംഘടിതവിഭാഗങ്ങളോടു സംസ്ഥാനസർക്കാർ കാട്ടുന്ന അവഗണനയും. സർക്കാർ ഖജനാവിൽ വീഴുന്ന പണത്തിന്റെ സിംഹഭാഗവും ഉദ്യോഗസ്ഥവർഗത്തെ നിലനിറുത്താൻ ചെലവിടുന്ന സംസ്ഥാനത്ത് വികസനപ്രവർത്തനങ്ങൾക്കു മാറ്റിവയ്ക്കാൻ പണം ഇല്ലാതാകുന്നു.

2023-24 വർഷത്തെ ബജറ്റിൽ സാധാരണക്കാരെയും ഇടത്തരക്കാരെയും തിരഞ്ഞുപിടിച്ചു ശിക്ഷിച്ചത് ഒരു ഇടതുപക്ഷസർക്കാരിനു യോജിച്ചതല്ല. കർണാടകയിലേക്കു സർവീസ് നടത്തുന്ന സർക്കാർബസുകൾ അവിടെനിന്ന് എട്ടു രൂപാ വിലക്കുറവിൽ കിട്ടുന്ന ഡീസൽ അടിക്കാൻ നിർദേശം നൽകിയ സർക്കാർ സാധാരണക്കാരായ ജനങ്ങളോട് പെട്രോളിനും ഡീസലിനും രണ്ടുരൂപാ സെസുകൂടി ഈടാക്കാൻ എടുത്ത തീരുമാനം ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കും. 84 ശതമാനം നിത്യോപയോഗസാധനങ്ങൾ മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന കേരളത്തിലെ ചരക്കുനീക്കത്തിന്റെ ചെലവ് ഏറും. ഇതുമൂലം നിത്യോപയോഗസാധനങ്ങളുടെ വില കൂടും. നികുതി കൂട്ടിയും വില വർധിപ്പിച്ചും നേടുന്ന 2955 കോടി രൂപയിൽനിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജനങ്ങൾക്കു നൽകുന്ന പതിമ്മൂന്നിനും ഉത്പന്നങ്ങൾക്കായി രണ്ടായിരം കോടി മാറ്റിവയ്ക്കുന്നതിൽ എന്ത് അർഥമാണുള്ളത്? സംസ്ഥാനത്ത് പ്രതിദിനം ഏതാണ്ട് 51 ലക്ഷം ലിറ്റർ പെട്രോളും 63 ലക്ഷം ലിറ്റർ ഡീസലും വിറ്റഴിക്കുന്നുണ്ടെന്നാണ് കണക്ക്. ഇത് ഉപയോഗിക്കുന്നതിൽ 95 ശതമാനവും ഇടത്തരക്കാരും സാധാരണക്കാരുമാണ്. ഇങ്ങനെ ജനത്തെ പിഴിഞ്ഞുണ്ടാക്കുന്ന പണം 56 ലക്ഷം പേർക്ക് ക്ഷേമപെൻഷൻ നൽകാനാണെന്ന് സർക്കാർവാദം. ഈ 56 ലക്ഷം പേരിൽ എത്രപേർ ഈ പെൻഷന് അർഹതയുള്ളവരായുണ്ട്? ഇക്കഴിഞ്ഞ ദിവസം എന്റെ ഒരു സുഹൃത്ത് പറയുകയുണ്ടായി, അദ്ദേഹത്തിന്റെ പരിചയത്തിലുള്ള ഒരു വ്യക്തിക്ക് ടൂവീലർ അടക്കം നാലു വാഹനങ്ങൾ ഉണ്ട്. പക്ഷേ, അമ്മ ഇപ്പോഴും ക്ഷേമപെൻഷൻ വാങ്ങുന്നു. പക്ഷേ, ഇതുമൂലം അർഹതപ്പെട്ടവർക്കു പെൻഷൻ ലഭിക്കാതെ വരുന്നുണ്ട്.


▶8

### ബനഡിക്റ്റ് പതിനാറാമൻ പാപ്പായുടെ ആരാധനക്രമചൈതന്യം

# വിശുദ്ധ കുർബാനയാണ് സഭയെ നിർമിക്കുന്നത്



ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ

*രണ്ടാംഭാഗം*

**4. ആരാധനക്രമദൈവശാസ്ത്രത്തിലെ മിശിഹാവിജ്ഞാനീയം**

മിശിഹായുടെ രക്ഷാപദ്ധതിയിലൂന്നിയതാണ് റാറ്റ്സിങ്ങറുടെ (ബനഡിക്റ്റ് പാപ്പാ) ആരാധനക്രമ ദൈവശാസ്ത്രം. ഈശോയുടെ ജനനം, മരണം, ഉത്ഥാനം എന്നിവ വിശദമായി അദ്ദേഹം തന്റെ ഗ്രന്ഥങ്ങളിൽ വിവരിക്കുന്നു. വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു (യോഹ. 1:14). വചനമെന്നതു ജീവിക്കുന്ന സത്യമാണ്. ഈ വചനമാണ് മനുഷ്യനായി നമ്മുടെയിടയിൽ കൂടാരമടിച്ചത്. മനുഷ്യാവതാരമാണ് ആരാധനയുടെ പ്രഭവകേന്ദ്രമായി വർത്തിക്കുന്നതെന്നു 'വചനമാകുന്ന ദൈവം' എന്ന പദപ്രയോഗം അർഥമാക്കുന്നതായി അദ്ദേഹം നിരീക്ഷിക്കുന്നു. മനുഷ്യാവതാരമെന്ന രഹസ്യം നാം കുരിശിന്റെയും ഉത്ഥാനത്തിന്റെയും പ്രകാശത്തിൽ മനസ്സിലാക്കണം. കുരിശിലെ ബലിയിലാണ് യഥാർഥ ഉടമ്പടി പൂർണമാകുന്നത്. അന്ത്യത്താഴവേളയിലും കുരിശിലും ഈശോയാണ് പെസഹാക്കുഞ്ഞാടായി വർത്തിക്കുന്നത്. ഈ രഹസ്യമാണ് 'ഇതെന്റെ ഓർമയ്ക്കായി ചെയ്യുവിൻ' (ലൂക്കാ 22:19) എന്ന മിശിഹായുടെ കല്പനയിലൂടെ നമ്മൾ അനുഷ്ഠിക്കുന്നത്.

വിശുദ്ധ കുർബാനയിൽ തിരുശരീരരക്തങ്ങൾക്കൊപ്പം ദൈവവചനസാന്നിധ്യവുമുണ്ട്. മിശിഹാതന്നെ സന്നിഹിതനാണെന്നും അവിടുന്നാണു നമ്മോടു സംസാരിക്കുന്നതെന്നും കുർബാനയിലെ ദൈവവചന പ്രഘോഷണത്തിൽ നമ്മൾ അത് അംഗീകരിക്കുകയാണു ചെയ്യുന്നതെന്നും 'കർത്താവിന്റെ വചനം' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ബനഡിക്റ്റ് പാപ്പാ പ്രസ്താവിക്കുന്നു (വെർബും ദോമിനി, 56).

**5. ആരാധനക്രമദൈവശാസ്ത്രത്തിലെ സഭാദർശനം**

സഭാവിജ്ഞാനീയം ആരാധനക്രമത്തിന്റെ അവിഭാജ്യഘടകമാണ്. തിരഞ്ഞെടുക്കപ്പെട്ട പുതിയനിയമജനതയുടെ കൂട്ടായ്മയാണു സഭ. 'ദൈവത്തെ സ്തുതിക്കാനും പുകഴ്ത്താനുമാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്' എന്ന കർദിനാൾ റോബർട്ട് സറായുടെ വാക്കുകൾ ഇത്തരുണത്തിൽ പ്രസക്തമാണ്. സഭയുടെ വിശ്വാസം പരസ്യമായി പ്രഘോഷിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന വേളയാണു വിശുദ്ധ കുർബാന. സഭയുടെ ഏറ്റവും വലിയ ആഘോഷമായ കുർബാനയിൽ മിശിഹായുടെ രക്ഷാകരപദ്ധതി അനാവരണം ചെയ്യപ്പെടുന്നു. വിശുദ്ധകുർബാനയെന്നത് നമ്മൾ വിശ്വസിക്കുകയും ആഘോഷിക്കുകയും ജീവിക്കുകയും ചെയ്യേണ്ട രഹസ്യമാണെന്നു ബനഡിക്റ്റ് പാപ്പാ പഠിപ്പിക്കുന്നു.

സൃഷ്ടി മുഴുവനും ദൈവപിതാവിന് ഈശോവഴി സഭയോടൊപ്പം സ്തുതിയുടെ ബലിയർപ്പിക്കുന്നു (യൂക്കരിസ്തിയ). കാരണം, അനന്തമായ നന്മകളാണു ദൈവപിതാവു മാനവകുലത്തിനു നല്കിയിട്ടുള്ളത്. അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ വീക്ഷണമനുസരിച്ച് ലിറ്റർജിയുടെ മകുടമായ വിശുദ്ധ കുർബാനയാണ് സഭയെ സഭയാക്കിത്തീർക്കുന്നത് (Eucharist makes the Church). വിശ്വാസികളുടെ കൂട്ടായ്മയായ സഭ, സഭയായി രൂപംകൊള്ളുന്നതുതന്നെ വിശുദ്ധ കുർബാനയുടെ ആഘോഷവേളയിലാണ് (1 കൊറി 11:18).

സഭയുടെ അസ്തിത്വത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനമാണ് വിശുദ്ധകുർബാനയെന്ന് ബനഡിക്റ്റ് പാപ്പാ പ്രസ്താവിക്കുന്നു (സ്നേഹത്തിന്റെ കൂദാശ, 15). മിശിഹായുടെ ശരീരരക്തങ്ങളിൽ പങ്കുചേരുന്ന നമ്മെ കുർബാനയാണ് സഭയുമായി ബന്ധപ്പെടുത്തുന്നത്. എല്ലാ ദിവ്യകാരുണ്യകൂട്ടായ്മകളും സഭാത്മകകൂട്ടായ്മയെത്തന്നെയാണു രൂപപ്പെടുത്തുകയും വളർത്തുകയും ചെയ്യുന്നത്. കാരണം, മിശിഹായുടെ ശരീരം ഒന്നാണ്; ദൈവജനവും ഒന്നാണ്. സഭയുടെ വിശ്വാസം കുർബാനയുടെ മേശയിൽ സവിശേഷമാംവിധം പരിപോഷിപ്പിക്കപ്പെടുന്നുവെന്ന് 'സ്നേഹത്തിന്റെ കൂദാശ' എന്ന പ്രബോധനരേഖയിൽ പാപ്പാ വ്യക്തമാക്കുന്നു (നമ്പർ 6.).

**6. ആരാധനക്രമദൈവശാസ്ത്രത്തിലെ യുഗാന്തദർശനം**

ഈശോയുടെ ദ്വിതീയാഗമനത്തിൽ സംഭവിക്കാനിരിക്കുന്ന ദൈവാനുഭവത്തിന്റെ മുൻകൂട്ടിയുള്ള ആസ്വാദനവും അതിലേക്കു നമ്മെ നയിക്കുന്ന മാർഗവുമാണ് വിശുദ്ധ കുർബാന. കുർബാനയുടെ ആഘോഷംവഴി നമ്മൾ നിത്യജീവിതം മുൻകൂട്ടി അനുഭവിക്കുന്നതായി 'കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം' (നമ്പർ 1326) പഠിപ്പിക്കുന്നു. ഈ പ്രബോധനത്തെ ഊട്ടിയുറപ്പിച്ചുകൊണ്ട് ബനഡിക്റ്റ് പതിനാറാമൻ പാപ്പാ എഴുതുന്നു: 'ഓരോ കുർബാനയാഘോഷവും ദൈവജനത്തിന്റെ യുഗാന്തപരമായ സമ്മേളനം കൗദാശികമായി നിറവേറ്റുന്നു. നമ്മെ സംബന്ധിച്ചിടത്തോളം പ്രവാചകന്മാർ മുൻകൂട്ടി പറഞ്ഞതും (ഏശ. 25:6-9) കുഞ്ഞാടിന്റെ വിവാഹവിരുന്ന് (വെളി. 19:7-9) എന്ന് പുതിയനിയമത്തിൽ വിവരിച്ചിരിക്കുന്നതും വിശുദ്ധരുടെ സംസർഗത്തിന്റെ സന്തോഷത്തിൽ ആഘോഷിക്കേണ്ടതുമായ അന്തിമവിരുന്നിന്റെ യഥാർഥമായ മുന്നാസ്വാദനമാണ് ദിവ്യകാരുണ്യവിരുന്ന്' (സ്നേഹത്തിന്റെ കൂദാശ, 31.). വത്തിക്കാനിലെ 'മാത്തർ എക്ലേസിയാ'യിൽനിന്നാണു സ്വർഗപിതാവിന്റെ ഭവനത്തിലേക്കു ബനഡിക്റ്റ് പതിനാറാമൻ പാപ്പാ യാത്രയാകുന്നത്. മരണക്കിടക്കയിൽ വച്ചു ബനഡിക്റ്റ് പാപ്പാ പറഞ്ഞു, (Signore, io ti amo) 'ഈശോയേ, ഞാൻ നിന്നെ സ്നേഹിക്കുന്നു'. അതാണ് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ രത്നച്ചുരുക്കവും യുഗാന്തദർശനവും.



> **സഭയുടെ അസ്തിത്വത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനമാണ് വിശുദ്ധകുർബാനയെന്ന് ബനഡിക്റ്റ് പാപ്പാ പ്രസ്താവിക്കുന്നു (സ്നേഹത്തിന്റെ കൂദാശ, 15). അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ വീക്ഷണമനുസരിച്ച് ലിറ്റർജിയുടെ മകുടമായ വിശുദ്ധ കുർബാനയാണ് സഭയെ സഭയാക്കിത്തീർക്കുന്നത്** (Eucharist makes the Church).

എല്ലാ സൃഷ്ടികളും യുഗാന്ത്യോന്മുഖമായി നീങ്ങിക്കൊണ്ടിരിക്കുന്നു. നമ്മുടെ ശരീരങ്ങളുടെ ഭാവിമഹത്ത്വത്തിന്റെ അച്ചാരമായി വിശുദ്ധ കുർബാന വർത്തിക്കുന്നു. ശരീരത്തിന്റെ ഉയർപ്പിലുള്ള നമ്മുടെ പ്രത്യാശയെ വിശുദ്ധ കുർബാനയാഘോഷം ശക്തിപ്പെടുത്തുന്നുവെന്ന് 'സാക്രമെന്തും കാരിത്താത്തിസ്' എന്ന അപ്പസ്തോലികപ്രബോധനത്തിൽ ബനഡിക്റ്റ് പാപ്പാ പ്രസ്താവിക്കുന്നു (നമ്പർ,32). മിശിഹായുടെ ദ്വിതീയാഗമനം ലിറ്റർജിയിൽ പൂർത്തീകരിക്കപ്പെടുന്നു. 'കർത്താവേ വന്നാലും' (മാറാനാത്താ) എന്ന പൗലോസ് ശ്ലീഹായുടെയും (1 കോറി. 16:22) ഡിഡാക്കെയിലെയും (10:16) പ്രാർഥന ലിറ്റർജിയുടെ സത്തയെ സംക്ഷിപ്തമായി വ്യക്തമാക്കുന്നു. "അതേ, ഞാൻ വേഗം വരുന്നു. ആമ്മേൻ, കർത്താവായ ഈശോയേ, വരണമേ" എന്ന വെളിപാടുദർശനം (വെളി. 22:20) ഈശോയുടെ ദ്വിതീയാഗമനത്തോടുകൂടെ മാത്രമേ പൂർണമാകൂ.

(തുടരും)

## സീറോ മലബാർ യൂത്ത് മൂവ്മെന്റിന് പുതിയ നേതൃത്വം



അഡ്വ. സാം സണ്ണി



ജെസ്വിൻ ജെ. ടോം



എൽസ ബിജു

സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്എംവൈഎം) ഗ്ലോബൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അഡ്വ. സാം സണ്ണി ഓടയ്ക്കൽ (പാലാ രൂപത),ജനറൽ സെക്രട്ടറി ജെസ്വിൻ ജെ. ടോം (ബെൽത്തങ്ങാടി രൂപത), ട്രഷറർ എൽസ ബിജു (ഹൊസൂർ രൂപത).

## വി.കെ. കുര്യൻ അവാർഡ് മോൺ. ജോസഫ് മലേപ്പറമ്പിലിന്



കോൺഗ്രസ്നേതാവും വിദ്യാഭ്യാസപ്രവർത്തകനുമായിരുന്ന വി. കെ. കുര്യന്റെ സ്മരണാർഥം മികച്ച സാമൂഹികപ്രവർത്തകനു നൽകുന്ന അവാർഡിനർഹനായ പാലാ രൂപത വികാരി ജനറാൾ റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ.

# ചങ്ങാത്തമുതലാളിത്തത്തിന്റെ ചതിക്കുഴികൾ



പ്രഫ. റോണി കെ. ബേബി

ഇന്ത്യയിലെയും ഏഷ്യയിലെയും അതിസമ്പന്നരിൽ ഒന്നാമൻ. ലോകത്തെ അതിസമ്പന്നരിൽ നാലാമൻ. ബെർനാർഡ് അറോൾട്ട്, ജെഫ് ബെസോസ്, ഇലോൺ മസ്ക് തുടങ്ങിയ വ്യവസായികൾ മാത്രമായിരുന്നു ഗൗതം അദാനിക്കു മുന്നിലുണ്ടായിരുന്നത്. അതേ, ലോകം കീഴടക്കാനുള്ള ഗൗതം അദാനിയുടെ ജൈത്രയാത്രയായിരുന്നു ഏതാനും ആഴ്ച മുമ്പുവരെ. ഇതെല്ലാമാണ് ഹിൻഡൻബർഗ് റിപ്പോർട്ടോടെ തകർന്നുതരിപ്പണമായത്. ചീട്ടുകൊട്ടാരംപോലെയാണ് ഗൗതം അദാനിയുടെ ബിസിനസ് സാമ്രാജ്യം നിലംപരിശായത്. നിയമങ്ങളെല്ലാം കാറ്റിൽ പറത്തി, ചട്ടങ്ങളെല്ലാം തങ്ങൾക്കനുകൂലമാക്കി വളച്ചൊടിച്ച് കേന്ദ്രസർക്കാരിന്റെ അധികാരത്തിന്റെ തണലിൽ തഴച്ചുവളർന്ന ചങ്ങാത്തമുതലാളിത്തത്തിന്റെ തകർച്ച കൂടിയാണ് ഗൗതം അദാനിയുടെ വീഴ്ചയിൽ പ്രതിഫലിക്കുന്നത്.

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ ലോകത്ത് ആരെയും അമ്പരപ്പിക്കുന്ന സാമ്പത്തിക വളർച്ചയാണ് ഗൗതം അദാനി നേടിയത്. 2001–02 ലെ 3,741 കോടിയിൽ നിന്ന് 2013–14ലെ 75, 659 കോടിയായി വർധിച്ച സമ്പത്ത് 125 ബില്യൺ ഡോളറിൽവരെ എത്തി.

**കുന്നുകൂടിയ സമ്പത്ത്**

ഒരു സെക്കൻഡിൽ 1.4 കോടി രൂപ കണക്കെയാണ് അദാനിയുടെ വരുമാനം പെരുകിയത് എന്നാണ് കണക്കുകൾ. ബിസിനസ് സ്റ്റാൻഡേർഡ് റിപ്പോർട്ട് പ്രകാരം ഒരുദിവസം 1000 കോടി രൂപവരെ ഗൗതം അദാനിയുടെ വരുമാനം വളർന്നു. ബിൽഗേറ്റ്സിനെ പിന്തള്ളിയാണ് അദാനി അതിസമ്പന്നരുടെ പട്ടികയിൽ നാലാമതെത്തിയത്. ഫോർബ്സിന്റെ ശതകോടീശ്വരൻമാരുടെ പട്ടികയിലാണ് അദാനി ബിൽ ഗേറ്റ്സിനെ വെട്ടിയത്. 104.6 ബില്യൺ ഡോളറാണ് ബിൽ ഗേറ്റ്സിന്റെ ആസ്തി. ഇതു മറികടന്ന ഗൗതം അദാനിയുടെ ആസ്തി 125.5 ബില്യൺ ഡോളറായി. കഴിഞ്ഞ ഫെബ്രുവരിയിൽ റിലയൻസ് ഇൻഡസ്ട്രീസ് എംഡി മുകേഷ് അംബാനിയെ പിന്തള്ളി അദാനി ഏഷ്യയിലെ ഏറ്റവും സമ്പന്നനായ വ്യക്തിയായിരുന്നു. അദാനിയുടെ വരുമാനത്തിൽ കഴിഞ്ഞ ഒരു വർഷം കൊണ്ട് 1,200 കോടി ഡോളറിന്റെ വർധനയാണ് ഉണ്ടായത്.

**അദാനി എന്ന വ്യവസായഭീമൻ**

അഹമ്മദാബാദ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ ബിസിനസ് സാമ്രാജ്യമായി അദാനി ശൃംഖല മാറിയിരുന്നു. തുറമുഖം, ഊർജം വിമാനത്താവളങ്ങൾ, സിറ്റി ഗ്യാസ്, പവർ ട്രാൻസ്മിഷൻ, താപവൈദ്യുതി, ഭക്ഷ്യയെണ്ണ, റെയിൽവേ ലൈനുകൾ തുടങ്ങി ഗൗതം അദാനി കൈവയ്ക്കാത്ത അടിസ്ഥാനസൗകര്യവികസനമേഖലകൾ രാജ്യത്ത് ഇന്ന് ഇല്ല എന്നുതന്നെ പറയാം. ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ തുറമുഖസംരംഭകരും അതുപോലെതന്നെ രാജ്യത്തെ ഏറ്റവും വലിയ സ്വകാര്യ വൈദ്യുതി ഉത്പാദകരുമായ കമ്പനികൾ അടങ്ങുന്ന ഗ്രൂപ്പിന്റെ തലവനായിരുന്നു ഗൗതം അദാനി. ഇസ്രയേലിലെ ഏറ്റവും വലിയ തുറമുഖമായ ഹൈഫ സ്വകാര്യവൽക്കരിക്കുന്നതിനുള്ള ടെൻഡർ അദാനി ഗാഡോട്ട് കൺസോർഷ്യം ഈ അടുത്ത് നേടിയിരുന്നു. ഇസ്രായേലിന്റെ മൂന്ന് പ്രധാന അന്താരാഷ്ട്ര തുറമുഖങ്ങളിൽ ഏറ്റവും വലുതാണ് ഹൈഫ തുറമുഖം. വരാനിരിക്കുന്ന 5 ജി സ്പെക്ട്രം ലേലത്തിൽ പങ്കെടുക്കാനും അദാനി ഗ്രൂപ്പ് തയ്യാറെടുത്തിരുന്നു.

**അദാനി – മോദി : ചങ്ങാത്തമുതലാളിത്തത്തിന്റെ മോഡൽ**

1988 ൽ ഗുജറാത്തിലെ അഹമ്മദാബാദ് ആസ്ഥാനമാക്കി ഒരു ചരക്കു കയറ്റുമതിസ്ഥാപനം ആരംഭിച്ച അദാനിയുടെ അഭൂതപൂർവമായ സാമ്പത്തിക വളർച്ച ആരംഭിക്കുന്നത് 2001 ൽ ഗുജറാത്ത് മുഖ്യമന്ത്രിയായി നരേന്ദ്ര മോദി എത്തുന്നതോടെയാണ്. അടിസ്ഥാന വികസനമേഖലയിൽ വൻനിക്ഷേപം കൊണ്ടുവന്ന ഗുജറാത്ത് വികസനമാതൃകയുടെ മുഴുവൻ പ്രയോജനവും ചെന്നുചേർന്നത് അദാനിയുടെ കമ്പനികൾക്കായിരുന്നു. മോദി മുഖ്യമന്ത്രിയായി വെറും എട്ടു വർഷങ്ങൾക്കിടയിൽ 2008 ൽ ഫോർബ്സിന്റെ ലോക ശതകോടീശ്വരന്മാരുടെ പട്ടികയിൽ 9.3 ബില്യൺ ഡോളർ ആസ്തിയുമായി അദാനി ആദ്യമായി പ്രത്യക്ഷപ്പെട്ടു എന്നു പറയുമ്പോൾ ഗുജറാത്ത് സർക്കാരിൽനിന്നു വാരിക്കോരി കൊടുത്ത ആനുകൂല്യങ്ങൾ എത്ര ഭീമമാണ് എന്നു മനസ്സിലാകും. 2014 ൽ ഇന്ത്യയുടെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ നരേന്ദ്രമോദി ഡൽഹിയിലേക്ക് അഹമ്മദാബാദിൽ നിന്നു പറന്നുയർന്നത് അദാനിയുടെ സ്വന്തം വിമാനത്തിലായിരുന്നുവെന്നത് ഇരുവരും പുലർത്തുന്ന ആത്മബന്ധത്തിന്റെ തെളിവാണ്.

വിവാദങ്ങളിൽനിന്നു മോദിയെ രക്ഷിച്ചെടുത്തതിന്റെ നന്ദിപ്രകാശനമോ പ്രതിഫലമോ ആയി ഈ ആത്മബന്ധത്തെ കണക്കാക്കുന്നതിലും തെറ്റുണ്ടെന്നു തോന്നുന്നില്ല. മുഖ്യമന്ത്രിപദം ഏറ്റെടുത്ത് അധികം വൈകാതെ 2002 ഫെബ്രുവരിയിൽ നടന്ന ഗുജറാത്ത് കലാപത്തിന്റെ പേരിൽ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസിലെ ചില വ്യവസായികൾ മോദിയെ വിമർശിച്ചതിനെത്തുടർന്ന് അദാനിയുടെ നേതൃത്വത്തിലുള്ള ഒരു സംഘം ഗുജറാത്തി വ്യവസായികൾ റിസർജന്റ് ഗ്രൂപ്പ് ഓഫ് ഗുജറാത്ത് എന്ന പേരിൽ ഒരു ബദൽ സംഘടനയുണ്ടാക്കി മോദിക്ക് കവചം ഒരുക്കിയിരുന്നു. മോദി മുഖ്യമന്ത്രി ആയിരിക്കേ 2003 സെപ്തംബർമുതൽ ഒക്ടോബർവരെ നടന്ന ആദ്യത്തെ വൈബ്രന്റ് ഗുജറാത്ത് സമിറ്റിന് 15,000 കോടി രൂപയാണ് അദാനി വാഗ്ദാനം ചെയ്തത്. ഇതിനു



പ്രതിഫലമായി ഗൗതം അദാനിക്കു ലഭിച്ചത് എല്ലാ പരിസ്ഥിതിനിയമങ്ങളും ലംഘിച്ചുകൊണ്ട് ഗുജറാത്തിന്റെ പടിഞ്ഞാറൻതീരത്തെ മുന്ദ്രയിൽ ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യതുറമുഖം നിർമിക്കുന്നതിനായി ചതുശ്ര മീറ്ററിന് ഒരു രൂപമുതൽ 16 രൂപ വരെ നാമമാത്രവിലയ്ക്ക് ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ്. അദാനി ഗ്രൂപ്പിന്റെ മുന്നോട്ടുള്ള എല്ലാ സാമ്പത്തികകുതിപ്പിന്റെയും തുടക്കം മുന്ദ്രയിൽനിന്നാണ്. ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ റെയിൽവേശൃംഖലയുടെ പിന്തുണയുള്ള രാജ്യത്തെ ഏറ്റവും വലിയ പ്രത്യേക സാമ്പത്തികമേഖലയും (സെസ്) ഈ പ്രദേശത്താണുള്ളത്. 2012 മാർച്ച് 30 ന് ഗുജറാത്ത് നിയമസഭയുടെ മേശപ്പുറത്തുവച്ച റിപ്പോർട്ടിൽ അദാനിഗ്രൂപ്പിന് അനർഹമായ ആനുകൂല്യങ്ങൾ അനുവദിച്ചതിന്റെ പേരിൽ ഗുജറാത്ത് സംസ്ഥാന പെട്രോളിയം കോർപ്പറേഷനെ സിഎജി വിമർശിച്ചിരുന്നു.

മോദി പ്രധാനമന്ത്രിക്കസേരയിലേക്കു നടന്നടുക്കുമ്പോഴും സംരക്ഷണകവചം ഒരുക്കി അദാനി കൂടെയുണ്ടായിരുന്നു. 2013 മാർച്ചിൽ ഗുജറാത്ത് കലാപത്തിന്റെ പേരിൽ മോദിയുടെ വിമർശകരായ അധ്യാപകരുടെയും വിദ്യാർഥികളുടെയും സമ്മർദത്തെത്തുടർന്ന് അമേരിക്കയിലെ പ്രശസ്തമായ വാന്റൺ സ്കൂൾ ഓഫ് ബിസിനസ് സംഘടിപ്പിച്ച പരിപാടിയിലെ മുഖ്യപ്രഭാഷണത്തിൽ നിന്ന് മോദിയെ മാറ്റുമെന്നു വ്യക്തമായപ്പോൾ പരിപാടിയുടെ സ്പോൺസർമാരിൽ ഒന്നായിരുന്ന അദാനി ഗ്രൂപ്പ് അതിൽനിന്നു പിന്മാറുകയാണുണ്ടായത്. 2013 സെപ്റ്റംബർ 13 ന് ഭാരതീയ ജനതാപാർട്ടിയുടെ പ്രധാനമന്ത്രിസ്ഥാനാർഥിയായി മോദി ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടശേഷം തുടർന്നുവന്ന 12 മാസക്കാലയളവിൽ അദാനി എന്റർപ്രൈസസിന്റെ ഓഹരിവില അഞ്ചു രൂപയിൽനിന്ന് 786 രൂപയായി അല്ലെങ്കിൽ 265 ശതമാനം കണ്ട് കുതിച്ചുയരുകയായിരുന്നു. മോദി പ്രധാനമന്ത്രിയായ എട്ടു വർഷംകൊണ്ട് അദാനിയുടെ തേരോട്ടം ഗുജറാത്തും ഇന്ത്യയും ഏഷ്യയും പിന്നിട്ട് ലോകത്തിന്റെ നെറുകയിലേക്ക് എത്തി. അധികാരത്തിന്റെ ഇടനാഴികളിലൂടെ ചങ്ങാത്തമുതലാളിത്തത്തിന്റെ അവിഹിതബന്ധങ്ങളിലൂടെയാണ് ഗൗതം അദാനിയെന്ന കോർപ്പറേറ്റ് ഭീമൻ ഈ സാമ്രാജ്യങ്ങൾ വെട്ടിപ്പിടിച്ചതെന്നു പകൽപോലെ വ്യക്തമാണ്.

**എസ് ബി ഐയും അദാനിയുടെ വരുതിയിലെത്തി**


2014 നവംബറിൽ ജി 20 രാജ്യങ്ങളുടെ തലവന്മാർ ബ്രിസ്ബേനിൽ ഒത്തുകൂടി നടത്തിയ ചർച്ചകളിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വ്യാപാരസംഘത്തിൽ ഗൗതം അദാനിയും ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാബാങ്ക് ആയ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മേധാവി അരുന്ധതി ഭട്ടാചാര്യയും ഉണ്ടായിരുന്നു. അവരുടെ മടക്കയാത്രയിൽ, ബാങ്കും അദാനി ഗ്രൂപ്പും തമ്മിലുള്ള സഹകരണ ധാരണാപത്രം ഒപ്പുവച്ചു. ഇതോടെ ഇന്ത്യയിലും വിദേശത്തും അദാനി ഗ്രൂപ്പ് തുടങ്ങാൻ വിഭാവനം ചെയ്യുന്ന പദ്ധതികളിലേക്ക് നിർലോഭം ബാങ്കിന്റെ പണം വായ്പകൾ എന്ന പേരിൽ ഒഴുകാൻ തുടങ്ങി. ഓസ്ട്രേലിയയിലെ ക്യൂൻസ് ലാന്റിൽ വിവാദ കൽക്കരിഖനനപദ്ധതിക്കായി ഒരു ബില്യൺ (62,000 കോടി രൂപ) യുഎസ് ഡോളർ മുൻകൂറായി എസ്ബിഐ വായ്പ നൽകാനുള്ള ധാരണാപത്രമായിരുന്നു ആദ്യത്തേത്. വിദേശപദ്ധതിക്കായി ഒരു ഇന്ത്യൻ കോർപ്പറേറ്റ് ഗ്രൂപ്പിനു നൽകപ്പെടുന്ന ഏറ്റവും വലിയ വായ്പയായിരുന്നു ഇത്.

ഈയിടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്ന് മുന്ദ്ര തുറമുഖത്തോടു ചേർന്ന് വമ്പൻ പദ്ധതികൾക്കുവേണ്ടി 14,000 കോടി രൂപയുടെ വായ്പ അദാനി തേടിയിരുന്നു. കൽക്കരി–പോളിവിനൈൽ ക്ലോറൈഡ് പ്ലാന്റ് നിർമാണാവശ്യവുമായി ബന്ധപ്പെട്ടാണ് എസ്ബിഐയിൽനിന്നു വൻതുക അദാനിയുടെ കമ്പനി വായ്പ തേടിയത്. രാജ്യത്ത് സമീപകാലത്ത് ഏതെങ്കിലും ഒരു കമ്പനി ആവശ്യപ്പെട്ട ഏറ്റവും ഉയർന്ന വായ്പാത്തുകയാണിത്. കൂടാതെ, മുന്ദ്ര തുറമുഖത്തോടു ചേർന്ന് ഗ്രീൻഫീൽഡ് കോപ്പർ റിഫൈനറി പദ്ധതിക്കുവേണ്ടി 6071 കോടി രൂപയാണ് അദാനി ഗ്രൂപ്പ് വായ്പ എടുത്തത് . ഏറ്റവും ഒടുവിലായി ചർച്ചയായത് അദാനി ഗ്രൂപ്പിന് നവി മുംബൈ വിമാനത്താവളം ഏറ്റെടുക്കാൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 12,770 കോടി രൂപ നൽകി എന്ന വാർത്തകളാണ്. വിമാനത്താവളം ഏറ്റെടുക്കാൻ ധനസമാഹരണത്തിന് അദാനിഗ്രൂപ്പ് ഓഹരിവിപണിയിൽ എത്തുമ്പോൾ വിൽക്കപ്പെടാത്ത ഓഹരികൾ എസ്ബിഐ ഏറ്റെടുത്താണ് സഹായം നൽകിയത്. അദാനിഗ്രൂപ്പിന്റെ പദ്ധതികളിലേക്ക് എസ്ബിഐയുടെ വായ്പകൾ നിർലോഭം ഒഴുകിയതിന്റെ പിന്നിൽ ഭരണകൂടത്തിന്റെ ഇടപെടലുകൾ ഉണ്ട് എന്നു തീർച്ചയാണ്.

കൂടാതെ, അദാനിഗ്രൂപ്പിന്റെ നോൺ ബാങ്കിങ് ഫിനാൻഷ്യൽ കമ്പനിയായ അദാനി ക്യാപ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് കൃഷി യന്ത്രവത്കരണം, ഗോഡൗൺ ഈടിനു വായ്പ, ഫാർമർ പ്രൊഡ്യൂസർ സംഘങ്ങൾക്ക് ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ തുടങ്ങിയ പദ്ധതികളിൽ കർഷകർക്കു വായ്പ നൽകുമെന്നും അതിനായി അദാനിയും സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യയും തമ്മിൽ സംയുക്തപ്രവർത്തനത്തിനു കരാറായെന്നും വാർത്തകൾ പുറത്തുവന്നിരുന്നു. കാർഷികമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംയുക്ത വായ്പ നൽകാനാണ് ധാരണ ആയത്. ഇതിലൂടെ എസ്ബിഐയുടെ വിപുലമായ നെറ്റ് വർക്കിൽ കടന്നുകയറി കാർഷികവായ്പാമേഖലയിലെ സ്വാധീനം അതിവേഗം വ്യാപിപ്പിക്കുക എന്നതായിരുന്നു അദാനിയുടെ ലക്ഷ്യം. എസ് ബി ഐക്ക് രാജ്യമെമ്പാടുമായി 1. 50 കോടിയോളം കാർഷിക അക്കൗണ്ടുകൾ ഉണ്ട്. ഇതെല്ലാം അദാനിയുടെ കൈയിലേക്കു പോകാനുള്ള സാഹചര്യം ഒരുങ്ങിയിരുന്നു. പൊതുജനങ്ങളുടെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുപകരം അവരെ ചൂഷണം ചെയ്തുകൊണ്ട് വളരാനും ബാങ്കിങ് മേഖലയെത്തന്നെ തകർക്കാനും അദാനിക്ക് ചങ്ങാത്തമുതലാളിത്തത്തിന്റെ പിൻബലത്തിൽ ഇതുവരെ എസ് ബി ഐ ഒത്താശ ചെയ്യുകയായിരുന്നു

ഗൗതം അദാനിയുടെ ജീവചരിത്രമായ 'ഗൗതം അദാനി: ദ് മാൻ ഹു ചേഞ്ച്ഡ് ഇന്ത്യ' ഉടൻ പ്രസിദ്ധീകരിക്കുമെന്ന് പ്രസാധകരായ പെൻഗ്വിൻ റാൻഡം ഹൗസ് പബ്ലിഷേഴ്സ് പ്രഖ്യാപിച്ചതിനു തൊട്ടുപിന്നാലെയാണ് ഹിൻഡൻബർഗ് റിപ്പോർട്ട് പുറത്തുവരികയും ഗൗതം അദാനി എന്ന ഭീമൻ നിലംപതിക്കുകയും ചെയ്തത്. ഗൗതം അദാനിയുടെ ജീവിതത്തിലെ അറിയപ്പെടാത്ത അധ്യായങ്ങളാണത്രേ മാധ്യമപ്രവർത്തകനായ ആർ.എൻ. ഭാസ്കർ രചിച്ച പുസ്തകത്തിന്റെ ഉള്ളടക്കം. ഇന്ത്യയിലെ പ്രശസ്തമായ ബിസിനസ് സ്കൂളുകളിലും മാനേജ്മെന്റ് സ്ഥാപനങ്ങളിലും വ്യവസായസംരംഭകരുടെ വേദപുസ്തകമായി ലോകം കീഴടക്കിയ ഗൗതം അദാനിയുടെ ജീവചരിത്രം പുകഴ്ത്തിപ്പാടാനുള്ള കളമൊരുങ്ങുന്നതിനിടയിലാണ് അപ്രതീക്ഷിതമായ വീഴ്ചയുണ്ടാകുന്നത്. അധികാരകേന്ദ്രങ്ങളുടെ വഴിവിട്ട ആനുകൂല്യങ്ങളിൽ കെട്ടിപ്പൊക്കിയ ബിസിനസ്സ് സാമ്രാജ്യങ്ങളുടെയും ചങ്ങാത്തമുതലാളിത്തത്തിന്റെയും അധാർമികതകളുടെയും വർത്തമാനകാലനേർചിത്രം കൂടിയാണ് അദാനിയുടെ വീഴ്ചയിൽ തെളിഞ്ഞു വരുന്നത്. ■

# അപരിചിതൻ സുഹൃത്തായതെങ്ങനെ?



സി.എൽ. ജോസ്

ടൗണിനു തൊട്ടുള്ള ഗ്രാമപ്രദേശം. അവിടെ വർഷങ്ങളായി സ്റ്റേഷനറിയടക്കമുള്ള പലചരക്കുകട നടത്തുകയാണ് ആൻസൻ. ഏറെ വർഷങ്ങൾക്കുമുമ്പ് ആൻസന്റെ അപ്പൂപ്പനായിട്ടു തുടങ്ങിയതാണ്. അയാളുടെ കാലശേഷം ആൻസന്റെ പിതാവ് പൗലോസ് കച്ചവടം തുടർന്നു. പൗലോസു മരിച്ചപ്പോൾ യുവാവായ ആൻസൻ കച്ചവടം ഏറ്റെടുത്തു. അങ്ങനെ ദീർഘകാലത്തെ പഴക്കവും പാരമ്പര്യവുമുള്ള ഒരു കടയാണത്.

ആൻസനെ ആ ഗ്രാമത്തിലുള്ളവർക്ക് ഇഷ്ടമാണ്. മര്യാദക്കാരനും സത്യസന്ധനും വിശ്വസ്തനുമാണ്. സാധനങ്ങൾക്കു മിതമായ ലാഭമേ എടുക്കുകയുള്ളൂ. അളവിലോ തൂക്കത്തിലോ യാതൊരു കൃത്രിമത്വവും കാണിക്കില്ല. നല്ല പെരുമാറ്റവും മികച്ച സേവനവും. ആൻസന് നല്ലവളായ ഭാര്യയും, ഹൈസ്കൂളിൽ പഠിക്കുന്ന രണ്ടു കുട്ടികളുമുണ്ട്; ഒരാണും ഒരു പെണ്ണും. സന്തുഷ്ടമായ കുടുംബം.

ഗ്രാമത്തിലുള്ളവരുടെ മതിപ്പും സ്നേഹവുമാർജിച്ചു കച്ചവടം മുമ്പോട്ടു പോകുകയാണ്. അങ്ങനെയിരിക്കെ ഒരുദിവസം അപരിചിതനായ ഒരു മനുഷ്യൻ ഹൃദ്യമായ പുഞ്ചിരിയോടെ കടയിൽ കയറിവന്നു. കുറച്ചകലെയുള്ള പട്ടണത്തിൽനിന്നാണു വരവ്. ആൻസൻ അയാളെ സ്വീകരിച്ചിരുത്തി. പരസ്പരം പരിചയപ്പെട്ടു. കൂട്ടത്തിൽ വരവിന്റെ ഉദ്ദേശ്യമെന്തെന്ന് ആരാഞ്ഞു. വന്ന മനുഷ്യൻ നല്ല സാമ്പത്തികശേഷിയുള്ള ആളാണ്. ആൻസന്റെ ഷോപ്പ് വിലയ്ക്കു വാങ്ങലാണ് ലക്ഷ്യം. മോഹവില തന്നു വാങ്ങാമെന്നയാൾ പറഞ്ഞു.

"വളരെ പഴക്കവും പാരമ്പര്യവുമുള്ള ഈ ഷോപ്പ് എത്ര മോഹവില തന്നാലും കൊടുക്കാൻ ഞാനുദ്ദേശിക്കുന്നില്ല. വർഷങ്ങളായുള്ള എന്റെ ഉപജീവനമാർഗ്ഗമാണ്."

"ഞാൻ ഓഫർ ചെയ്യുന്ന സംഖ്യ ബാങ്കിൽ നിക്ഷേപിച്ചാൽ അതിന്റെ പലിശകൊണ്ട് നിങ്ങൾക്കു സുഖമായി കഴിയാം. നിങ്ങൾ ഉദ്ദേശിക്കുന്നതിനെക്കാൾ കൂടുതൽ വില ഞാൻ തരാം."

"ഇല്ല, ഞാനിതു വിൽക്കില്ല. ഇത് ഒരു കട മാത്രമല്ല. ഇവിടെയുള്ള ജനങ്ങൾക്കു നല്ല സേവനം കൊടുക്കുന്ന ദീർഘകാലത്തെ പാരമ്പര്യമുള്ള, വിശ്വസ്തമായ സ്ഥാപനമാണ്."

"നിങ്ങളുടെ നന്മയ്ക്കുവേണ്ടി പറഞ്ഞെന്നു മാത്രം. കൊടുക്കാനുദ്ദേശ്യമില്ലെങ്കിൽ വേണ്ട. ഞാൻ വേറേ സ്ഥലം നോക്കിക്കൊള്ളാം."

"എങ്കിൽ അതായിരിക്കും നല്ലത്."

"സാരമില്ല. നേരേ എതിർവശത്ത് ഒഴിഞ്ഞുകിടക്കുന്ന ആ ഷോപ്പുണ്ടല്ലോ. അതിന്റെ ഉടമയുമായി ഞാൻ സംസാരിച്ചു കഴിഞ്ഞു. അത് എടുത്തു കുറെ സംഖ്യ ചെലവാക്കി, പെയിന്റടിച്ച്, ഫർണീഷു ചെയ്ത് അത്യാകർഷകമായ കടയാക്കും. എന്നിട്ടു പുതിയ മുന്തിയ ചരക്കുകൾ വരുത്തും. വിലയിലും നല്ല കിഴിവു കൊടുക്കും." ഇതും പറഞ്ഞ് അയാളിറങ്ങിപ്പോയി.



ഇതെല്ലാം ചെറിയ നടുക്കത്തോടെയാണ് ആൻസൻ കേട്ടത്. സുഹൃത്തായി കയറിവന്നവൻ ശത്രുവായി മാറുന്നു. ആൻസന്റെ സ്വസ്ഥത നഷ്ടപ്പെട്ടു. മുഖത്തോടു മുഖം രണ്ടു കടകൾ. ഭാവി എങ്ങനെ വരും? അയാളോട് എങ്ങനെ മത്സരിക്കും? തെല്ലും സമാധാനമില്ലാത്ത അവസ്ഥ. അയാളോടു കഠിനമായ നീരസം തോന്നി.

കട പൂട്ടി മ്ലാനമുഖനായി കയറിവന്ന ആൻസൻ ഭാര്യ മാഗിയോട് ഉണ്ടായ സംഭവമെല്ലാം വിവരിച്ചു. എല്ലാ ഉത്കണ്ഠയും പറഞ്ഞുകഴിഞ്ഞപ്പോൾ മാഗി ആശ്വസിപ്പിച്ചു:

"ദൈവം നമ്മോടുകൂടെയുണ്ടെങ്കിൽ നമുക്ക് ഒരു കുഴപ്പവും വരില്ല."

ഉദ്ഘാടനം ചെയ്യപ്പെടാൻ പോകുന്ന പുതിയ കടയുടെ പരസ്യം പത്രത്തിൽ വന്നു. ആ കടയിൽ ആശാരിമാർ, പെയിന്റടിക്കാർ, അലങ്കാരപ്പണിക്കാർ എന്നിവർ ചുറുചുറുക്കോടെ ജോലി ചെയ്യുന്നതു കാണാം. ആൻസന്റെ ഉള്ളിൽ ചെറിയ ഭയം കടന്നു. താനും എന്തെങ്കിലും ചെയ്യേണ്ടതല്ലേ എന്ന തോന്നലുണ്ടായി. ആൻസൻ കടയുടെ മുമ്പിൽ വലിയ അക്ഷരത്തിൽ ഒരു ബോർഡ് എഴുതി വച്ചു: "75 വർഷം പഴക്കമുള്ള സ്ഥാപനം."

തിരിച്ചടിപോലെ പിറ്റേന്നു പുതിയ കടക്കാരന്റെ പുതിയ ബോർഡു പ്രത്യക്ഷപ്പെട്ടു: 'ഉദ്ഘാടനം അടുത്തയാഴ്ച. എല്ലാം പുതിയ ചരക്ക്. പുതിയ സ്റ്റോക്ക്. പഴയ സ്റ്റോക്ക് ഒന്നുമില്ല."

ബോർഡുകൾ കണ്ട നാട്ടുകാർ ഊറിച്ചിരിച്ചു. വഴിമുട്ടിയതുപോലെയായി ആൻസൻ. പുതിയ കച്ചവടക്കാരനോട് എന്തെന്നില്ലാത്ത അരിശം, വെറുപ്പ്.

പുതിയ ഷോപ്പിന്റെ ക്ഷണക്കത്ത് മുൻകൂട്ടിത്തന്നെ ആൻസന്റെ കടയിലും കൊടുത്തു. ക്ഷണക്കത്തും പിടിച്ച് ആൻസൻ മൂകനായി ഇരുന്നു.

നാളെയാണ് പുതിയ കടയുടെ ഉദ്ഘാടനം. ഈ ശത്രുവിനോട് എങ്ങനെ ഏറ്റുമുട്ടും? എങ്ങനെ നേരിടും? ഇന്നലെ വരെ തന്റെ കടയിൽനിന്നു സാധനങ്ങൾ വാങ്ങിയിരുന്ന പതിവുകാർ അങ്ങോട്ടു തിരിയുമോ? ഇങ്ങനെ പല പല ചിന്തകൾ ആൻസന്റെ മനസ്സിൽ തീപ്പൊരി വിതറി.

ആൻസന്റെ ഇരിപ്പും ഭാവവും ശ്രദ്ധിച്ച മാഗി അരികെ വന്നിട്ടു പറഞ്ഞു: "നമ്മളെ ദ്രോഹിക്കാൻ വന്ന ആ മനുഷ്യന്റെ കട തീവച്ചു നശിപ്പിക്കാനുള്ള അരിശമുണ്ടാവും ആൻസന്?"

"എന്താ സംശയം?"

പുഞ്ചിരിയോടെ അവൾ പറഞ്ഞു: "തീ വച്ചാൽ ഇൻഷുറൻസുള്ളതുകൊണ്ട് അയാൾക്കു യാതൊരു നഷ്ടവും വരാനില്ല. അതൊന്നുമല്ല ഇപ്പോൾ ചിന്തിക്കേണ്ടത്."

"പിന്നെ എന്താ ചിന്തിക്കേണ്ടത്?" തെല്ലും രസിക്കാതെയുള്ള ചോദ്യം.

"നിങ്ങൾ ഒന്നും ചിന്തിക്കേണ്ട."

"പിന്നെ?"

"നിങ്ങൾ ചെയ്യേണ്ടത് - പ്രാർഥിക്കുക."

"ആ കട സ്വയം കത്തിനശിക്കാനോ?"

"ആ ചിന്ത വിടൂ. ആൻസൻ എന്റെ മുമ്പിലും നാട്ടുകാരുടെ മുമ്പിലും നല്ലവനും പരോപകാരിയും അടിയുറച്ച ദൈവവിശ്വാസിയുമല്ലേ? അങ്ങനെയുള്ള ഒരു വ്യക്തി ഇത്തരത്തിലാണോ ചിന്തിക്കേണ്ടത്. നമ്മുടെ നന്മയ്ക്കുവേണ്ടി ഞാനൊരു കാര്യം പറയട്ടെ, ദേഷ്യപ്പെടരുത്. നിങ്ങൾ ആ പുതിയ കടയുടെ വിജയത്തിനുവേണ്ടി പ്രാർഥിക്കണം. മനസ്സുകൊണ്ട് ആ കടയെ അനുഗ്രഹിക്കണം."

"മാഗീ! നീ എന്തറിഞ്ഞിട്ടാണീ പറയുന്നത്?"

"എല്ലാം അറിഞ്ഞിട്ടുതന്നെ. എന്റെ ആൻസൻ വിനീതനാകുക. ദൈവം അനുഗ്രഹിക്കും."

പിറ്റേന്നു രാവിലെ പുതിയ ഷോപ്പിന്റെ ഉദ്ഘാടനമാണ്. കട തുറക്കുംമുമ്പുതന്നെ ആ ഗ്രാമത്തിലെ ജനങ്ങൾ അവിടെ തിങ്ങിക്കൂടി. പ്രൗഢിയുള്ള ആ കടയിൽ പ്രവേശിക്കാൻ അക്ഷമരായി അവർ കാത്തുനിൽക്കുകയാണ്. ഈ മുഹൂർത്തത്തിൽ കടയുടമയെയും മറ്റുള്ളവരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് ആൻസൻ പുഞ്ചിരിയോടെ കയറി മുമ്പോട്ടുവന്നു.

ആൻസനെ കണ്ട മാത്രയിൽ കടയുടമയ്ക്ക് എന്തെന്നില്ലാത്ത സന്തോഷം. ഓടിവന്നു സ്വീകരിച്ചു. പരസ്പരം ഹസ്തദാനം നടത്തി. ആൻസനെ അദ്ഭുതപ്പെടുത്തിക്കൊണ്ടു കടയുടമ പെട്ടെന്ന് ഒരു തീരുമാനമെടുത്തു. അവിടെ കൂടിയിരിക്കുന്ന നാട്ടുകാരോടായി പ്രസ്താവിച്ചു:

"പ്രിയ നാട്ടുകാരേ, സുഹൃത്തുക്കളേ! ദീർഘകാലമായി ഇവിടെ കച്ചവടം നടത്തുന്ന പ്രിയ സുഹൃത്ത് മിസ്റ്റർ ആൻസൻ സന്മനസ്സോടെ ഇവിടെ എത്തിയതിന് പ്രത്യേക സന്തോഷവും നന്ദിയും അറിയിക്കുന്നു. ഒപ്പം, ഒന്നുകൂടി ഞാൻ അറിയിക്കട്ടെ. എന്റെ ഈ പുതിയ കടയുടെ ഉദ്ഘാടനം മിസ്റ്റർ ആൻസൻ നിർവഹിക്കും."

ആൻസൻ അന്തംവിട്ടുപോയി. സന്തോഷസൂചകമായി എല്ലാവരും കൈയടിച്ചു. നാട മുറിച്ച് ഉദ്ഘാടനം ചെയ്തതോടൊപ്പം ആൻസൻ മുകളിലേക്കു കൈകകളുയർത്തി ഉയർന്ന സ്വരത്തിൽ പ്രാർഥിച്ചു: "സർവശക്തനായ ദൈവമേ! ഈ പുതിയ സ്ഥാപനത്തെ സമൃദ്ധമായി അനുഗ്രഹിക്കണമേ. ഇവിടത്തെ നാട്ടുകാർക്ക് നല്ല സേവനം കാഴ്ചവയ്ക്കാൻ ഇതിനിടവരട്ടെ. അങ്ങനെ ഈ പുതിയ കടയ്ക്കും നിലവിലുള്ള എന്റെ കടയ്ക്കും നല്ല ബിസിനസുണ്ടാവാൻ അവിടുന്നു കനിയണമേ!"


ആത്മാർഥമായ ഈ പ്രാർഥന കേട്ട് ആനന്ദഭരിതരായ ജനങ്ങൾ ഹർഷാരവം മുഴക്കി ആൻസനെ അഭിനന്ദിക്കുകയും ആശ്ലേഷിക്കുകയും ചെയ്തു.

പിന്നീട് ആ രണ്ടു കച്ചവടക്കാരും കൂടുതൽ സൗഹൃദത്തിലായി. അന്യോന്യം മത്സരമുണ്ടായിട്ടില്ല. വിലകളിൽ ആരും വെട്ടിക്കുറവു വരുത്തിയില്ല. ക്രമേണ രണ്ടുപേർക്കും മാന്യമായ ബിസിനസുണ്ടായി. ആ ഗ്രാമം വളരുകയായിരുന്നു. ■




## ആലക്കോടിന്റെ ചരിത്രം

ഗ്രന്ഥകർത്താ: പ്ലാത്തോട്ടം മാത്യു
പ്രസാധനവും വിതരണവും : ഡിലൈറ്റ് ബുക്സ്, ആലക്കോട്
വില : ₹ 200




കണ്ണൂർജില്ലയുടെ കുറേ പ്രദേശങ്ങളുടെ കുടിയേറ്റ ചരിത്രവും പുരാതനചരിത്രത്തിലേക്കുള്ള തിരനോട്ടവുമാണീ ഗ്രന്ഥം. മലബാർ കുടിയേറ്റത്തിന്റെ വിശാലമായ ക്യാൻവാസ് ഇതിൽ തെളിഞ്ഞുവരുന്നു. ഈ പുസ്തകം വായിച്ചുകഴിയുമ്പോൾ കഴിഞ്ഞ തലമുറകളോടുള്ള സ്നേഹവും ആദരവും നാമറിയാതെ വർധിക്കും. അവരുടെ പാദങ്ങളിൽ മനസുകൊണ്ടു നമസ്കരിക്കും.

## അഭിമാനിയായ കർഷകൻ

ഗ്രന്ഥകർത്താ : ജെയിംസ് വടക്കൻ
പ്രസാധനം : സെന്റർ ഓഫ് കേരളാ സ്റ്റഡീസ്, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 100



ന്യായവിലയിൽ സർക്കാർ സംഭരണം ഉറപ്പാക്കി കർഷകവരുമാനം വർദ്ധിപ്പിക്കാനുള്ള പ്രായോഗികചിന്തകൾ. കാർഷികമേഖലയുടെ സ്ഥിതിവിവരക്കണക്കുകൾ.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



സത്യസന്ധമായ വാക്ക് എന്നേക്കും നിലനിൽക്കുന്നു; വ്യാജമായ വാക്ക് ക്ഷണികമാണ്.

സുഭാഷിതങ്ങൾ 12:19

**എഡിറ്റോറിയൽ**

# ഗുണ്ടാവിളയാട്ടത്തിന് അറുതിയാവുമോ?

ഗ്രാമനഗരഭേദമില്ലാതെ ഗുണ്ടാവിളയാട്ടങ്ങൾകൊണ്ടു പൊറുതിമുട്ടിയിരിക്കുകയാണു കേരളജനത. ഗുണ്ടകളെ ചങ്ങലയ്ക്കിടാൻ കേരളപ്പൊലീസിനാകുമോ എന്ന ജനത്തിന്റെ ചോദ്യം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കേട്ടുപഴകിയ ഈ കലിപ്പുചോദ്യത്തിലേക്ക് സർക്കാരിന്റെ സത്വരശ്രദ്ധയുണ്ടാകുന്നത് ആശ്വാസകരമായ വാർത്തയാണ്. ഗുണ്ടകളെ പിടികൂടാൻ സംസ്ഥാനപൊലീസ് മേധാവിയുടെ നിർദേശപ്രകാരം പൊലീസ്സേന കേരളത്തിലുടനീളം വ്യാപകപരിശോധനയ്ക്കു തുടക്കമിട്ടിരിക്കുന്നതു ശുഭോദർക്കംതന്നെ. അതേസമയം, സർക്കാരുകളുടെ പല പദ്ധതികളുംപോലെ, ആരംഭശൂരത്വത്തിന്റെ കൊട്ടിയാഘോഷങ്ങളിൽ കുടുങ്ങിയൊടുങ്ങുമോ ഈ നടപടിയും എന്നതുമാത്രമാണ് പൊതുജനമധ്യത്തിൽ തെല്ലൊരാശങ്കയായി അവശേഷിക്കുന്നത്. ഏതായാലും, കേരളത്തിന്റെ ക്രമസമാധാനം തകർത്ത് അഴിഞ്ഞാടുന്ന ഗുണ്ടകളെയും സമൂഹവിരുദ്ധരെയും തളയ്ക്കാൻ സർക്കാരാരംഭിച്ച തീവ്രനടപടി സമാധാനകാംക്ഷികൾക്കു സമാശ്വാസം പകരുന്നതാണ്.

ഓപ്പറേഷൻ ആഗ് (ആക്സിലറേറ്റഡ് ആക്ഷൻ എഗെൻസ്റ്റ് ആന്റിസോഷ്യൽസ് ആൻഡ് ഗുണ്ടാസ്) എന്ന പേരിൽ ഫെബ്രുവരി നാലിന് ആരംഭിച്ച പൊലീസ് നടപടിയിൽ ആദ്യദിനംതന്നെ 2507 പേർ പിടിയിലായതായാണു റിപ്പോർട്ട്. ശനിയാഴ്ച ഒറ്റരാത്രികൊണ്ട് 3507 കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡിലാണ് ഇത്രയുംപേർ കുടുങ്ങിയത്. 1637 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാപ്പ കരുതൽ തടങ്കൽ ചുമത്തപ്പെട്ടവരും പിടികിട്ടാപ്പുള്ളികളും വാറന്റു കേസ് പ്രതികളുമുൾപ്പെടെയുള്ളവർ റെയ്ഡിൽ കുടുങ്ങിയിട്ടുണ്ട്. തലസ്ഥാനഗരിയിൽനിന്നു തന്നെയാണ് ഏറ്റവുമധികംപേർ പിടിയിലായത് എന്നതും ഞെട്ടലുളവാക്കുന്നതാണ്.

തലസ്ഥാനത്ത് ക്വട്ടേഷൻ ആക്രമണങ്ങളും ഗുണ്ടാമാഫിയാവിളയാട്ടങ്ങളും കൊടുമ്പിരിക്കൊണ്ട പശ്ചാത്തലത്തിലാണ് ഓപ്പറേഷൻ ആഗിന് ആഭ്യന്തരവകുപ്പ് തുടക്കമിട്ടത്. ആഗിന് ഹിന്ദിയിൽ തീ എന്നാണർഥം. കേരളാ പൊലീസിന്റെ പുതിയ നടപടികളുടെ അഗ്നിപ്രഭാവത്താൽ സമൂഹത്തിലെ തിന്മകളെ ഉച്ചാടനം ചെയ്യാനുള്ള ഉൾക്കരുത്ത് സേനയിലെ എല്ലാ അംഗങ്ങൾക്കും സംലഭ്യമാകട്ടെ എന്നതാണ് നമ്മുടെ പ്രാർഥനയും പ്രത്യാശയും.

നാട്ടിൻപുറങ്ങളിലെ ഗുണ്ടാവിളയാട്ടത്തിനു കുട പിടിക്കുന്നത് ഗുണ്ടാത്തലവന്മാരും കാക്കിയിട്ട ക്രിമിനലുകളും തമ്മിലുള്ള അവിശുദ്ധബന്ധമാണെന്നത് പകൽപോലെ വ്യക്തമാണ്. രാഷ്ട്രീയയജമാനന്മാർക്കു ദാസ്യവേല ചെയ്യാൻ വിധിക്കപ്പെടുന്ന കാക്കിക്കള്ളന്മാരുടെ കേരളത്തിൽ ഓപ്പറേഷൻ ആഗിന്റെ ഭാവി തുലാസിലാടിയാലും അതിൽ അദ്ഭുതപ്പെടാനൊന്നുമില്ല.

കേരളത്തിൽ ഭീതിദമായി വളരുന്ന കള്ളക്കടത്ത്-മയക്കുമരുന്നുകേസുകളുടെയും മറ്റും പിന്നാമ്പുറക്കഥകൾക്കു കേൾക്കാനും പറയാനും കൊള്ളാത്ത ചരിത്രസ്പർശമുണ്ടെന്നുകൂടി ഓർമിക്കേണ്ടതാണ്. കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്കു വീര്യംപകരുന്ന രാസലഹരികൾ വിപണിയിൽ സുലഭമാണിന്ന്. ഗുണ്ടാപ്രവർത്തനത്തിന് ആളെക്കൂട്ടാനും പുതുതലമുറയെ വരുതിയിലാക്കാനും ലഹരിമാഫിയായ്ക്കു കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് നിഷേധിക്കാനാവില്ല. ഭരണ-പ്രതിപക്ഷഭേദമില്ലാതെ വളരുന്ന രാഷ്ട്രീയഗുണ്ടായിസവും അമർച്ച ചെയ്യപ്പെടേണ്ടതു തന്നെയാണ്. നിയമസഭയിൽപ്പോലും കാണുന്ന കയ്യാങ്കളികളെ വെള്ളപൂശി വെളുപ്പിക്കാനുള്ള ചിലരുടെ അതിരുകവിഞ്ഞ ആവേശം കണ്ടില്ലെന്നു നടിക്കാൻ ധർമബോധമുള്ള കേരളജനതയ്ക്കാവുമോ? രാഷ്ട്രീയക്കാരും ഗുണ്ടകളും തമ്മിലുള്ള അവിശുദ്ധചങ്ങാത്തങ്ങളെ അമർച്ച ചെയ്യാൻ ചങ്കുറപ്പുള്ള ഭരണാധികാരികൾ ഇനിയെന്ന് കേരളരാഷ്ട്രീയത്തിന്റെ ഭാവിഭൂപടത്തിൽ ഇടം നേടും?

ഗുണ്ടാത്തലവന്മാർ നാട്ടുരാജാക്കന്മാരായി സ്വൈരവിഹാരം നടത്തുന്നത് നേരും നെറിയുമുള്ള മനുഷ്യർ ഒരുമയോടെ വസിക്കുന്ന ഒരു സാംസ്കാരിക നാടിനു ഭൂഷണമല്ല. നാടിനു ഭീഷണിയായി വളരുന്ന വിഷവൃക്ഷങ്ങൾ വേരോടെ പിഴുതെറിയാൻ ആർജവമുള്ള സർക്കാരാണ് ജനാധിപത്യകേരളത്തിനാവശ്യം. ■

# ചിന്തയിലെ ബഹുസ്വരതയ്ക്കു സ്വീകാര്യതയേറുന്നു

## മാർ ജോർജ് ആലഞ്ചേരി



വാടവാതൂർ: ചിന്തയിലെ ബഹുസ്വരതയ്ക്ക് പ്രാധാന്യം ഏറിവരുന്ന ഇന്നത്തെ സമൂഹത്തിൽ തത്ത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ യഥാർഥ ക്രിസ്തുസന്ദേശം നൽകുന്നതിൽ ശ്രദ്ധേയമായ സ്വാധീനമാണു ചെലുത്തേണ്ടതെന്ന് മാർ ജോർജ് ആലഞ്ചേരി. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ പൗരസ്ത്യ വിദ്യാപീഠത്തിൽ പുതുതായി നിലവിൽവന്ന സ്വതന്ത്രതത്ത്വശാസ്ത്ര വിഭാഗത്തിന്റെ ഔദ്യോഗികോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പൗരോഹിത്യ സന്ന്യസ്തപരിശീലനത്തിൽ തത്ത്വശാസ്ത്രാടിത്തറ പകർന്നുനൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം ഓർമിപ്പിച്ചു. കത്തോലിക്കാ തത്ത്വശാസ്ത്രപഠനങ്ങൾക്കുവേണ്ടിയുള്ള ഇന്ത്യയിലെതന്നെ ആദ്യത്തെ സ്വയാധികാരഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിയ തോടുകൂടി ഉന്നതപഠനത്തിനുള്ള ഭാവിസാധ്യതകളുടെ വാതായനങ്ങൾ തുറന്നിരിക്കുകയാണ്. വളർച്ചയുടെ അടുത്ത ഘട്ടത്തിൽ കൂടുതൽ ഫാക്കൾട്ടികളുള്ള ഒരു യൂണിവേഴ്സിറ്റിയായി വരട്ടേയെന്ന് അദ്ദേഹം ആശംസിച്ചു.

ഫാ. ഡോ. ജോൺസൺ നീലനിരപ്പേൽ പുതിയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യഡയറക്ടറായി സ്ഥാനമേറ്റു.

1962-ൽ റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടുമായി അഫിലിയേറ്റ് ചെയ്ത് അക്കാദമികപ്രവർത്തങ്ങൾ ആരംഭിച്ച വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ദൈവശാസ്ത്രവിഭാഗത്തോടൊപ്പംതന്നെ തത്ത്വശാസ്ത്രവിഭാഗവും ആരംഭിച്ചിരുന്നെങ്കിലും ദൈവശാസ്ത്ര വിഭാഗത്തിന്റെ കീഴിലായിരുന്നു തത്ത്വശാസ്ത്രവിഭാഗം പ്രവർത്തിച്ചിരുന്നത്. 1982 ജൂലൈ മൂന്നിനു റോമിലെ കത്തോലിക്കാവിദ്യാഭ്യാസ കാര്യാലയം വടവാതൂർ സെമിനാരിയിലെ പഠനവിഭാഗത്തെ പൗരസ്ത്യ വിദ്യാപീഠം എന്ന സ്വതന്ത്രസ്ഥാപനമായി മാറ്റുകയും, ദൈവശാസ്ത്ര പഠനവിഭാഗത്തെ സ്വയാധികാര സംവിധാനമായി ഉയർത്തുകയും ചെയ്തു. ഇതിൻപ്രകാരം ബിരുദം (B. Th.), ബിരുദാനന്തരബിരുദം (M.Th.), ഡോക്ടറേറ്റ് (D. Th.) എന്നിവ നൽകാൻ അധികാരമുള്ള സ്ഥാപനമായി വിദ്യാപീഠം മാറി. കഴിഞ്ഞ മൂന്നു വർഷങ്ങളായി റോമിലെ കത്തോലിക്കാ പഠനകേന്ദ്രങ്ങൾക്കുവേണ്ടിയുള്ള ഡിപ്പാർട്ട്മെന്റ് നൽകിയ നിർദ്ദേശങ്ങളുടെയും വിലയിരുത്തലുകളുടെയും ഫലമായാണ് 2022 ഡിസംബർ 12-ന് ഈ പുതിയ സംവിധാനം അനുവദിക്കപ്പെട്ടത്. കത്തോലിക്കാതത്ത്വശാസ്ത്ര പഠനങ്ങൾക്കുവേണ്ടിയുള്ള ഇന്ത്യയിലെതന്നെ ആദ്യത്തെ സ്വയാധികാര ഇൻസ്റ്റിറ്റ്യൂട്ടാണു പൗരസ്ത്യ വിദ്യാപീഠത്തിന്റെ തത്ത്വശാസ്ത്രവിഭാഗം.

ഈ ഒരു അംഗീകാരം കഠിനാധ്വാനത്തിന്റെയും അർപ്പണബോധത്തിന്റെയും ഫലമാണെന്നും അറിവും വൈദഗ്ധ്യവും നിറഞ്ഞ ഭാവിപുരോഹിതരെയും നേതാക്കളെയും രൂപപ്പെടുത്തുന്നതിൽ ഈ സ്ഥാപനത്തിന് നിർണായക പങ്കുവഹിക്കാൻ സാധിക്കുമെന്നും അധ്യക്ഷപ്രസംഗത്തിൽ മാർ മാത്യു മൂലക്കാട്ട് പറഞ്ഞു. ഫാ. ഡോ. വിൻസന്റ് ചെറുവത്തൂർ റോമിലെ കത്തോലിക്കാവിദ്യാഭ്യാസകാര്യാലയം പുറത്തിറക്കിയ തത്ത്വശാസ്ത്ര പഠനവിഭാഗത്തെ സ്വയാധികാര സംവിധാനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് വായിക്കുകയും ചെയ്തു. അതോടൊപ്പം, പൗരസ്ത്യ വിദ്യാപീഠത്തിന്റെ സ്റ്റാറ്റ്യൂറ്റ്സ് പ്രകാശനകർമ്മം മാർ ജോർജ് ആലഞ്ചേരി നിർവഹിച്ചു. ചങ്ങനാശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, പൗരസ്ത്യവിദ്യാപീഠം പ്രസിഡന്റ് ഫാ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, സെമിനാരി റെക്ടർ ഫാ. ഡോ. സ്കറിയ കന്യാകോണിൽ, ഫാ. ഡോ. സിറിയക് വലിയകുന്നുംപുറത്ത്, ഫാ. ഡോ. ജോൺസൺ നീലനിരപ്പേൽ എന്നിവർ പ്രസംഗിച്ചു.

# ജീവിതത്തിന്റെ കടലാഴങ്ങൾ



മാത്യു എം. കുര്യാക്കോസ്

**സോ**മൻ കടലൂരിന്റെ പുള്ളിയൻ എന്ന നോവൽ ഒരർഥത്തിൽ ഒരു ജന്മസാഫല്യത്തിന്റെ അർഥപൂർണമായ ആഖ്യാനമാണ്. നോവലിലെ നായകൻ ചിരുകണ്ടന്റെ വലിയ ആഗ്രഹമായിരുന്നു പുള്ളിയൻ എന്ന പടുകൂറ്റൻ തിരണ്ടിയെ കീഴടക്കുകയെന്നത്.

അവസാനം ആ കീഴടക്കൽ നടന്നതിനുശേഷം നോവലിസ്റ്റ് കുറിച്ചിട്ട വാക്കുകൾ വ്യക്തിപരതയ്ക്കപ്പുറം ഒരു സമൂഹത്തിന്റെതന്നെ വിജയപതാകയായി അതു മാറണം എന്നുള്ള മനോധർമത്തിന്റെ സൂചകമാണ്. വാക്കുകൾ ഇതാണ്: 'കറുത്ത മനുഷ്യന്റെ വീര്യം വിളിച്ചോതുന്ന വെളുത്ത പതാകപോലെ തിരണ്ടി ഒറ്റക്കല്ലിൽ പാറിക്കിടന്നു. ആത്മവീര്യത്തിന്റെയും ആത്മബോധത്തിന്റെയും തിരത്തള്ളൽ. ഓരോ നിമിഷവും ആഴക്കടലിനെ സാക്ഷി നിറുത്തി മുന്നേറുന്ന നോവൽ മലയാളഭാവനയെ പ്രക്ഷുബ്ധമാക്കുന്നു.


പുതിയൊരു പിറവിക്കായി ചിരുകണ്ടനും തോണിയും കടലിന്റെ ഗർഭപാത്രം തേടിയലഞ്ഞു - എന്നു പറഞ്ഞ് നോവൽ അവസാനിപ്പിക്കുന്നിടത്ത് പുതിയൊരു ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രാർഥനയുണ്ട്, പ്രതീക്ഷയുണ്ട്. അവിടെ ഒറ്റക്കല്ലും പുള്ളിയനും കാഴ്ചയിൽനിന്നു മറയുകയാണ്.

നോവലിസ്റ്റ് തന്റെ അടുത്ത സൃഷ്ടിക്കുള്ള പശ്ചാത്തലംപോലെ അവസാനവാക്യം കുറിക്കുന്നു: അനന്തമായ ആകാശവും അഗാധമായ കടലും കാലം തരിച്ചു നിൽക്കുന്ന ആ നിമിഷത്തിൽ അതിരുകൾ മായ്ച്ച് പരസ്പരം പുണർന്നു - ഇനിയും എഴുതാൻ അനുഭവങ്ങളുടെ കടൽ മുമ്പിലുണ്ടെന്ന് പറയാതെ പറയുന്നു. പുള്ളിയൻ അവസാനിക്കുന്നില്ല. ജീവിതത്തിന്റെ മറ്റൊരു ഏട്ടിലേക്ക്, കർമത്തിലേക്ക് അനുവാചകരെ നയിക്കുകയാണ്.

ഒരൊറ്റക്കല്ലിലിരുന്നുകൊണ്ട് വ്യാഖ്യാനിക്കാവുന്ന നോവൽ അല്ല പുള്ളിയൻ. കഥാകാരൻ സൂചിപ്പിക്കും പോലെ, പല കല്ലുകളിലിരുന്ന് ഉരച്ചുനോക്കേണ്ടതായിട്ടുണ്ട്. അതിൽ ദാരിദ്ര്യമുണ്ട്, കലഹമുണ്ട്, വിട്ടുകൊടുക്കലും പിടിച്ചടക്കലുമുണ്ട്, പ്രണയമുണ്ട്, ഭ്രമങ്ങളുണ്ട്, സ്ത്രീയനുഭവങ്ങളുണ്ട്, കഥയുണ്ട്, മിത്തുകളുണ്ട്, ജീവിതമുണ്ട്, കാലാവസ്ഥയുണ്ട്, പ്രകൃതിയുണ്ട്, ജീവജാലങ്ങളുണ്ട്, പ്രതിരോധവും അതിജീവനവും ഉണ്ട്. കടലിലേക്കു പല വഴികളുണ്ട് എന്നതുപോലെ പുള്ളിയനിലേക്കു പല വാതിലുകളുണ്ട്. എങ്ങനെ പ്രവേശിച്ചാലും അനേകം വിസ്മയങ്ങളുമായി അനുവാചകരെ കാത്തുകിടക്കുന്ന അദ്ഭുതദ്വീപാണ് ഈ കൃതി.

പുള്ളിയൻ എന്ന നോവൽ പകർന്നുതരുന്ന ഒരു തെളിച്ചം; ചിരുകണ്ടന്റെ ജീവിതം എന്നും മൂല്യങ്ങളുടെ ഓളങ്ങളിൽ സഞ്ചരിക്കുന്നുവെന്നതാണ്. അത് ലോകത്തിനു പകർന്നുനല്കുന്ന ഒരു പ്രകാശമുണ്ട്. ഈ വെളിച്ചത്തിന്റെ പ്രത്യാശയിൽ നോവൽ മുന്നോട്ടു കുതിക്കുമ്പോഴും തന്റെ തോണി തീയിട്ടവന്റെ നേർക്കുള്ള പ്രതികരണവും പ്രതിഷേധവും വളരെ അർഥവത്താണ്. തന്റെ തോണി നഷ്ടപ്പെടുത്തിയതിലല്ല, കടലിന്റെ നിയമം ലംഘിക്കപ്പെടുന്നിടത്ത് ഒരേയൊരു സമയംമാത്രം നായകൻ അക്രമാസക്തനാകുന്നുണ്ട്. ചിരുകണ്ടൻ - ദിനകരൻ പോരാട്ടം വിപ്ലവാത്മകമായ വീര്യം പകർന്നു നൽകുന്ന അനുഭവമാണ്.

കടലമ്മയ്ക്ക് ഒരു നെറിയുണ്ട്; കടലുങ്കരയ്ക്ക് ഒരു മൊറയുണ്ട്; കത്തിയതു തോണിയല്ല; കടലിന്റെ നീതിയാണ് എന്ന ഡയലോഗ് അഭ്രപാളിയിൽ നായകൻ പറഞ്ഞാൽ ജനം മുഴുവനും എഴുന്നേറ്റുനിന്നു കൈയടിക്കുന്ന ഒരു പ്രതീതി ഈ നോവൽഭാഗം വായിക്കുമ്പോഴുണ്ടാകുന്നു. കോരിത്തരിപ്പാർന്ന വൈകാരികവിക്ഷുബ്ധതകൾ നിറഞ്ഞാടുന്ന അനേകം മുഹൂർത്തങ്ങൾകൊണ്ട് നിർമിച്ചതാണ് ഈ കൃതി.





ഡോ. സോമൻ കടലൂർ

നെഞ്ചിൽ വിഗ്രഹംപോലെ കൊണ്ടുനടക്കുന്ന ദേവക്കനി നഷ്ടപ്പെടുമ്പോൾപോലും ഒരു വാക്ക് മിണ്ടാതെ നിൽക്കുന്നിടത്താണ് ചിരുകണ്ടന്റെ പ്രതികരണം ധാർമികതയുടെ പടപ്പുറപ്പാടായി മാറുന്നത്. കത്തിച്ച തോണിയുടെ പൈസ ഭരതൻ വച്ചുനീട്ടുമ്പോൾ ആർജവത്തോടെ നിരാകരിക്കുന്നിടത്ത് അതു പൂർണമാവുകയാണ്.

'കടൽസിംഹത്തിന്റെ പ്രാണസഞ്ചാരത്തെ തളർത്താൻ കരയിലെ കരുത്തന്മാരുടെ വാക്കുകളും പ്രവൃത്തികളും ചിരുകണ്ടനു പേശീബലം നൽകി' എന്ന് എഴുതുന്നിടത്ത് ജീവിതപ്രതിസന്ധികളെ നേരിടാൻ - അന്നും ഇന്നും പ്രചോദനാത്മകമായ വാക്കുകൾക്കും മനുഷ്യർക്കും കഴിയും എന്ന സത്യവും ഈ നോവൽ സമർഥിക്കുന്നു.

പുള്ളിയനിൽ പ്രണയം പ്രധാന പ്രമേയമല്ലെങ്കിലും ചുരുങ്ങിയ വാക്കുകളിൽ അവിടവിടെയായി മണ്ണിനോടും മരത്തോടും മത്സ്യത്തോടും കടലിനോടും കരയോടും ആകാശത്തോടും മാത്രമല്ല മനുഷ്യനോടുമുള്ള അഗാധമായ പ്രണയം ഇതൾവിടരുന്നുണ്ട്.

ഗർഭിണിയായ മീനിനെയും കാലുകൾ നഷ്ടപ്പെട്ട ആമയെയും കടലിലേക്കു തിരിച്ചുവിടുന്നിടത്തും, പൊട്ടനെ അടിച്ചതിൽ കടൽ കലഹിക്കുന്നിടത്തുമൊക്കെ മനുഷ്യനും പ്രകൃതിയും ജീവജാലങ്ങൾ തമ്മിലും പങ്കിടുന്ന കാരുണ്യത്തിന്റെ വലിയ തിരകൾ മനസ്സിൽ വേലിയേറ്റങ്ങൾ സൃഷ്ടിക്കും. ദേവക്കനിയോടുള്ള നിശ്ശബ്ദമായ പ്രണയവും പിന്നീട് അനുഭവിക്കുന്ന വിരഹവും ഹൃദയത്തിൽ നീറ്റൽ പടർത്തുന്നതാണ്.

അച്ഛൻ ദൈരുവിന്റെയും ഏറെ സ്നേഹിച്ച ഉപ്പാട്ടി മുത്താച്ചിയുടെയും മരണം വായിക്കുന്നവരുടെ കണ്ണുകളെ മാത്രമല്ല കരളിനെയും ഈറനണിയിക്കുന്നു.

ജൈവവൈവിധ്യത്താൽ സമ്പുഷ്ടമാണ് ഈ നോവലെന്നത് മറ്റു നോവലകളിൽനിന്ന് ഇതിനെ വിഭിന്നമാക്കുന്ന ഒരു പ്രത്യേകതയാണ്. ചെടികൾ, മത്സ്യങ്ങൾ, ജീവികൾ മാത്രമല്ല, വിവിധ തരത്തിലുള്ള വെള്ളവും തിരകളും കല്ലുകളും മഴയും - എന്തിന് കടൽക്കാറ്റുകൾവരെ വൈവിധ്യമാർന്ന് നമ്മുടെ മുമ്പിൽ വിസ്മയത്തോടെ എത്തുന്നുണ്ട്. ആകാശവും കടലും മാത്രമല്ല തുടക്കം മുതൽ ഒടുക്കംവരെ പശ്ചാത്തലമായി നിലകൊള്ളുന്ന ഒരു മരവും ഈ നോവലിനു ചാരുതയേകുന്നു. 'കാലമെത്തുമ്പോൾ പൂക്കുകയും നേരമെത്തുമ്പോൾ കായ്ക്കുകയും ചെയ്തുകൊണ്ട് ജരാനരകളെ മൂടിവയ്ക്കുന്ന പുന്നമരം' ഈ നോവലിനെയും നമ്മുടെ ജീവിതത്തെയും ഹരിതാഭമാക്കുന്നുണ്ട്.

ഐങ്കര മുത്തപ്പനിലൂടെയും ഉപ്പാട്ടി മുത്താച്ചിയിലൂടെയും വായനക്കാരിലേക്കെത്തുന്ന കഥകളും ഉപകഥകളും മിത്തുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും നാടൻശീലുകളും പഴഞ്ചൊല്ലുകളും നാട്ടുചരിതങ്ങളും കൊണ്ട് ഈ നോവൽ സമൃദ്ധമാകുന്നു. ഒരു സമൂഹത്തിന്റെയും പ്രദേശത്തിന്റെയും നാട്ടുഭാഷയെ അഥവാ സംസാരഭാഷയെ അടയാളപ്പെടുത്തുന്നതിലൂടെ വാമൊഴിയുടെ ഭംഗി വെളിപ്പെടുക മാത്രമല്ല, കടലോരജീവിതത്തിന്റെ ജൈവാനുഭവങ്ങളെ സാക്ഷ്യപ്പെടുത്തുകകൂടിയാണ്.

അകാലത്തിൽ നഷ്ടപ്പെട്ട അമ്മയെ ഒരു നക്ഷത്രമായും അച്ഛനെ ഒരു പ്രവാഹമായും നോവലിസ്റ്റ് അവതരിപ്പിക്കുമ്പോൾ, അപ്പനമ്മമാർ ആകാശത്തോളവും കടലോളവും മക്കളുടെ മുമ്പിൽ വളരുന്നുവെന്ന ഉജ്വലസത്യമാണ്, ആഘോഷിക്കപ്പെടുന്നത്.

സ്നേഹം വറ്റിപ്പോയ ഒരു രാത്രിയിൽ, 'രാവും പകലും കടലിൽ അലയുന്നവന് കരയില്ലേ' എന്ന ചിരുകണ്ടന്റെ അകം പിളർക്കുന്ന ആർത്തനാദം ആകാശത്തോടും കരയോടുമുള്ള ചോദ്യം മാത്രമല്ല, മനുഷ്യൻ അവന്റെ നിസ്സഹായതയിൽ ഈ പ്രപഞ്ചത്തിലെ പരാശക്തിക്കു മുന്നിൽ ഉയർത്തുന്ന പ്രാർഥനകൂടിയാണ്.

ഈ നോവലിലെ ഓരോ വാക്കിലും വാക്യത്തിലും കവിതപോലെ വ്യാഖ്യാനിക്കാവുന്ന ജീവിതത്തിന്റെ നാനാർഥങ്ങൾ ഉറഞ്ഞുകൂടിയിരിക്കുന്നു.

■

# വിശുദ്ധ ബൈബിൾ അവഹേളിക്കപ്പെടാനിടയായ സംഭവം ദൗർഭാഗ്യകരം; കുറ്റവാളികൾ മാതൃകാപരമായി ശിക്ഷിക്കപ്പെടണം: കെസിബിസി ജാഗ്രതാ കമ്മീഷൻ

കാസർഗോഡ് സ്വദേശിയായ ഒരു വ്യക്തി ക്രൈസ്തവരുടെ വിശുദ്ധഗ്രന്ഥമായ ബൈബിളിനെ അവഹേളിക്കുകയും, എണ്ണയൊഴിച്ച് കത്തിക്കുന്ന വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുകയും ചെയ്ത സംഭവം അതീവ ദൗർഭാഗ്യകരവും വേദനാജനകവുമാണ്. കേരളത്തിൽ വർധിച്ചുകൊണ്ടിരിക്കുന്ന തീവ്രവാദചിന്താഗതികളുടെയും അസഹിഷ്ണുതയുടെയും ദൃഷ്ടാന്തംകൂടിയാണ് ഇത്തരം സംഭവങ്ങൾ. ഇതുപോലുള്ള പ്രവണതകളെ പ്രോത്സാഹിപ്പിക്കുന്ന തീവ്രവർഗീയസംഘടനകളും വ്യക്തികളും കേരളത്തെ കലാപഭൂമിയാക്കി മാറ്റാൻ കൂട്ടുനിൽക്കുകയാണ്. ലോകം മുഴുവനുമുള്ള ക്രൈസ്തവസമൂഹത്തിന് വേദനയും ഭാരതത്തിന്റെ മതേതര പൈതൃകത്തിനു കളങ്കവുമായി മാറിയ പ്രസ്തുത സംഭവത്തെ അപലപിക്കാൻ സാമൂഹിക രാഷ്ട്രീയ നേതൃത്വങ്ങളും മറ്റു സമുദായങ്ങളും ഇനിയും മുന്നോട്ടുവരാത്തത് ഖേദകരമാണ്. മതമൈത്രിയും സാമൂഹികസൗഹാർദവും തകർക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ സാമൂഹിക - സാമുദായിക നേതൃത്വങ്ങൾ ഒറ്റക്കെട്ടായി നിലകൊള്ളേണ്ടതുണ്ട്. തീവ്രവാദ ചിന്തകൾ വിതച്ച് ഈ സമൂഹത്തെ വിഷലിപ്തമാക്കുന്ന ശക്തികളെയും വ്യക്തികളെയും തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്താനും അകറ്റിനിർത്താനും സമുദായ നേതൃത്വങ്ങൾ തയ്യാറാകണം.

കേരളത്തിൽ തീവ്രവാദ പ്രവണതകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഡീറാഡിക്കലൈസേഷൻ പ്രവർത്തനങ്ങൾ നടത്തിവരുന്നതായി മുഖ്യമന്ത്രി മാസങ്ങൾക്കുമുമ്പു വെളിപ്പെടുത്തിയിരുന്നു. അത്തരമൊരു പശ്ചാത്തലത്തിലും മതമൗലികവാദവും വർഗീയചിന്തകളും ഭീകരപ്രവർത്തനങ്ങളും കേരളത്തിൽ കൂടുതൽ ആഴത്തിൽ പിടിമുറുക്കുന്ന കാഴ്ചകളെ സർക്കാർ ഗൗരവമായി പരിഗണിക്കുകയും അടിയന്തരമായ നടപടികൾ സ്വീകരിക്കുകയും വേണം. കേരളത്തെ കലാപഭൂമിയാക്കി മാറ്റാനും മതസൗഹാർദം തകർത്ത് അസ്ഥിരത സൃഷ്ടിക്കാനുമുള്ള നീക്കങ്ങളെ ഫലപ്രദമായി ചെറുക്കാൻ നിയമപാലകരും സർക്കാരും തയ്യാറാകണം. ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ വിശുദ്ധ ബൈബിൾ അഗ്നിക്കിരയാക്കി വീഡിയോ പ്രചരിപ്പിച്ച വ്യക്തിയെ മാതൃകാപരമായി ശിക്ഷിക്കുകയും, സംഭവത്തെക്കുറിച്ച് ശരിയായ അന്വേഷണം നടത്തുകയും വേണം.

# സി ജെ മാടപ്പാട്ട് സാഹിത്യ അവാർഡ്



സി.ജെ. മാടപ്പാട്ട് മെമ്മോറിയൽ ബൈബിൾ സാഹിത്യ അവാർഡിനർഹനായ പാപ്പച്ചൻ കടമക്കുടി. 'എസ്തേർ രാജ്ഞി' എന്ന നോവലിലാണ് പുരസ്കാരം. എറണാകുളം കടമക്കുടി സ്വദേശിയും റിട്ടയേർഡ് അധ്യാപകനുമാണ്.

# ഡോക്ടറേറ്റ്



ഹിന്ദിപ്രചാരണത്തെക്കുറിച്ചുള്ള പഠനത്തിന് ദക്ഷിൺ ഭാരത് ഹിന്ദി പ്രചാരസഭ ചെന്നൈ പോസ്റ്റ് ഗ്രാജ്വേറ്റ് ആൻഡ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് പിഎച്ച്ഡി നേടിയ രാജേഷ് കെ. പുതുമന. കോട്ടയം മൂലവട്ടം അമൃത ഹൈസ്കൂളിൽ അധ്യാപകനും സംസ്ഥാനതലത്തിൽ അധ്യാപകപരിശീലകനുമാണ്.




ഫെബ്രുവരി 19
നോമ്പുകാലം
ഒന്നാം ഞായർ

പുറ 34:27 – 35
ഏശ 58:1 – 10
എഫേ 4:17 – 24
മത്താ 4:1 – 11



# ദൈവത്തെ മാത്രമേ പൂജിക്കാവൂ



ഡോ. ജോസഫ് കരികുളം

**ബെ**ത്‌ലെഹെമിൽ ജനിച്ച് നസ്രത്തിൽ വളർന്ന ഈശോ, മിശിഹാതന്നെയാണെന്ന് ഉറപ്പുതരുന്ന ദനഹാക്കാലം കടന്നുപോയി. ഈശോയാണ് മിശിഹാ, രക്ഷകൻ എന്ന വിശ്വാസത്തിന്റെ ഉറപ്പിന്മേൽ മനുഷ്യരക്ഷയുടെ പ്രധാനപ്പെട്ട മുഹൂർത്തത്തിലേക്കു നാം കടക്കുകയാണ്. മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ കേന്ദ്രഭാഗമാണ് നോമ്പുകാലം. ഈശോയുടെ പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും ധ്യാനിച്ചുകൊണ്ട് നമ്മുടെ ജീവിതത്തെയും ശുദ്ധീകരണത്തിന്റെ വഴികളിലൂടെ നയിക്കുന്നു. ദൈവം മനുഷ്യനുവേണ്ടി പാപപരിഹാരം ചെയ്ത് അവനെ തന്റെ മഹത്ത്വത്തിലേക്കു തിരികെക്കൊണ്ടുവരുന്ന അനുഭവമാണ് നോമ്പുകാലം സൃഷ്ടിക്കുന്നത്.

നോമ്പുകാലത്തിന്റെ ആദ്യഞായറാഴ്ച ഈശോയുടെ മരുഭൂമിയിലെ പരീക്ഷണമാണ് നാം ധ്യാനിക്കുന്നത്. ദൈവത്തിന്റെ പ്രകാശത്തിൽ ആയിരിക്കാനും ആ പ്രകാശത്തെ ഉപയോഗിച്ച് പിശാചിന്റെ അന്ധകാരത്തെ ഇല്ലാതാക്കാനും ഈശോയുടെ ഉദാഹരണം ചൂണ്ടിക്കാണിച്ച് സഭാമാതാവ് നമ്മെ ക്ഷണിക്കുന്നു.

പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള ഒന്നാം വായന (പുറ. 34:27-35) കർത്താവിനോടുകൂടെ നാല്പതു രാവും നാല്പതു പകലും ചെലവഴിച്ച മോശയുടെ (34:28) ജീവിതമാണു വരച്ചു കാണിക്കുന്നത്. ദൈവസാന്നിധ്യത്തിന്റെ ഫലമായി മോശയ്ക്ക് രണ്ടനുഗ്രഹങ്ങൾ ലഭിക്കുന്നു. ഒന്ന്, പത്തു പ്രമാണങ്ങൾ അടങ്ങിയ കല്പലകകൾ (34:29a). രണ്ട്, ദൈവവുമായി സംസാരിക്കുമ്പോൾ മോശയ്ക്കു ലഭിക്കുന്ന തേജോമയമായ മുഖം (34, 29b). പത്തുപ്രമാണങ്ങൾ മനുഷ്യരെ പ്രകാശിപ്പിക്കുന്ന ദൈവത്തിന്റെ വചനത്തിന്റെ ചുരുക്കമാണ്. തേജോമയമായ മുഖമാകട്ടെ, ദൈവത്താൽ ആഗിരണം ചെയ്യപ്പെട്ട മോശയെന്ന മനുഷ്യന്റെ രൂപാന്തരീകരണ അടയാളവും.

രണ്ടായാലും മനുഷ്യർ ഭയപ്പെടും (34:30). മനുഷ്യന്റെ ജീവിതത്തെ ഒരു കണ്ണാടിയിൽ എന്നപോലെ പ്രതിഫലിപ്പിക്കുന്ന പ്രകാശമാണ് പത്തുകല്പനകൾ. ദൈവത്തിന്റെയടുത്ത് കല്പനകളുടെ പലകയിൽ പിടിച്ചു നിൽക്കുന്നവനും പ്രകാശിക്കും. അതിന്റെ ഉദാഹരണമാണ് രണ്ടാം വായനയിൽ (ഏശ. 58:1-10) നാം കാണുന്നത്. കല്പനയുടെ പ്രകാശത്തിൽ നടക്കുന്നവന്റെ ‘‘വെളിച്ചം പ്രഭാതംപോലെ പൊട്ടിവിരിയും’’ (ഏശ. 58:8). അവന്റെ പ്രവൃത്തികൾ നന്മയുടെ പ്രവൃത്തികളാണ്. ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുക, ബന്ധനത്തിന്റെ കയറുകൾ അഴിക്കുക, അടിമകളെ സ്വതന്ത്രരാക്കുക, ഇവയൊക്കെ ദൈവം ആഗ്രഹിക്കുന്ന ഉപവാസത്തിന്റെ പ്രവൃത്തികളാണെന്ന് ഏശയ്യാ പറയുന്നു (ഏശ. 58:6). വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുക, ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുക, നഗ്നനെ ഉടുപ്പിക്കുക, സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുക ഇവയൊക്കെ വെളിച്ചമുള്ളവന്റെ ലക്ഷണങ്ങളുമാണ് (ഏശ. 58:7,8). ഉപവാസത്തിന്റെ പ്രവൃത്തികളും പ്രകാശത്തിന്റെ പ്രവൃത്തികളും ഒന്നുതന്നെ. യഥാർഥത്തിൽ കർത്താവിനോടുകൂടെ ആയിരിക്കുന്നവൻ (ഉപവസിക്കുന്നവൻ) പ്രകാശത്തിലാണ്.

പ്രകാശമായ ഈശോയുടെ ഉപവാസമാണ് സുവിശേഷത്തിന്റെ കാതൽ (മത്താ. 4:1-11). നോമ്പു നോക്കുക എന്നത് ഉപവസിക്കലാണ്, പ്രകാശമായ ദൈവത്തിന്റെകൂടെ ആയിരിക്കലാണ്. “ഈശോ നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു” (4:2). എന്നുവച്ചാൽ, ഈശോ ദീർഘനാളുകൾ പിതാവിന്റെ ഒപ്പം ആയിരുന്നു. പിതാവും പുത്രനും ഒന്നാണെന്ന ധ്യാനത്തിന്റെ പ്രകടമായ ഉദാഹരണം. പ്രകാശത്തിന്റെയും നന്മയുടെയും തെളിച്ചം എവിടെയുണ്ടോ അവിടെ അവൻ വരും, പ്രലോഭകൻ! (4:3). അതിനൊരു കാരണവുമുണ്ട്. ഈശോയ്ക്കു വിശന്നത്രേ! (4:2b). എന്തിനാണ് ഈശോയ്ക്കു വിശന്നത്? മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടിയുള്ള വിശപ്പായിരിക്കണം അത്. പ്രലോഭകന്, പിശാചിന് അതിഷ്ടപ്പെടാൻ യാതൊരു സാധ്യതയുമില്ല. കാരണം, അനുസരണക്കേടിന്റെ, പാപത്തിന്റെ അടിമത്തത്തിൽ മനുഷ്യൻ തുടർന്നാലേ പിശാചിന്റെ വിശപ്പ് മാറുകയുള്ളൂ. നേരേ തിരിച്ചാണ് ദൈവത്തിന്റെ കാര്യം. മനുഷ്യൻ പ്രകാശത്തിന്റെ പാതയിലൂടെ നടക്കുമ്പോൾ, നന്മ ചെയ്യുമ്പോൾ ദൈവത്തിന്റെ വിശപ്പ് മാറും.

മനുഷ്യനായ ഈശോയുടെ മുന്നിൽ പിശാച് നൽകുന്ന മൂന്നു പ്രലോഭനങ്ങൾ; ജീവിക്കാനുള്ള ആഗ്രഹം, ദൈവമാകാനുള്ള ആഗ്രഹം, അധികാരത്തിനും സമ്പത്തിനുംവേണ്ടിയുള്ള ആഗ്രഹം എന്നിവയാണ്. മനുഷ്യന്റെ അദമ്യമായ ആഗ്രഹം നിരന്തരം ജീവിക്കണമെന്നതാണ്. നൂറുകണക്കിനു മരണവാർത്തകൾ കേൾക്കാറുണ്ടെങ്കിലും, മരണത്തിലേക്കു പ്രവേശിക്കുന്ന നിമിഷംവരെ അത് നമുക്കുംകൂടിയുള്ളതാണെന്നു നാം ചിന്തിക്കാറില്ല. അധ്വാനിച്ചു വിശപ്പകറ്റാനുള്ള ഏകകാരണം പട്ടിണികിടന്നാൽ മരിച്ചുപോകും എന്നതുകൊണ്ടുമാത്രമാണ്. ഒരു ചാൺ വയറുണ്ടായിരുന്നില്ലെങ്കിൽ മനുഷ്യനും മൃഗങ്ങൾക്കും പക്ഷിമൃഗാദികൾക്കും മറ്റെന്തു ജോലി? എന്നാൽ ഈശോ പറയുന്നു, ദൈവത്തിന്റെ വചനം നൽകുന്ന ജീവനാണ് പ്രധാനം. “ആത്മാവിനെയും ശരീരത്തെയും നരകത്തിനിരയാക്കാൻ കഴിയുന്നവനെ ഭയപ്പെടുവിൻ” (മത്താ. 10:28). അവനാണ് ഈശോയുടെ മുന്നിൽ ജീവിതമെന്ന പ്രലോഭനവുമായി നിൽക്കുന്നത്.

മനുഷ്യനു നേരിടേണ്ടിവരുന്ന രണ്ടാമത്തെ പ്രലോഭനം ദൈവമാകാനുള്ള ആഗ്രഹമാണ്. ആദിമാതാപിതാക്കൾക്ക് ഉണ്ടായ പ്രലോഭനവും അതത്രേ! ദൈവമാകുക നടപ്പില്ലാത്ത കാര്യമാണ്. എന്നാൽ, ദൈവത്തെപ്പോലെയാകാൻ ശ്രമിക്കേണ്ടതുമുണ്ട്. ഈ പ്രലോഭനത്തിൽ എല്ലാത്തിന്റെയും അധികാരിയും നിയന്താവും താൻതന്നെയാണെന്ന് മനുഷ്യൻ സ്വയം പുകഴ്ത്തുകയാണ്. അങ്ങനെ ദൈവത്തെത്തന്നെ അവൻ പരീക്ഷിക്കുന്നു. അത് എത്രമാത്രം അബദ്ധജടിലമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ, അങ്ങനെ ആഗ്രഹിക്കുന്നവരും അതിനുവേണ്ടി മനക്കോട്ട കെട്ടുന്നവരുമുണ്ട് എന്നതും വസ്തുതയാണ്.

മനുഷ്യനുണ്ടാകാവുന്ന മൂന്നാമത്തെ പ്രലോഭനം സമ്പത്തിനും അധികാരത്തിനുംവേണ്ടിയുള്ളതാണ്. നിരന്തരം ജീവിക്കണമെന്ന ആഗ്രഹത്തോടെ ഓട്ടം ആരംഭിക്കുന്ന മനുഷ്യൻ, പക്ഷേ, ഇടയിൽ വീണുപോകുന്നു. അപ്പോൾ മനുഷ്യന്റെ സമ്പത്തും അധികാരവുമൊന്നും ശാശ്വതമല്ല. ശാശ്വതമായതു ദൈവത്തിന്റെ സമ്പത്തും അധികാരവുംമാത്രം.


ഈ മൂന്നു പ്രലോഭനങ്ങളെയും ഈശോമിശിഹാ നേരിടുന്നത് പിശാചിന്റെ സ്ഥാനത്തേക്ക് ദൈവത്തിന്റെ പ്രകാശം നിറച്ചുകൊണ്ടാണ് (മത്താ. 4: 3,7,10). ദൈവത്തിന്റെ വചനമാണ് യഥാർഥ ജീവൻ നൽകുന്നത് (മത്താ. 4:4). മനുഷ്യന്റെ ശക്തിയോ ബുദ്ധിയോ അല്ല, ദൈവത്തിന്റെ കാരുണ്യമെന്ന വലിയ സമ്പത്താണ് ഈശോമിശിഹായിലൂടെ ലഭിക്കുന്നത് (മത്താ. 4:7), അതിനാൽ, ദൈവത്തെ മാത്രമേ പൂജിക്കാവൂ (മത്താ. 4:10).

പിശാചിന്റെ അന്ധകാരത്തെ ദൈവത്തിന്റെ ശക്തിയാൽ മറികടക്കുകയും പ്രലോഭകനെ ഇല്ലാതാക്കുകയും ചെയ്യുക എന്നത് ഈശോയിൽനിന്നു നാം പഠിക്കേണ്ട പാഠമാണെന്ന് പൗലോസ് അപ്പോസ്തോലൻ തന്റെ ലേഖനത്തിൽ (എഫേ. 4: 17-24) സൂചിപ്പിക്കുന്നു. ഒരു കാലത്ത് ദൈവത്തെ അറിയാതെ അന്ധകാരത്തിൽ നടന്നവർക്ക് ഇനി ഈശോ പഠിപ്പിച്ച സത്യത്തിന്റെ വഴിയുണ്ട്.

നോമ്പുകാലം അന്ധകാരത്തിന്റെ പ്രലോഭനങ്ങളെ അതിജീവിച്ച് പ്രകാശത്തിന്റെ ദൈവത്തെ ജീവിതത്തിൽ സ്വീകരിക്കാനുള്ള സമയമാണ്. സത്യത്തിന്റെ പാഠങ്ങൾ ഈശോയിൽനിന്നു പഠിച്ച് ജീവിതത്തെ നവീകരിച്ച് നമ്മുടെ രക്ഷയ്ക്കുവേണ്ടി ഒരുങ്ങാം. നോമ്പുകാലത്തിന്റെ ചൈതന്യം സ്വീകരിച്ച് മുന്നോട്ടുപോകാം. ദൈവം അനുഗ്രഹിക്കട്ടെ.

■

അനുഗ്രഹസ്മരണ



ഒരു വിശ്വാസി
തിരുവനന്തപുരം

# അമ്മമരം

ബാലകഥ


കെ. കെ. പടിഞ്ഞാറപ്പുറം

അമ്മേ!

കാത്തിരുന്ന വിളികേട്ട് അമ്മമരം കണ്ണുകൾ തുറന്നു.

ഹായ് കുട്ടി എത്തി. കളിക്കാൻ പൂക്കളും ഇലകളും കൊടുത്തു. കുട്ടി അതിലിരുന്നു കളിച്ചു. കുറേനേരം കഴിഞ്ഞു. പക്ഷികൾ അമ്മമരച്ചില്ലയിരുന്നു പാട്ടുപാടി. പഴങ്ങൾ കൊത്തിത്തിന്നു. പച്ചക്കായ്കൾക്കും കൊത്തേറ്റു.

ഒരുപദ്രവോം ചെയ്യാത്ത എനിക്കുപകാരം ചെയ്യുന്ന കുട്ടിക്കും പഴം കൊടുക്കണം. വിളഞ്ഞു പഴുത്ത പഴങ്ങൾ നിറഞ്ഞ ഒരു ചില്ല താഴ്ത്തിക്കൊടുത്തു. കുട്ടി അതിലെ പഴങ്ങൾ പറിച്ചുതിന്നു.



മധുരമുള്ള പഴം തരുന്ന അമ്മ. പൊന്നമ്മമരം. എന്റെ അമ്മമരം. കുട്ടി വിചാരിച്ചു.

അന്നു കുട്ടിയോടൊപ്പം കുറെ കുസൃതിപ്പിള്ളേരുമെത്തി. അവർ പൂക്കൾ തല്ലിക്കൊഴിച്ചു. പഴമാകേണ്ട പൊട്ടുകായ്കൾ പറിച്ചെടുത്തു ചവച്ചുതുപ്പി.

"അയ്യോ പിള്ളേരേ, അമ്മമരത്തെ ഇങ്ങനെ ഉപദ്രവിക്കല്ലേ. നമ്മക്കു പഴം തരും തണലുതരും അമ്മയല്ലേ?"

"എന്തു വട്ടാടാ നീ പറയുന്നെ? അമ്മമരമെന്ന്... ഹായ്"

അവർ കളിയാക്കി. കുട്ടിയൊന്നും മിണ്ടിയില്ല.

അവർ അമ്മമരത്തെ ഉപദ്രവിക്കുന്നു. മരച്ചുവട്ടിൽ മൂത്രമൊഴിക്കുന്നു. കുട്ടി പലപ്പോഴും ചുവട്ടിൽ വെള്ളമൊഴിക്കാറുണ്ട്. അതിന് അമ്മയുടെ വഴക്കു കിട്ടുന്നുണ്ട്. സ്കൂളിലെ പഠിപ്പിൽനിന്നാണ് ചെടികളെയും മരങ്ങളെയും സ്നേഹിക്കാൻ പഠിച്ചത്. പരീക്ഷയ്ക്ക് ഉത്തരമെഴുതി മറ്റു കുട്ടികൾ മരങ്ങളെ സ്നേഹിച്ചു.

നാളുകൾ കഴിഞ്ഞു. കുട്ടി വരാതെയായി. ഓ... അവൻ മുതിർന്നവനായിക്കാണും. ഋതുക്കൾ തന്നിലും മാറ്റം വരുത്തിയല്ലോ... അമ്മമരം വിചാരിച്ചു.

കുട്ടി അയാളായി മാറിക്കഴിഞ്ഞപ്പോൾ ഒരു ദിവസം ആ മരച്ചുവട്ടിലെത്തി. പക്ഷേ, അമ്മേ! എന്നു വിളിച്ചു.

"എന്നെ മറന്നല്ലേ?" അമ്മമരം ചോദിച്ചു.

"ഞാനേ പഴയ കുട്ടിയൊന്നുമല്ല. കമ്പ്യൂട്ടർ എൻജിനീയറാ. നിന്നെ കാണാൻ വരുന്നതുകൊണ്ടെന്തു പ്രയോജനം?"

പഴവും പൂക്കളുമൊക്കെ തരാം..."

"അതെന്തിനാ? എനിക്കു പണമുണ്ടാക്കണം."

"ഞാനിഷ്ടംപോലെ പഴം തരാം. വേനൽക്കാലമല്ലേ... പഴങ്ങൾക്കു ഡിമാന്റാ. ഇഷ്ടംപോലെ വിളവുതരാം."

മരം അങ്ങനെ സഹായിച്ചു. അയാൾ ഇഷ്ടംപോലെ പണമുണ്ടാക്കി. മരം അപ്പോഴൊക്കെ പറഞ്ഞിരുന്നു:

"എന്നെ കാണാൻ വല്ലപ്പോഴുമൊക്കെ വരണേ." അയാൾ മരത്തിൽനിന്നു ഫലം കിട്ടിയപ്പോൾ മാത്രം അരികിലെത്തി. അയാൾ ആ വിധത്തിൽ പണമുണ്ടാക്കി.

കുറെനാളായി. അമ്മമരം കാത്തിരിപ്പായി. അയാളെ കാണുന്നില്ലല്ലോ. തനിക്കൊരുതുള്ളി വെള്ളം തരുന്നില്ല. ആദായം മാത്രമെടുക്കും മനുഷ്യസ്വഭാവം.

ഒരു ദിവസം അയാൾ വന്നു. അമ്മമരത്തിനു സന്തോഷമായി. "എന്റെ കൊമ്പിൽ ഒരൂഞ്ഞാലുകെട്ടിയാടാമോ?"

"എനിക്കു സമയമില്ല. ഞാനൊരു വീടുപണിയുകയാ..."

"ഓഹോ... എങ്കിൽ എന്നെ വെട്ടിയെടുത്തോളൂ തടിയുരുപ്പടികളും കിട്ടും."

"അതിനേ നിന്റെ ഓജാരമൊന്നും വേണ്ട."

"ശരി അവസാനമായി എന്നെ ഒന്നു കെട്ടിപ്പിടിച്ചേ."

"കൊള്ളാം. പരുപരുത്ത് ചെളിപിടിച്ച ദേഹത്തു കെട്ടിപ്പിടിക്കാനോ?"

"ഇഷ്ടമില്ലേ വേണ്ട. ഒരാഗ്രഹമൊണ്ട്. കുറ്റിയെങ്കിലും നിർത്തിയേക്കണേ! ഞാൻ അതിൽനിന്നു പൊട്ടിക്കിളിർത്തു വളർന്നോളാം."

"അതും നടക്കില്ല. കുറ്റി ജെ.സി.ബി.കൊണ്ടു മാന്തിയെടുപ്പിക്കും. ഈ പറമ്പിലെ മരങ്ങളെല്ലാം വെട്ടിക്കളയുകാ... ഫ്ളാറ്റു പണിയാനാ.

അമ്മമരം ഒന്നും മിണ്ടാനാവാതെ വിങ്ങിപ്പൊട്ടിനിന്നു. ■

# നികുതി കുതിരകയറുമ്പോൾ

1-ാം പേജ് തുടർച്ച

സാമൂഹികസുരക്ഷാ പെൻഷൻ അനർഹർ കൈപ്പറ്റുന്നുണ്ടോ എന്ന് സാമൂഹികപരിശോധന അനിവാര്യമാണ്. തദ്ദേശസ്വയംഭരണവാർഡ് അംഗങ്ങൾ തങ്ങളുടെ പാർട്ടിക്കാരുടെ കുടുംബാംഗങ്ങൾക്കും ഇഷ്ടക്കാർക്കും ഈ പെൻഷനുകൾ വാങ്ങിക്കൊടുക്കുന്നതിന് ഒത്താശ ചെയ്യുന്നതായി ആക്ഷേപമുണ്ട്. സത്യസന്ധരായ ഉദ്യോഗസ്ഥർ ഓരോ വീടുകളിലുമെത്തി പരിശോധിച്ചാൽ അനർഹരെ കണ്ടെത്താൻ കഴിയും.

സംസ്ഥാനവരുമാനത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് സംസ്ഥാനികുതിവരുമാനവും, നികുതിയേതരവരുമാനവുമാണ്. കേന്ദ്രത്തിനു ലഭിക്കുന്ന നികുതികളിൽനിന്ന് സംസ്ഥാനങ്ങൾക്ക് വീതംവച്ചു നൽകുന്ന നികുതിവിഹിതമാണ് മറ്റൊരു വരുമാനം. കേന്ദ്രം ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി സംസ്ഥാനങ്ങൾക്കു നൽകുന്ന പണമാണ് 'ഗ്രാൻഡ് ഇൻ എയിഡ്'.

2023-24 വർഷം പ്രതീക്ഷിക്കുന്ന നികുതിവരുമാനം 81038.77 കോടി. നികുതിയേതരവരുമാനം 17088.62. ശമ്പളച്ചെലവ് 40042.07. പെൻഷൻ 28239.72. പലിശ 26246.99 കോടി. ആകെ 94528.78. സംസ്ഥാനത്തിന്റെ തനതു വരുമാനംകൊണ്ട് ശമ്പളവും പെൻഷനും പലിശയും കൊടുക്കാൻ കഴിയാത്തതുകൊണ്ട് വീണ്ടും കടം മേടിച്ചും നികുതികൂട്ടിയും സർക്കാർ മുമ്പോട്ടു പോകുകയാണ്. ഇത്തവണ നികുതി കൂട്ടാൻ ധനകാര്യമന്ത്രി പറഞ്ഞ ന്യായം ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ നികുതിനിരക്കുള്ള സംസ്ഥാനം കേരളമെന്നാണ്. പക്ഷേ, അതു തെറ്റാണെന്ന് കണക്കുകൾ പറയുന്നു.

ആളോഹരിനികുതിയുടെ അഖിലേന്ത്യാ ശരാശരി 13022 രൂപയാണ്.

**ആളോഹരി നികുതി**

| സംസ്ഥാനം | തുക |
|---|---|
| കേരളം | 20795 |
| തമിഴ്നാട് | 18635 |
| കർണാടകം | 18862 |
| ആന്ധ്രാ | 17182 |
| പഞ്ചാബ് | 14930 |
| ഉത്തർപ്രദേശ് | 90458 |
| ബംഗാൾ | 8047 |
| ത്രിപുര | 6158 |

അഞ്ചുവർഷം കൂടുമ്പോഴുള്ള ശമ്പളപരിഷ്കരണമാണ് കേരളത്തെ സാമ്പത്തികമായി ഇത്രയും തകർത്തത്. ഉയർന്ന തലത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുകവഴി ഭരണനിർവഹണത്തിന് വേഗം കൂടുന്നില്ലെന്നു മാത്രമല്ല, പലപ്പോഴും അധികാരതർക്കങ്ങൾമൂലം ഫയൽനീക്കം തടസ്സപ്പെടുന്നു. ഭരണച്ചെലവ് കുറയ്ക്കാൻ ഒരു നടപടിയും ഉണ്ടാവുന്നില്ല. സർക്കാർവാഹനങ്ങളുടെ ദുരുപയോഗം കുറയ്ക്കാൻ ഉദ്യോഗസ്ഥരുടെ ഗ്രേഡ് അനുസരിച്ച് വാഹന അലവൻസ് നൽകിയാൽ വാഹനം വാങ്ങാനുള്ള മുതൽമുടക്കും ഡ്രൈവറുടെ ശമ്പളആനുകൂല്യങ്ങളും ഒഴിവാക്കാം. നല്ലൊരു ശതമാനം സർക്കാർ ഓഫീസുകളിൽ ഇപ്പോഴും ലാന്റ് ഫോണുകൾ മാസവാടക നൽകി ഉപയോഗിക്കാതെ ഇരിക്കുന്നു. ഉദ്യോഗസ്ഥ പുനർവിന്യാസം മൂലം ഭരണച്ചെലവ് കുറയ്ക്കാൻ കഴിയും.

സർക്കാർ ഉദ്യോഗസ്ഥരുടെ പ്രൊഫഷണൽ ടാക്സ് ഉയർത്തിയിട്ട് നിരവധി വർഷങ്ങളായി. പരമാവധി 2500 രൂപയാണ് ഈ ഇനത്തിൽ പിരിക്കുന്നത്. ശരാശരി 70000 രൂപ ശമ്പളമുള്ള





ഉദ്യോഗസ്ഥരിൽനിന്ന് അഞ്ചു ശതമാനം ടാക്സ് ഇത്തരത്തിൽ ഏർപ്പെടുത്തിയാൽ വർഷം തോറും 42000 രൂപാ വച്ച് ഖജനാവിലേക്ക് എത്തും.

ഭൂമിയുടെ ന്യായവില 20 ശതമാനം ഉയർത്തിയത് യാതൊരു പഠനവും ഇല്ലാതെയാണ്. കഴിഞ്ഞ മൂന്നുനാലുവർഷമായി പത്തുശതമാനം വച്ച് ന്യായവില ഉയർത്തിയതുമൂലം പല സ്ഥലങ്ങളിലും യഥാർഥ വിലയെക്കാൾ കൂടിയ വിലയ്ക്ക് ആധാരം ചെയ്യേണ്ട സ്ഥിതിയായി. മീനച്ചിൽ താലൂക്കിൽ ഏക്കറിന് 20 ലക്ഷം രൂപാ വിലയ്ക്ക് റബർ തോട്ടം ലഭിക്കും. ഇത്തരം ഭൂമിക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ന്യായവില മുപ്പതു ലക്ഷം രൂപയാണ്. ഈ പത്തു ശതമാനം കൂട്ടിക്കൂട്ടിക്കഴിയുമ്പോൾ ആധാരം ചെയ്തു കിട്ടണമെങ്കിൽ 36 ലക്ഷം രൂപ കാണിക്കണം. 8% സ്റ്റാമ്പ് ഡ്യൂട്ടിയും 2% രജിസ്ട്രേഷൻ ഫീസും ഒരു ശതമാനം ആധാരം ചാർജുംകൂടി ഉണ്ടായാൽ മാത്രമേ പ്രമാണം രജിസ്റ്റർ ചെയ്യാൻ കഴിയൂ.

എന്നാൽ, സർക്കാർ പാട്ടത്തിനു കൊടുത്തിരിക്കുന്ന തോട്ടങ്ങളുടെ പാട്ടം 1970 നു മുമ്പു നിശ്ചയിച്ച ഹെക്ടറിന് 1300 രൂപ എന്ന നിരക്ക് ഇപ്പോഴും പുതുക്കാതെ ഒളിച്ചുകളിക്കുകയാണ്.

2023-24 സംസ്ഥാനബജറ്റിനെ ആകെ വിലയിരുത്തിയാൽ സാധാരണക്കാരനെ ബാധിക്കുന്ന പെട്രോൾ - ഡീസൽവില കൂടി, കെട്ടിടനികുതി കൂടി, വൈദ്യുതിനിരക്ക് കൂടി, ഭൂമിയുടെ ന്യായവില കൂടി, രജിസ്ട്രേഷൻ ചാർജ് കൂടി, മോട്ടോർ വാഹന നികുതി സെസ് കൂടി, കോടതി ഫീസ് കൂടി, കെട്ടിട അനുമതി ഫീസ് കൂടി, മദ്യവില കൂടി, ഒഴിഞ്ഞുകിടക്കുന്ന വീടുകൾക്ക് നികുതി ഏർപ്പെടുത്തി, മോട്ടോർ സൈക്കിൾ രജിസ്ട്രേഷൻ ഫീസ് രണ്ടു ശതമാനം കൂടി. ഇങ്ങനെ സമസ്തമേഖലകളിലും ധനമന്ത്രി കൈവച്ചു. സമീപകാലത്തെ ഒരു ധനകാര്യമന്ത്രിയും ഏർപ്പെടുത്താത്ത നികുതിവർധനയാണ് ഇത്തവണ കെ.എൻ. ബാലഗോപാൽ പ്രഖ്യാപിച്ചിരിക്കുന്നത്.

ഒരാഴ്ചയായി ഭക്ഷണം ലഭിക്കാതെ വന്നപ്പോൾ വിശപ്പടക്കാൻ ഒരുപിടി അരി എടുത്തവനെ തല്ലിക്കൊന്ന നാട്ടിലാണ് ഭരണച്ചെലവിനായി ഇത്രയും നികുതി വർധിപ്പിക്കുന്നതെന്നോർക്കുമ്പോൾ തല കുമ്പിട്ടുപോകുന്നു. ■

കവിത

ജോർജുകുട്ടി താവളം

# എനിക്കു ഞാനാകണം

മദ്യമേ നിന്നെയെനിക്കു വേണ്ട
മത്തനാക്കീടാൻ ശ്രമിച്ചിടേണ്ട
ഞാനായെനിക്കു ജീവിച്ചിടേണം
ഞാണിനാൽ ബന്ധിതനായിടാതെ.

നല്പ്പെടുത്തെങ്ങോ കളഞ്ഞിടുന്നോൻ
നഞ്ഞിനാലുള്ളം നിറച്ചിടുന്നോൻ
എന്നെ ഞാനല്ലാതെയാക്കിടുന്നോൻ
എന്നുമെൻ ശത്രുവെന്നോർത്തിടേണം.

എന്തു ഞാൻ ചെയ്യേണമെന്ന കാര്യം
എപ്പോഴുമെന്റെ നിയന്ത്രണത്തിൽ
എന്നുള്ളിലേക്കു കടന്നുകൂടി
എന്റെ മാർഗത്തെത്തിരിച്ചിടേണ്ട.

നഷ്ടങ്ങളുണ്ടാക്കിടുന്നതിന്നായ്
നൽകില്ല ഞാനെന്റെ വേതനത്തെ
മറ്റൊരു വ്യക്തിയായല്പനേരം
മാറുവാനാഗ്രഹമില്ലതെല്ലും.

# ലൂർദിൽ വിരിഞ്ഞ പരിമളകുസുമം

## ആഗോളസഭ ഫെബ്രുവരി 11 ലൂർദ്മാതാവിന്റെ ദിനമായി ആചരിക്കുന്നു



മേരി സെബാസ്റ്റ്യൻ

**ആ**ദിമസഭ മുതൽ ആധുനികസഭവരെയുള്ള രണ്ടായിരം വർഷത്തെ ചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ പരിശുദ്ധ മറിയം മനുഷ്യകുലത്തിന്റെ സംരക്ഷകയായി നേതൃത്വം കൊടുക്കുകയും നയിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന അനേകം സംഭവങ്ങൾ നമുക്കു കാണാം. ഈശോ തന്റെ അമ്മയെ സകലർക്കുമുള്ള അമ്മയായി നൽകിക്കൊണ്ടാണ്, 'എല്ലാം പൂർത്തിയായിരിക്കുന്നു' എന്ന മരണമൊഴിയോടെ ജീവൻ വെടിഞ്ഞത്. ആ നിമിഷംമുതൽ മാനവരാശി മുഴുവനെയും അവൾ തന്റെ മാതൃത്വത്തോടുചേർത്ത് തന്റെ ഹൃദയത്തിൽ ഏറ്റുവാങ്ങി. പിന്നീടു നടന്ന സംഭവങ്ങൾക്കെല്ലാം വിശുദ്ധ ഗ്രന്ഥം സാക്ഷിയാണ്. തള്ളക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർത്തണച്ചു പരിപാലിക്കുന്നതുപോലെ അവൾ തന്റെ മക്കൾക്ക് കാവലും കരുതലുമായി നിലകൊള്ളുന്നു.

മക്കളോടുള്ള നിസ്സീമമായ സ്നേഹംകൊണ്ടു വീർപ്പുമുട്ടുമ്പോഴെല്ലാം അവൾ സ്വർഗത്തിൽനിന്നു ഭൂമിയിലേക്കു വിവിധ രൂപത്തിലും ഭാവത്തിലും കാലോചിതമായ സന്ദർശനങ്ങൾക്കായി ഇറങ്ങിവരികയും അദ്ഭുതങ്ങളും അടയാളങ്ങളും സന്ദേശങ്ങളുമായി സ്പർശന - ദർശനഭാഗ്യം നൽകി തിരികെപ്പോകുകയും ചെയ്യുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലായി മുന്നൂറോളം മരിയൻദർശനങ്ങൾ ചരിത്രത്തിൽ ഇടംപിടിച്ചിട്ടുണ്ടെങ്കിലും ഒൻപതോളം പ്രത്യക്ഷീകരണങ്ങളാണ് കത്തോലിക്കാസഭയുടെ അംഗീകാരത്തിലുള്ളത്. അതിൽ പ്രഥമസ്ഥാനം ഫ്രാൻസിന്റെ തെക്കുകിഴക്കൻ ഭാഗത്തായി സ്ഥിതിചെയ്യുന്ന ലൂർദ് എന്ന മരിയൻതീർത്ഥാടനകേന്ദ്രത്തിനാണ്. പ്രത്യക്ഷപ്പെടുന്ന സ്ഥലനാമങ്ങളാൽ അവർ കാലമെങ്ങും അറിയപ്പെടുന്നെങ്കിലും എല്ലാം ഒരാൾ തന്നെ. മരിയൻദർശനങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് ആണ്ടുവട്ടത്തിലെ മുഴുവൻ ദിനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള വിവിധ ദൈവാലയങ്ങളിൽ പരിശുദ്ധ ദിവ്യജനനിയുടെ തിരുനാളുകൾ ആഘോഷിച്ചുകൊണ്ടിരിക്കുന്നുവെന്നത് അവളുടെ മഹിമപ്രതാപത്തെയും മക്കളോടുള്ള കനിവാർന്ന സ്നേഹത്തെയും വിളിച്ചറിയിക്കുന്നു.

ലൂർദ് എന്ന മരിയൻ തീർത്ഥാടനകേന്ദ്രം ഇന്ന് ഭുവനപ്രസിദ്ധമാണ്. ഫ്രാൻസിലുള്ള ലൂർദ് എന്ന ചെറുഗ്രാമത്തിൽ ഒരു ദരിദ്രകുടുംബത്തിൽപ്പെട്ട ഫ്രാങ്കോ സുബറീസ് - ലൂയിസ ദമ്പതിമാർക്ക് 1844 ജനുവരി ഒമ്പതിന് ഒരു പെൺകുഞ്ഞ് ഭൂജാതയായി. മാതാപിതാക്കൾ ബർണദീത്ത എന്ന് അവൾക്കു പേരിട്ടു. കുഞ്ഞുനാൾമുതൽ ആന്തരികതലത്തിൽ അനിതരസാധാരണമായ ചില സ്വഭാവസവിശേഷതകൾ അവളിൽ സദാ വിളങ്ങിയിരുന്നു. അവളുടെ ആത്മീയതേജസ്സിനു മാറ്റുകൂട്ടാൻ തികഞ്ഞ വിനയവും വിധേയത്വവും ലാളിത്യവും സഹായകമായി. പരിത്യാഗത്തിന്റെയും പ്രായത്തിന്റെയും കഠിനപാഠങ്ങൾ ഈ ദരിദ്രബാലിക സ്വായത്തമാക്കിയിരുന്നു. എന്നിരുന്നാലും, ബാഹ്യതലങ്ങളിൽ എല്ലാക്കാര്യങ്ങളിലും മറ്റു പെൺകുട്ടികളെക്കാൾ അവൾ പിന്നാക്കമായിരുന്നു. മാത്രമല്ല, നന്നേ ചെറുപ്പത്തിൽത്തന്നെ അവളെ ആസ്ത്മാരോഗവും പിടികൂടിയിരുന്നു. ദൈവത്തെ ആഴത്തിൽ സ്നേഹിക്കുന്നവർക്കു ലഭിക്കുന്ന ഓഹരിയാണ് സഹനങ്ങളെന്നു ഗ്രഹിക്കാനുള്ള ജ്ഞാനം അവൾക്കില്ലായിരുന്നു. എങ്കിലും ഒന്നവൾക്കറിയാമായിരുന്നു; ദൈവത്തെ സ്നേഹിക്കുന്നതിന് ബലഹീനതകളോ കുറവുകളോ രോഗങ്ങളോ ഒന്നും തടസ്സമല്ല എന്ന പരമാർഥം.

> വെട്ടിത്തിളങ്ങുന്ന വെള്ളവസ്ത്രവും നീലനിറത്തിലുള്ള അരക്കെട്ടും ശോഭയാർന്ന ശിരോവസ്ത്രവും ഒരു സ്വർണവർണമുള്ള ജപമാലയും കൈയിലേന്തി സുന്ദരിയായ സ്ത്രീ നിൽക്കുന്നു. സ്ത്രീയുടെ കാല്ച്ചുവട്ടിൽ ദീപ്തമായ രണ്ട് പനിനീർപ്പൂക്കൾ തട്ടിക്കളിക്കുന്നതു കണ്ടു. ഇതെല്ലാം ഇമവെട്ടാതെ നോക്കിനിന്ന ബർണദീത്ത ഒരു അദൃശ്യശക്തി ലഭ്യമായതുപോലെ മുട്ടിന്മേൽ നിന്ന് ജപമാല ചൊല്ലാൻ തുടങ്ങി. ആ സുന്ദരിയായ സ്ത്രീ അവളോടൊപ്പം ചുണ്ടുകൾ ചലിപ്പിക്കുകയും ത്രിത്വസ്തുതി ചൊല്ലുകയും ചെയ്തു. ഈ ദർശനം നടക്കുന്നത് 1850 ഫെബ്രുവരി 11-ാം തീയതിയാണ്.

ഒരുനാൾ രോഗിണിയായ ബർണദീത്തയും അനുജത്തിയും ഒരു കൂട്ടുകാരിയുമൊത്ത് വനത്തിൽ വിറകു ശേഖരിക്കാൻ പോയി. മലമുകളിൽനിന്ന് ഒഴുകിവരുന്ന ഒരു അരുവി അവർക്ക് കുറുകെക്കടക്കേണ്ടിയിരുന്നു. ബർണദീത്ത അരുവി കടക്കാനാവാതെ അവിടെത്തന്നെ നിലയുറപ്പിച്ചു. അപ്പോൾ അവളുടെ ചുറ്റും ഒരു കുളിർക്കാറ്റ് വീശുന്നതായി അനുഭവപ്പെട്ടു. മാത്രമല്ല, വെട്ടിത്തിളങ്ങുന്ന വെള്ളവസ്ത്രവും നീലനിറത്തിലുള്ള അരക്കെട്ടും ശോഭയാർന്ന ശിരോവസ്ത്രവും ഒരു സ്വർണവർണമുള്ള ജപമാലയും കൈയിലേന്തി സുന്ദരിയായ സ്ത്രീ നിൽക്കുന്നു. സ്ത്രീയുടെ കാല്ച്ചുവട്ടിൽ ദീപ്തമായ രണ്ട് പനിനീർപ്പൂക്കൾ തട്ടിക്കളിക്കുന്നതു കണ്ടു. ഇതെല്ലാം ഇമവെട്ടാതെ നോക്കിനിന്ന ബർണദീത്ത ഒരു അദൃശ്യശക്തി ലഭ്യമായതുപോലെ മുട്ടിന്മേൽനിന്ന് ജപമാല ചൊല്ലാൻ തുടങ്ങി. ആ സുന്ദരിയായ സ്ത്രീ അവളോടൊപ്പം ചുണ്ടുകൾ ചലിപ്പിക്കുകയും ത്രിത്വസ്തുതി ചൊല്ലുകയും ചെയ്തു. ഈ ദർശനം നടക്കുന്നത് 1850 ഫെബ്രുവരി 11-ാം തീയതിയാണ്. നിറഞ്ഞ ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് ആ സ്ത്രീ അപ്രത്യക്ഷയായി. ബർണദീത്തയ്ക്കു വീണ്ടും വീണ്ടും ആ സ്ത്രീയെ കാണണമെന്ന ആഗ്രഹം ശക്തമായി. അവളുടെ ഹിതംപോലെ അവിടെയുള്ള ഒരു ഗുഹയിൽ പതിനെട്ടു പ്രാവശ്യം അവൾക്ക് ദർശനഭാഗ്യം ലഭ്യമായി.



രണ്ടാമത്തെ ദർശനത്തിൽ ആ സ്ത്രീ പറഞ്ഞു: രണ്ടാഴ്ചത്തേക്കു നീ ഇവിടെ വരണമെന്ന് ഞാനാഗ്രഹിക്കുന്നു. അവൾ കൂട്ടിച്ചേർത്തു: നീ ഈ ലോകത്തിൽ നിറഞ്ഞ സൗഭാഗ്യവതിയായിരിക്കുന്നുവെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നില്ല. പക്ഷേ, വരാനിരിക്കുന്ന ലോകത്തിൽ നീ ഭാഗ്യവതിയാകും. എട്ടാമത്തെ ദർശനത്തിൽ അതീവദുഃഖത്തിൽ സ്ത്രീ പറഞ്ഞു: പ്രായശ്ചിത്തം ചെയ്യുക, പ്രായശ്ചിത്തം ചെയ്യുക. പാപികൾക്കുവേണ്ടി പ്രാർഥിക്കുക. ബർണദീത്ത തലയാട്ടി സമ്മതം മൂളുകമാത്രം ചെയ്തു. ഒമ്പതാമത്തെ ദർശനദിനമായ ഫെബ്രുവരി 25 ന് ആ സ്ത്രീ ബർണദീത്തായോടു പറഞ്ഞു: നീരുറവയിൽനിന്നു പാനം ചെയ്യുക. ദേഹം കഴുകുക. അവിടെക്കാണുന്ന സസ്യങ്ങൾ ഭക്ഷിക്കുക. അവൾ നാലുപാടും നോക്കിയിട്ട് ഒന്നും കാണായ്കയാൽ ഗേവ് നദിയുടെ തീരത്തേക്കു നടന്നുതുടങ്ങിയപ്പോൾ ആ സ്ത്രീ അവളെ തിരികെവിളിച്ച് കൈചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: ആ മണ്ണ് ഇളക്കിനോക്കൂ. ബർണദീത്ത അതനുസരിച്ച് മണ്ണിളക്കിയപ്പോൾ ഉറവപൊട്ടിയൊഴുകി. അവൾ ആ ചെളിവെള്ളം കുടിക്കുകയും ദേഹം കഴുകുകയും ചെയ്തു. സസ്യങ്ങളും ഭക്ഷിച്ചു. ഈ നാളുകളിലെല്ലാം പരിഭ്രാന്തരായ ജനങ്ങൾ മാത്രമല്ല അവളുടെ മാതാപിതാക്കളും ഇടവകവികാരിവരെയും അവൾക്ക് ചിത്തഭ്രമം പിടിപെട്ടതായി തെറ്റിദ്ധരിച്ചിരുന്നു. ആ ഉറവയിങ്കലേക്ക് ജനം ഒഴുകിയെത്തി. ആ ചെളിവെള്ളത്തിൽ കഴുകിയപ്പോൾ ഒരു അന്ധനു കാഴ്ച തിരികെ ലഭിച്ചു. ഒരു സ്ത്രീയുടെ തളർന്ന കൈ സുഖപ്പെട്ടു. പിന്നീടങ്ങോട്ട് അനുദിനം അദ്ഭുതങ്ങളും രോഗശാന്തികളും നിത്യസംഭവമായി.

ഭരണാധികാരികളും പോലീസും ഇടപെട്ട് ബർണദീത്തയെ ഭീഷണിപ്പെടുത്തുകയും വിലക്കുകൾ ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ, അവൾ ഭയപ്പെട്ടില്ല. സംയമനം പാലിച്ചു. അതിസ്വാഭാവികമായ ഒരാത്മബലം അവളിൽ നിലനിന്നിരുന്നു. മാർച്ച് 25-ാം തീയതി രാവിലെ ഒരു ആന്തരികപ്രേരണയാലേ ഉണർന്നെണീറ്റ ബർണദീത്ത ആ ഉറവയിലേക്കു പോയി. അവിടെ അവളെക്കാത്ത് ആ സ്ത്രീയുണ്ടായിരുന്നു. "അല്ലയോ സ്ത്രീ, നീ ആരാണെന്ന് എന്നോടു ദയവായി പറയുക." മൂന്നുപ്രാവശ്യം ചോദിച്ചിട്ടും മറുപടി കിട്ടിയില്ല. നാലാംപ്രാവശ്യം അവർ പറഞ്ഞു: "ഞാൻ അമലോദ്ഭവയാണ്." ആർദ്രമായ ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് ആ സ്ത്രീ അപ്രത്യക്ഷയായി. ജൂലൈ 16 ന് കർമലമാതാവിന്റെ തിരുനാളിനാണ് അവൾക്ക് അവസാനമായി ദർശനം ലഭിച്ചത്. ഈ നാളുകളിൽ അവൾക്കു ലഭിച്ച സ്വർഗീയാനുഭവങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് തന്റെ ജീവിതം ദൈവോന്മുഖമായി മാത്രം കഴിച്ചുകൂട്ടാൻ ആഗ്രഹിക്കുകയും അതിനായി അവൾ നോട്ടർഡാം സിസ്റ്റേഴ്സിന്റെ സഭയിൽ ചേരുകയും ചെയ്തു. ലൂർദ്ദിനോടു വിടപറഞ്ഞെങ്കിലും തന്നെ ഏല്പിച്ച ദൗത്യമെല്ലാം അവൾ പൂർത്തിയാക്കിയിരുന്നു. ഉറവയോടു ചേർന്ന് ഒരു ഗ്രോട്ടോ പണിയണമെന്നും ജപമാലപ്രദക്ഷിണവും ദിവ്യകാരുണ്യപ്രദക്ഷണിവും നടത്തണമെന്നുമുള്ള ദൗത്യവും അവൾ മേലധികാരികളിലൂടെ പൂർത്തിയാക്കി. ദൈവാലയശുശ്രൂഷയും രോഗീപരിചരണവും പ്രാർഥനയും തപശ്ചര്യകളുമായി കന്യകാലയത്തിൽ കഴിഞ്ഞുകൂടവേ 1879 ഏപ്രിൽ 16-ാം തീയതി ക്ഷയരോഗബാധിതയായി അവൾ ഈ ലോകത്തോടു വിടപറഞ്ഞു. ഇന്നും അവളുടെ ശരീരം അഴുകാതെ ഇരിക്കുന്നു.

ആഗോളസഭ ഫെബ്രുവരി 11 ന് ലൂർദുമാതാവിന്റെ ദിനമായി ആചരിക്കുന്നു. അതോടൊപ്പം, ലോകരോഗീദിനമായും ആചരിക്കാൻ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ക്രൈസ്തവലോകത്തോട് ആഹ്വാനം ചെയ്തതും സ്മരണീയമാണ്. ബർണദീത്തായ്ക്കുണ്ടായ ദർശനങ്ങളെ സഭ അംഗീകരിക്കുകയും 1925 ജൂൺ 2-ാം തീയതി പതിനൊന്നാം പീയൂസ് പാപ്പാ അവളെ വിശുദ്ധയെന്നു നാമകരണം ചെയ്യുകയും ചെയ്തു. മൂന്നര നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമുള്ള തീർഥാടകരുടെ തിക്കും തിരക്കും വർദ്ധിക്കുന്നു. കാരണം അസാധ്യവും അമാനുഷികവുമായ അദ്ഭുതങ്ങളും രോഗശാന്തികളുമാണ് പരിശുദ്ധ അമ്മ ചെയ്തുകൊണ്ടിരിക്കുന്നത്. ■

*കർദിനാൾ റോബർട്ട് സറാ രചിച്ച 'ആദ്ധ്യാത്മികജീവിതത്തിന്റെ മതബോധനം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.*

14



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

# സത്യത്താൽ വിശുദ്ധീകരിക്കപ്പെട്ടവർ

പുരോഹിതൻ ആരാണ് എന്ന ചോദ്യത്തോടെയാണ് തിരുപ്പട്ടം എന്ന കൂദാശയെക്കുറിച്ചുള്ള പരിചിന്തനങ്ങൾ ഈ അധ്യായത്തിൽ കർദിനാൾ സറാ ആരംഭിക്കുന്നത്. സഭയുടെ പാരമ്പര്യം കണക്കിലെടുക്കുമ്പോൾ, സഭാസംവിധാനത്തിലെ സവിശേഷപദവിയായിമാത്രം പൗരോഹിത്യത്തെ കണ്ടാൽ പോരാ, മിശിഹാ ആകുന്ന ദിവ്യരഹസ്യത്തോടുചേർത്തുവേണം പൗരോഹിത്യത്തെ ദർശിക്കുവാനെന്ന് ആദ്യമേതന്നെ കർദിനാൾ സറാ വ്യക്തമാക്കുന്നു.

എബ്രായലേഖനത്തിൽ പറയുന്നതുപോലെ, പുതിയ ഉടമ്പടിയിൽ ഈശോമിശിഹാ എന്ന ഏകപുരോഹിതൻ മാത്രമേയുള്ളൂ. ഈ ഏകപുരോഹിതൻ സഭയിൽ മെത്രാന്മാരുടെയും വൈദികരുടെയും ശുശ്രൂഷയിലൂടെ തന്റെ പൗരോഹിത്യദൗത്യം നിർവഹിക്കുന്നു. അതുകൊണ്ടാണ് വൈദികനെ മറ്റൊരു മിശിഹാ (Alter Christus) എന്നും മിശിഹാതന്നെ (Ipse Christus) എന്നും വിളിക്കുന്നത്. എക്കാലത്തും ഏതു സാഹചര്യത്തിലും വൈദികന്റെ അസ്തിത്വം മിശിഹായുമായുള്ള അഗാധമായ താദാത്മ്യത്തിലാണ് അടങ്ങിയിരിക്കുന്നത്.

തങ്ങളെ നേരിട്ടു ബാധിക്കുന്നില്ല എന്ന വിചാരത്താൽ തുടർന്നുള്ള പേജുകൾ അല്മായരായ വായനക്കാർ വായിക്കാതെ വിട്ടുകളയാൻ ഇടയാവരുതെന്ന് ഗ്രന്ഥകർത്താവ് ഓർമിപ്പിക്കുന്നു.

വൈദികർ ആരെന്നതിനെപ്പറ്റിയുള്ള ശരിയായ അറിവ് അല്മായർക്ക് വൈദികരോടുള്ള ശരിയായ മനോഭാവം രൂപപ്പെടുത്താൻ സഹായകരമാണ്.

പൗരോഹിത്യത്തിന്റെ ഉന്നതവും പ്രകൃത്യതീതവുമായ വിളിക്കനുസൃതം ജീവിക്കുന്നതിനു വൈദികർക്കു മാനുഷികബലഹീനതകൾ തടസ്സമാവുകയും ഖേദകരമായ വീഴ്ചകൾ സംഭവിക്കുകയും ചെയ്യാതിരിക്കാൻ അല്മായരുടെ ഭാഗത്തുനിന്നുള്ള പിന്തുണയും സഹായവും ഉണ്ടാകേണ്ടതാണ്. വൈദികരുമായുള്ള ഇടപെടലുകളിൽ ആവശ്യമായ ഒരകലം പാലിക്കാൻ അല്മായരും, തങ്ങൾ പുരോഹിതരാണെന്ന വസ്തുത മറച്ചുവയ്ക്കാതിരിക്കാനുതകുന്ന വസ്ത്രധാരണവും പെരുമാറ്റവും പാലിക്കാൻ വൈദികരും ശ്രദ്ധിക്കണമെന്ന് കർദിനാൾ സറാ നിർദേശിക്കുന്നു.

**മിശിഹായുടെ പൗരോഹിത്യം**

ദൈവപിതാവിനോടുള്ള സ്നേഹാധിക്യവും മനുഷ്യാവതാരംമുതൽ കുരിശുമരണംവരെയുള്ള സമ്പൂർണവിധേയത്വവുമാണ് മിശിഹായുടെ പൗരോഹിത്യത്തിന്റെ മുഖമുദ്ര. മിശിഹായ്ക്കു മനുഷ്യകുലത്തോടുള്ള സ്നേഹത്തിന്റെ ഉറവിടം അവിടുത്തേക്കു പിതാവായ ദൈവത്തോടുള്ള അതേ സ്നേഹം തന്നെയാണ്. "ഞാൻ നല്ല ഇടയനാകുന്നു. പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ, ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു. ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവൻ അർപ്പിക്കുന്നു" (യോഹ. 10: 14,15).

ശ്ലീഹന്മാരിൽ ഒന്നാമനായ വി. പത്രോസിനോട് 'നീ എന്നെ സ്നേഹിക്കുന്നുവോ' എന്ന് മൂന്നുതവണ ചോദിച്ചശേഷമാണ് തന്റെ ആടുകളെ മേയ്ക്കാൻ ഭരമേല്പിക്കുന്നത്. സ്നേഹമാണ് പൗരോഹിത്യത്തിന്റെ ഉറവിടം. ആടുകളെ മേയ്ക്കുക എന്നത് സ്നേഹത്തിന്റെ പ്രവൃത്തിയാണ്. അത് അനുഷ്ഠാനങ്ങളിൽ ഒതുങ്ങുകയില്ല. അത് മിശിഹായോടും തനിക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നവരോടുമുള്ള സ്നേഹസമർപ്പണമാണ്. വിശുദ്ധ ജോൺ മരിയ വിയാനിയുടെ വാക്കുകളാണ് ഇത്തരുണത്തിൽ ഗ്രന്ഥകർത്താവ് ഉദ്ധരിക്കുന്നത്: "പൗരോഹിത്യം, അത് ഈശോയുടെ ഹൃദയത്തിന്റെ സ്നേഹമാണ്."

**ദൈവദാനവും ആത്മദാനവും**

സ്നേഹവും ആത്മദാനവും ഒന്നിച്ചുപോകുന്നു. വിശുദ്ധ കൊച്ചുത്രേസ്യാ പറഞ്ഞിരുന്നു: "സ്നേഹിക്കുകയെന്നാൽ എല്ലാം നൽകുകയാണ്, തന്നെത്തന്നെ നല്കുകയാണ്." ദൈവത്താൽ രൂപാന്തരപ്പെടാനും സമ്പൂർണമായി ദൈവത്തിനായി സ്വയം വിട്ടുനല്കാനുമായി പുരോഹിതന്റെ ജീവിതം ദൈവത്തിനു നിരുപാധികം സമർപ്പിക്കപ്പെട്ടിരിക്കുന്നു. ബനഡിക്ട് പതിനാറാമന്റെ വാക്കുകൾ ഇവിടെ കർദിനാൾ സറാ ഉദ്ധരിക്കുന്നു: "ഞാൻ തന്നെയും പുതിയ നിയമത്തിലെ പുരോഹിതനെ ആചാരാനുഷ്ഠാനങ്ങളുടെ 'പരികർമി' എന്നതിനെക്കാൾ ദൈവവചനത്തിന്റെ ഉപാസകനായി അവതരിപ്പിക്കേണ്ടതാണ് എന്ന ബോധ്യമാണ് പുലർത്തിയിരുന്നത്. ദൈവവചനം ധ്യാനിക്കുകയെന്നത് പുതിയ ഉടമ്പടിയിൽ ദൈവത്തിന്റെ പുരോഹിതന്റെ പ്രധാനപ്പെട്ടതും മൗലികവുമായ ചുമതലയാണ്. പുരോഹിതൻ ധ്യാനിക്കാൻ കടപ്പെട്ടിരിക്കുന്ന ഈ വചനം മാംസം ധരിച്ച വചനമാണ്. ഈ വചനത്തെ ധ്യാനിക്കുക എന്നതുകൊണ്ട് എപ്പോഴും അർഥമാക്കുന്നത്, സ്വർഗത്തിൽനിന്നുള്ള അപ്പമായി നമുക്കു നല്കപ്പെടുന്ന വിശുദ്ധ കുർബാനയാകുന്ന ശരീരത്താൽ പവിത്രീകരിക്കപ്പെടുകയെന്നാണ്. പുതിയ ഉടമ്പടിയുടെ സഭയിലെ വചനധ്യാനം ഈശോമിശിഹായുടെ ശരീരത്തിനു തന്നെത്തന്നെ വിട്ടുകൊടുക്കലാണ്. കർത്താവിന്റെ സ്ലീവായുടെ ശക്തിയാൽ നമ്മിൽ സംഭവിക്കുന്ന പരിവർത്തനത്തിനു നമ്മൾ നൽകുന്ന സമ്മതം ഈ കയ്യാളിക്കലിന്റെ ഭാഗമാണ്." (ബനഡിക്ട് പതിനാറാമൻ, കർദിനാൾ റോബർട്ട് സറാ, ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽനിന്ന്, പേജ് 30–31).

ഒരു വൈദികന്റെ ജീവിതത്തിൽ മിശിഹായെ പ്രതിഫലിപ്പിക്കാൻ അവൻ എപ്പോഴും ശ്രമിക്കേണ്ടതാണ്. "ഇനിമേൽ ഞാനല്ല, മിശിഹാ എന്നിൽ ജീവിക്കുന്നു എന്നു പറയത്തക്കവിധം, പരിശുദ്ധ റൂഹാ അവനെ ഒരിക്കലും വിട്ടുപോകാതിരിക്കത്തക്കവിധം, വൈദികന്റെ ആത്മാവ് സൂര്യരശ്മിയെക്കാൾ സംശുദ്ധമായിരിക്കണം" (വി. ജോൺ ക്രിസോസ്തോം).

പുരോഹിതനും മിശിഹായും തമ്മിലുള്ള സ്നേഹം നിറഞ്ഞ താദാത്മ്യത്തിനു പുരോഹിതന്റെ ജീവിതവിശുദ്ധി അനുപേക്ഷണീയമാണ്. ഈശോമിശിഹായാണ് എല്ലാ വിശുദ്ധിയുടെയും ഉറവിടം. വിശുദ്ധിയിലേക്കുള്ള വിളി എല്ലാ ക്രൈസ്തവരെയും ഉദ്ദേശിച്ചുള്ളതാണ്. തന്നെ ഭരമേല്പിച്ചിരിക്കുന്ന ദൈവജനത്തെ വിശുദ്ധിയിലേക്കു നയിക്കാൻ കർത്താവ് തിരഞ്ഞെടുത്തു നിയോഗിച്ചിരിക്കുന്ന പുരോഹിതൻ മാനസാന്തരത്തിന്റെയും വിശുദ്ധീകരണത്തിന്റെയും പാതയെ പുല്കുവാൻ സദാ ഉത്സുകനായിരിക്കണം. ഈശോമിശിഹായുടെ പാത കുരിശിന്റെ വഴിയാണ്. "ഞാൻ മിശിഹായോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, ഞാനല്ല ജീവിക്കുന്നത്, മിശിഹായാണ് എന്നിൽ ജീവിക്കുന്നത്." (ഗലാ. 2: 19, 20).

**വിശുദ്ധീകരണവും സമർപ്പണവും**

"അവരും സത്യത്താൽ വിശുദ്ധീകൃതരാകേണ്ടതിന് അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ. 17:19). ഈ വാക്കുകൾ ശ്ലീഹന്മാരുടെ പൗരോഹിത്യസ്വീകരണത്തെയാണു വ്യക്തമാക്കുന്നതെന്ന് ബനഡിക്ട് പതിനാറാമൻ പാപ്പാ പ്രസ്താവിക്കുന്നു. പൗരോഹിത്യം സ്വീകരിക്കുന്ന ആളിന്റെ ഉടമസ്ഥത കൈമാറ്റം ചെയ്യപ്പെടുകയാണ് എന്ന് അദ്ദേഹം പറയുന്നു. പുരോഹിതൻ ലോകത്തിൽനിന്നെടുക്കപ്പെടുകയും ദൈവത്തിനു സമർപ്പണം ചെയ്യപ്പെടുകയുമാണു സംഭവിക്കുന്നത്. മിശിഹായാകുന്ന സത്യത്താലാണ് പുരോഹിതൻ വിശുദ്ധീകരിക്കപ്പെടുകയും സമർപ്പിക്കപ്പെടുകയും ചെയ്യുന്നത്.

**ആർസിലെ വികാരിയുടെ മാതൃക**

തന്റെ പാവപ്പെട്ട ഇടവകയിൽ മിശിഹായുടെ സാന്നിധ്യമായിരുന്നു വി. ജോൺമരിയ വിയാനി. അവരുടെയും തന്റെതന്നെയും രക്ഷയ്ക്കായി അദ്ദേഹം പ്രാർഥിക്കുകയും പരിത്യാഗങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു. വിശുദ്ധ ഹൊസെ മരിയ എസ്ക്രീവാ എഴുതിയതുപോലെ, "എല്ലാ പ്രവൃത്തികൾക്കും പ്രയത്നങ്ങൾക്കും ഉപരിയായി ഈശോയുടെ തിരുവിഷ്ടം നിറവേറ്റാൻ ഏറ്റവും തീർച്ചയായ മാർഗം, പ്രാർഥിക്കുക, പ്രാർഥിക്കുക, പ്രാർഥിക്കുക, പരിഹാരം അനുഷ്ഠിക്കുക, പ്രായശ്ചിത്തം ചെയ്യുക എന്നതാണ്." ആർസിലെ വിശുദ്ധ വികാരിയും പ്രവർത്തനങ്ങൾ അവഗണിക്കാതെതന്നെ അതാണു ചെയ്തത്.



**വൈദികബ്രഹ്മചര്യം**

ഇവിടെയും കർദിനാൾ സറാ ബനഡിക്ട് പിതാവിന്റെ വളരെ വ്യക്തമായ ഒരു വിശദീകരണമാണ് ഉദ്ധരിക്കുന്നത്: "പതിവായി, പലപ്പോഴും ദിനംപ്രതിയും വിശുദ്ധകുർബാന അർപ്പിച്ചിരുന്നതുകൊണ്ട് ഈശോമിശിഹായുടെ സഭയിലെ പുരോഹിതന്മാരുടെ സ്ഥിതി സമൂലം മാറി. ഇനിയിപ്പോൾ അവരുടെ ജീവിതം മുഴുവൻ ദൈവികരഹസ്യവുമായി നിരന്തരസമ്പർക്കത്തിലാവുകയാൽ, മറ്റെല്ലാ കാര്യങ്ങളും ഒഴിവാക്കി ദൈവത്തിനുമാത്രമായി ജീവിതം ഉഴിഞ്ഞുവയ്ക്കേണ്ടതുണ്ടായിരുന്നു. തത്ഫലമായി ജീവിതം സമ്പൂർണമായി സമർപ്പിക്കേണ്ട വിവാഹംപോലുള്ള ബന്ധം ഒഴിവാക്കേണ്ടിവന്നു. ദിവസേനയുള്ള പരിശുദ്ധകുർബാനയർപ്പണത്തിലുൾക്കൊള്ളുന്ന ദൈവത്തിനുള്ള സ്ഥിരമായ ശുശ്രൂഷയിൽനിന്നു സ്വാഭാവികമായിത്തന്നെ ദാമ്പത്യബന്ധം അസാധ്യമായിത്തീർന്നു. പഴയനിയമകാലത്ത് ദൈവാലയശുശ്രൂഷയുടെ ഘട്ടത്തിൽമാത്രം പാലിക്കേണ്ടിയിരുന്ന ലൈംഗികവിരക്തി പുതിയ നിയമകാലത്ത് പുരോഹിതന്റെ അസ്തിത്വത്തിന്റെതന്നെ ഭാഗമായി രൂപാന്തരം പ്രാപിച്ചു എന്നു പറയാൻ സാധിക്കും" (ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽനിന്ന് – പേജ് 33).

പൗരസ്ത്യപാരമ്പര്യങ്ങളിൽ നിലനില്ക്കുന്ന വിവാഹിതരുടെ പൗരോഹിത്യത്തെ ആദരവോടെ വീക്ഷിക്കുമ്പോഴും ലത്തീൻസഭ വൈദികബ്രഹ്മചര്യം ഒരു നിധിപോലെ കാത്തുസൂക്ഷിക്കുന്നു എന്നും ആ നിധി മൺപാത്രങ്ങളിൽ നല്കപ്പെട്ടിരിക്കുന്നതെങ്കിലും (2 കൊറി. 4: 7) നിധിതന്നെയാണെന്നതിനു തർക്കമില്ലെന്നും ദൈവരാജ്യത്തിനായുള്ള ബ്രഹ്മചര്യം മനസ്സിലാക്കാൻ കഴിയുന്നവൻ മനസ്സിലാക്കട്ടെ (മത്താ. 19: 12) എന്നും പ്രസ്താവിച്ചുകൊണ്ട് കർദിനാൾ സറാ ഈ ഭാഗം ഉപസംഹരിക്കുന്നു. ■



നോവൽ 17 ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്

കഥാസാരം: ഒരു നിർധന കുടുംബത്തിലെ അഞ്ചുപെൺമക്കളിൽ മൂത്തയാളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ ഒരു സ്കൂളിൽ ജോലികിട്ടി. സ്കൂൾ മാനേജർ ആനന്ദന്റെ മകൻ അഭിഷേകുമായി ഇന്ദു സൗഹൃദത്തിലായി. അവർ തമ്മിൽ പ്രണയമാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിദ്ധരിപ്പിച്ചു. ഇന്ദുവിനെ പിരിച്ചുവിട്ടു. ജോലിയും ജോലിക്കായി കൊടുത്ത പണവും നഷ്ടമായി എന്നറിഞ്ഞപ്പോൾ പക്ഷാഘാതം വന്നു കിടപ്പിലായിരുന്ന ഇന്ദുവിന്റെ അച്ഛൻ നാരായണൻ നമ്പൂതിരി ഹൃദയാഘാതം വന്നു മരിച്ചു. ഇന്ദുവിനോടുള്ള പക അടങ്ങാതെ ആനന്ദൻ അവളെ സഹായിക്കാമെന്ന വ്യാജേന തന്റെ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ മികച്ച ശമ്പളത്തിൽ റിസപ്ഷനിസ്റ്റായി ഇന്ദുവിനെ നിയമിച്ചു.

*(തുടർന്നു വായിക്കുക)*

**ഇ**ന്ദു ജോലി ചെയ്യുന്ന കമ്പ്യൂട്ടർസ്ഥാപനത്തിലെ മുഖ്യ ഇൻസ്ട്രക്ടറും നടത്തിപ്പുകാരനും രാജേഷ് എന്ന ചെറുപ്പക്കാരനായിരുന്നു. നന്നായി വേഷം ധരിച്ച് ടിപ്ടോപ്പിലാണ് വരവ്. വാചകമടിച്ച് ആരെയും വശത്താക്കാനുള്ള കഴിവും വിരുതുമുണ്ട്.

ആനന്ദന്റെ വലംകൈയാണ് രാജേഷ്. എന്തുപറഞ്ഞാലും അനുസരിക്കുന്ന വിശ്വസ്തനായ ജോലിക്കാരൻ. മറ്റുള്ള ഇൻസ്ട്രക്ടർമാർക്ക് ദിവസവേതനം കൊടുക്കുമ്പോൾ രാജേഷിന് മാസശമ്പളമായിരുന്നു ആനന്ദൻ കൊടുത്തിരുന്നത്. അതും മെച്ചപ്പെട്ട ഒരു തുക.

നന്നായി അണിഞ്ഞൊരുങ്ങിയായിരുന്നു ഇന്ദുലേഖയും ജോലിക്കു വന്നിരുന്നത്. നല്ല വേഷം ധരിച്ച് മിടുക്കിയായി വരണമെന്ന് ആനന്ദൻ നിർദേശം നൽകിയിരുന്നു. പുതിയ കുറെ വസ്ത്രങ്ങൾ വാങ്ങാൻ പണം മുൻകൂറായി കൊടുക്കുകയും ചെയ്തു. അണിഞ്ഞൊരുങ്ങി മേക്കപ്പിട്ടു വന്നപ്പോൾ കൂടുതൽ സുന്ദരിയായി കാണപ്പെട്ടു ഇന്ദുലേഖ.

ഹൃദ്യമായ സംസാരത്തിലൂടെയും പെരുമാറ്റത്തിലൂടെയും രാജേഷ് വളരെ വേഗം ഇന്ദുലേഖയുമായി അടുത്തു. അയാളുടെ ചിരിയും തമാശകളും ഇന്ദുവിനും ഇഷ്ടമായിരുന്നു. സങ്കടവും സന്തോഷവും പങ്കിടാൻ ഒരു നല്ല സുഹൃത്തിനെ കിട്ടിയ ആശ്വാസമായിരുന്നു അവൾക്ക്. തന്റെ വിഷമങ്ങളും വീട്ടിലെ കഷ്ടപ്പാടുമെല്ലാം ഇന്ദു രാജേഷുമായി പങ്കുവച്ചു.

സൗഹൃദം വളർന്നപ്പോൾ ഇന്ദുവിനെ ജീവിതപങ്കാളിയായി കിട്ടിയിരുന്നെങ്കിലെന്ന് രാജേഷ് ആഗ്രഹിച്ചുപോയി. എങ്കിലും ഇഷ്ടം തുറന്നുപറയാൻ ഒരു സങ്കോചം. താൻ ഈഴവനാണ്. ഇന്ദു നമ്പൂതിരിപ്പെണ്ണും. താഴ്ന്ന ജാതിക്കാരന് ഉയർന്ന ജാതിയിലുള്ള ഒരു പെണ്ണിനോട് എങ്ങനെ പ്രണയം തുറന്നുപറയാൻ പറ്റും? ഇന്ദുവിന്റെ പെരുമാറ്റത്തിൽ ഒരു പ്രണയചിന്ത ഉള്ളതായി കാണുന്നുമില്ല. ആഗ്രഹം മനസ്സിലൊതുക്കി രാജേഷ് മുൻപോട്ടു പോയി.

* * *

ആനന്ദന്റെ ബംഗ്ലാവിൽ സ്നേഹലതയുമൊത്ത് സൊറ പറഞ്ഞിരിക്കുകയായിരുന്നു ആനന്ദൻ. ചിരിയും തമാശകൾക്കുമിടയിൽ സ്നേഹലത പറഞ്ഞു:

"അഭിഷേക് അടുത്തമാസം അമേരിക്കേന്നു വരികല്ലേ. ഇന്ദുവിനെ പിരിച്ചുവിട്ട കാര്യം അറിയുമ്പോൾ അവൻ പ്രശ്നമുണ്ടാക്കില്ലേ സാറേ?"

"അവനെ അവളിൽനിന്നകറ്റാൻ ഇപ്പം എന്താ ഒരു വഴി?"

"ഒരു വഴിയുണ്ട്."

"അതെന്താ?"

"അവളെ അനാശാസ്യപ്രവൃത്തിക്ക് ഹോട്ടൽമുറിയിൽനിന്ന് പോലീസ് അറസ്റ്റു ചെയ്യുന്നു. നാട്ടിൽ അതു പാട്ടാകുന്നു. എന്തേ?"

"അതിപ്പം അവളെ ഹോട്ടൽ മുറിയിൽ കൊണ്ടുവന്ന് അനാശാസ്യം നടത്തിക്കാൻ നമുക്കെങ്ങനെ കഴിയും?"

"അനാശാസ്യം നടത്തിക്കണ്ട. ഹോട്ടൽമുറിയിൽനിന്ന് പിടിച്ചാൽ പോരേ? അത് അനാശാസ്യത്തിനാണെന്ന് പോലീസുകാരെക്കൊണ്ട് പറയിപ്പിച്ചാ മതീല്ലോ. സാറിനു പോലീസിലൊക്കെ നല്ല പിടിയല്ലേ?"

"പോലീസിനെക്കൊണ്ട് പിടിപ്പിക്കാം. പക്ഷേ, ഹോട്ടൽമുറിയിൽ അവളെ എങ്ങനെ എത്തിക്കും?"

"രാജേഷ്, സാറിന്റെ വലം കൈ അല്ലേ? ഒരു ഒഫീഷ്യൽ മീറ്റിങ് ഉണ്ടെന്നു പറഞ്ഞു രാജേഷിന് അവളെ ഹോട്ടൽമുറിയിൽ എത്തിച്ചുകൂടേ? ആരെയും വാചകത്തിലൂടെ വീഴിക്കാൻ രാജേഷ് മിടുക്കനാണല്ലോ."

അതു നേരാണല്ലോന്ന് ആനന്ദൻ ഓർത്തു. താൻ എന്തു പറഞ്ഞാലും അനുസരിക്കുന്നവനാണ് രാജേഷ്.

പിറ്റേന്നു ഞായറാഴ്ച രാജേഷിനെ തന്റെ ബംഗ്ലാവിലേക്കു വിളിച്ചുവരുത്തി ആനന്ദൻ. രാജേഷിനോട് അയാൾ കാര്യങ്ങൾ പറഞ്ഞു:

"സാർ, എനിക്കാ കുട്ടിയെ ഇഷ്ടമാണ്. കല്യാണം കഴിക്കണമെന്നുപോലും ആഗ്രഹിച്ചു നടക്കുന്നവനാണു ഞാൻ. രണ്ടു ജാതിക്കാരായതുകൊണ്ട് എന്റെ ഇഷ്ടം ഞാനവളോടു പറഞ്ഞിട്ടില്ലെന്നേയുള്ളൂ. ഈ സാഹചര്യത്തിൽ ആ പെണ്ണിനെ ചതിക്കാൻ എനിക്കെങ്ങനെയാകും?"

"ചതിയല്ലല്ലോ ഇത്. ഹോട്ടൽ മുറിയിൽനിന്നു നിങ്ങളെ രണ്ടു പേരെയും പോലീസ് പിടിക്കുന്നു. ചോദിക്കുമ്പോൾ നീ സ്നേഹിക്കുന്ന പെണ്ണാണെന്ന് അങ്ങു പറഞ്ഞേക്കുക. അപ്പം പോലീസ് കേസ് ചാർജു ചെയ്യാതെ വെറുതെ വിടും. നാട്ടിലിതു പാട്ടാകും. അവളുടെ ഇമേജ് തകർന്നു തരിപ്പണമാകും.

"ആ സമയത്തു നീ അവൾക്കൊരു രക്ഷകനാകുക. പെട്ടെന്നു പോലീസ് കേറിവന്നപ്പം നിന്നെ രക്ഷിക്കാൻ ഞാനൊരു കള്ളം പറഞ്ഞു. ക്ഷമിക്കണം എന്നൊക്കെ പറഞ്ഞ് ഒരു സീൻ സൃഷ്ടിക്കുക. അവളതു സത്യാന്നു വിശ്വസിക്കും. അല്ലെങ്കിൽ വിശ്വസിപ്പിക്കണം. വേറാരും കല്യാണം കഴിക്കാൻ ഇനി വരില്ല എന്ന സ്ഥിതിയുണ്ടാവുമ്പോൾ നിനക്കവളെ കല്യാണം കഴിച്ചു സുഖായിട്ടു ജീവിക്കാം. നിനക്കറിയാല്ലോ അവളു പരിശുദ്ധയാണ്."

വളഞ്ഞ വഴിയാണെങ്കിലും ഇന്ദുവിനെ വിവാഹം കഴിക്കാൻ അതു നല്ലൊരു വഴിയാണല്ലോ എന്നു രാജേഷ് ചിന്തിച്ചു. ഈ നാടകത്തിൽ മികച്ച അഭിനയം താൻ കാഴ്ചവയ്ക്കേണ്ടിയിരിക്കുന്നു. എവിടെയെങ്കിലും പാളിയാൽ എല്ലാം തകിടം മറിയും. പോലീസ് പിടിക്കുമ്പോൾ തനിക്കും പേരുദോഷം ഉണ്ടാകുമെങ്കിലും സുന്ദരിയായ ഒരു നമ്പൂതിരിപ്പെണ്ണിനെ സ്വന്തമാക്കാൻ പറ്റുമല്ലോ.

രാജേഷ് ആലോചിച്ചിരിക്കുന്നതു കണ്ടപ്പോൾ ആനന്ദൻ ചോദിച്ചു:

"രാജേഷിനു ബുദ്ധിമുട്ടുണ്ടോ?"


"ഇല്ല സാർ; ഞാൻ ചെയ്യാം. പക്ഷേ, സാർ അവളെ പിന്നീട് ശകാരിക്കുകയോ ജോലീന്നു പിരിച്ചുവിടുകയോ ഒന്നും ചെയ്യരുത്."

"ഒരിക്കലുമില്ല."

"ഞാൻ ചെയ്യാം സാർ."

"ഏതു ഹോട്ടലിൽ, ഏതു റൂമിൽ, ഏതു സമയത്ത് അവളെ കൊണ്ടുവരണമെന്നു ഞാൻ നാളെ പറയാം. തത്കാലം നമുക്കിപ്പം പിരിയാം."

നന്ദി പറഞ്ഞ്, ഷേക്ഹാൻഡ് നൽകിയാണ് ആനന്ദൻ രാജേഷിനെ യാത്രയാക്കിയത്.



* * *

ചൈത്രം ഹോട്ടലിന്റെ പടികൾ കയറി ഒന്നാം നിലയിലേക്കു നടക്കുമ്പോൾ ഇന്ദുലേഖയ്ക്ക് ഉള്ളിൽ അങ്കലാപ്പും ആശങ്കയുമായിരുന്നു.

കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് ഒരു ഒഫീഷ്യൽ മീറ്റിങ് ഉണ്ടെന്നും അതിൽ ഇന്ദുവും പങ്കെടുക്കണമെന്ന് ആനന്ദൻ സാർ പറഞ്ഞിട്ടുണ്ടെന്നും രാജേഷ് പറഞ്ഞപ്പോൾ സംശയം തോന്നാതിരുന്നില്ല.

പക്ഷേ, രാജേഷ് കാര്യങ്ങൾ വിശദീകരിച്ചപ്പോൾ സംശയം മാറി. ഒറ്റയ്ക്കല്ലല്ലോ, കൂടെ രാജേഷുമുണ്ടല്ലോ എന്നതായിരുന്നു ആശ്വാസം. ഒരു സഹോദരനെപ്പോലെ തന്നോട് ഇടപെടുന്ന രാജേഷിന്റെ ഉള്ളിൽ ചതിയുടെ ഒരു കണികയെങ്കിലുമുണ്ടെന്ന് ഇന്ദുവിനു ചിന്തിക്കാനേ കഴിയുമായിരുന്നില്ല.

എന്നാലും അകാരണമായി ഒരു ആശങ്ക ഉള്ളിൽ നിറഞ്ഞു.

താക്കോലിട്ട് വാതിൽ തുറന്ന് രാജേഷ് മുറിയിലേക്കു കയറി. എന്നിട്ട് ഇന്ദുവിനെ ക്ഷണിച്ചു. പരിഭ്രമം പടർന്ന മനസ്സോടെ അവൾ അകത്തേക്കു കയറി.

വിശാലമായ മുറി. വലിയ കട്ടിലിൽ ബഡ്ഷീറ്റ് വിരിച്ചിട്ടുണ്ട്. ഒരു വശത്ത് ഇരിക്കാൻ സെറ്റിയും അതിനു മുമ്പിൽ ടീപ്പോയിയും. രാജേഷ് കട്ടിലിൽ ഇരുന്നിട്ട് ഇന്ദുവിനോട് സെറ്റിയിൽ ഇരിക്കാൻ പറഞ്ഞു.

"എത്ര മണിക്കാ മീറ്റിങ്ങിനുള്ള ആളുകൾ വരിക?" സെറ്റിയിൽ ഇരിക്കുന്നതിനിടയിൽ ഇന്ദു ആരാഞ്ഞു.

"അരമണിക്കൂറിനകം വരും. ഇന്ദുവിന് കുടിക്കാൻ എന്താ വേണ്ടത്? ചായയോ കാപ്പിയോ?"

"ഒന്നും വേണ്ട. വേഗം മീറ്റിങ് ഒന്നു കഴിഞ്ഞാൽ മതിയായിരുന്നു." ഇന്ദു അസ്വസ്ഥയായി.

"എന്തിനാ പേടിക്കുന്നേ? ഒറ്റയ്ക്കല്ലല്ലോ. ഞാനല്ലേ കൂടെയുള്ളത്?"

"ഞാനാദ്യായിട്ടാ ഒരു ഹോട്ടൽ മുറിയിൽ ഇങ്ങനെ..."

"ഇപ്പഴത്തെ കാലത്ത് ഇതൊക്കെ വല്യകാര്യാണോ? ഞാൻ ഓരോ ചായ വരുത്താം."

രാജേഷ് ബെൽ അമർത്തി റൂംബോയിയെ വരുത്തി രണ്ടു ചായയ്ക്ക് ഓർഡർ കൊടുത്തു.

ചായ കൊണ്ടുവന്നു കുടിച്ചുകൊണ്ടിരിക്കുമ്പോൾ ഇന്ദു സമയം നോക്കിയിട്ട് പറഞ്ഞു:

"അരമണിക്കൂറാകുന്നല്ലോ. ഇതുവരെ ആരെയും കണ്ടില്ലല്ലോ."

പെട്ടെന്ന് വാതിലിൽ മുട്ടു കേട്ടു.

"വന്നെന്നു തോന്നുന്നു."

രാജേഷ് എണീറ്റു ചെന്നു വാതിൽ തുറന്നു. വാതിൽക്കൽ പ്രത്യക്ഷപ്പെട്ട ആളെ കണ്ട് ഇന്ദു ഞെട്ടി. രണ്ടുപോലീസ് ഉദ്യോഗസ്ഥർ. ഒരാൾ അകത്തേക്കു കയറിയിട്ട് ഇന്ദുവിനെയും രാജേഷിനെയും മാറി മാറി നോക്കി.

ഇന്ദു ഭയന്നുവിറച്ചു നിൽക്കുകയായിരുന്നു.

*(തുടരും)*

# പാലാ മരിയൻ മെഡിക്കൽ സെന്റർ

## സുവർണജൂബിലിപ്രഭയിൽ






**സി. ഷേർളി ജോസ്** FCC
(അഡ്മിനിസ്ട്രേറ്റർ)

**പാ**ലായിലും പരിസരപ്രദേശങ്ങളിലും മികവുറ്റ ചികിത്സാസൗകര്യങ്ങൾ ലഭ്യമല്ലാതിരിക്കവേ തദ്ദേശവാസികളായ രോഗികൾക്ക് ഒരു കൈത്താങ്ങാകണമെന്നത് എഫ്.സി.സി. പാലാ പ്രൊവിൻസിന്റെ ഒരു സ്വപ്നവും ബോധ്യവുമായിരുന്നു. അഭിവന്ദ്യ വയലിൽപ്പിതാവിന്റെ പ്രോത്സാഹനവും നാട്ടുകാരുടെ പിന്തുണയും ബഹു. മദർ മേരി ലിയോ, സി. പയസ് എന്നിവരുടെ ദീർഘവീക്ഷണവും കർമകുശലതയും ചേർന്നപ്പോൾ, 1973 ഫെബ്രുവരി രണ്ടാം തീയതി മരിയൻ മെഡിക്കൽ സെന്റർ ജന്മംകൊണ്ടു. 30 ബെഡ്ഡുകളോടെ എളിയ രീതിയിൽ ആരംഭിച്ച ഈ ആതുരാലയം ഇന്നു വളർന്ന് കോട്ടയം ജില്ലയിലെ പ്രമുഖ മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലൊന്നായി മാറിയിരിക്കുന്നു. ആതുരസേവനത്തിന്റെ മനോജ്ഞമായ 50 വർഷം പിന്നിടുമ്പോൾ അകമഴിഞ്ഞ നന്ദിയോടെ ദൈവകാരുണ്യത്തെ പ്രകീർത്തിക്കുന്നു. ഒപ്പം, മരിയൻ സെന്ററിനെ ഇന്നത്തെ നിലയിലെത്തിക്കുന്നതിനു സ്വയം സമർപ്പിച്ച മുൻഗാമികൾക്ക് ഹൃദയംഗമമായ പ്രണാമവും. കാലാകാലങ്ങളിൽ മരിയൻ സെന്ററിനെ കൈപിടിച്ചുനടത്തിയ എല്ലാ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിനെയും ആശുപത്രിയുടെ വളർച്ചയിലും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പുരോഗതിയിലും ചുക്കാൻപിടിച്ച അഡ്മിനിസ്ട്രേറ്റേഴ്സ്, ഡോക്ടേഴ്സ്, ജീവനക്കാരേവരെയും അത്യന്തം നന്ദിയോടും ആദരവോടുംകൂടി ഓർമിക്കാൻ ഈ അവസരം വിനിയോഗിക്കട്ടെ.

ആശുപത്രിയുടെ ആദ്യമാനേജരായിരുന്ന മദർ മേരി ലിയോ, തുടർന്നുവന്ന സി. പയസ്, സി. റോമുവാൾഡ്, സി. ആനി ട്രീസ, സി. ബെല്ലർമിൻ, സി. പൗളിനോസ് മരിയ, സി. ലിസാ മാർട്ടിൻ, സി. ആൻ ഫെലിക്സ് തുടങ്ങിയ മുൻ പ്രൊവിൻഷ്യലമ്മമാരെയും, സി. പയസ്, ഡോ. സി. ആൻമരിയ, സി. ജിയോ മേരി, സി. ആൻ ഫെലിക്സ്, സി. ബെൻസി എന്നീ മുൻ അഡ്മിനിസ്ട്രേറ്റേഴ്സിനെയും നന്ദിയോടെ സ്മരിക്കട്ടെ. ഇപ്പോൾ പ്രൊവിൻഷ്യൽ സുപ്പീരിയറായി സേവനമനുഷ്ഠിക്കുന്ന സി. ഡോ. ഗ്രേസ് മുണ്ടപ്ലാക്കൽ നൽകിവരുന്ന നിർലോഭമായ സഹായസഹകരണങ്ങൾക്കും യഥാസമയം നൽകുന്ന മാർഗനിർദേശങ്ങൾക്കും ഞങ്ങൾക്കുള്ള കടപ്പാടും നന്ദിയും പ്രത്യേകം എടുത്തുപറയുന്നു. ഈ ആശുപത്രിയിൽ ആത്മീയതയുടെ പ്രകാശം ചൊരിഞ്ഞ എല്ലാ ബഹു. വൈദികരെയും ഇപ്പോൾ ആശുപത്രിയുടെ ചാപ്ലെയിനായിരിക്കുന്ന റവ. ഡോ. ജോർജ് ഞാറക്കുന്നേലിനെയും ആദരവോടെ ഓർമിക്കുന്നു.

ആശുപത്രിയുടെ വളർച്ചയിൽ നിർണായകപങ്കുവഹിച്ച ചീഫ് ഫിസിഷ്യന്മാരായിരുന്ന പരേതരായ ഡോ. ടി.സി. ജോസഫ് തണ്ണിപ്പാറ, ഡോ. അന്നമ്മ, ഡോ. സെബാസ്റ്റ്യൻ പറമുണ്ട, റിട്ടയർ ചെയ്ത ഡോ. റെയ്നോൾഡ്, സർജനും മെഡിക്കൽ സൂപ്രണ്ടുമായിരുന്ന ഡോ. കെ.ജെ. ജയിംസ്, ഡോ. ഏലമ്മ സ്കറിയ എന്നിവരുടെ സേവനങ്ങളെ ഞങ്ങൾ ഏറ്റവും ആദരവോടെ കാണുന്നു. കുഷ്ഠരോഗികളെ സ്നേഹത്തോടെ ശുശ്രൂഷിച്ച വി. ഫ്രാൻസീസ് അസ്സീസിയുടെ ചൈതന്യം ഹൃദയത്തിൽ സ്വീകരിച്ച സമർപ്പിതരായ സഹോദരിമാരുടെ നിസ്വാർഥത്യാഗമാണ് ആശുപത്രിയുടെ ശക്തിയും ചൈതന്യവുമെന്ന് ആദരവോടെ തിരിച്ചറിയുന്നു. ഇന്നു വിവിധ ഡിപ്പാർട്ടുമെന്റുകളിലായി 45 ഡോക്ടർമാരും, സിസ്റ്റേഴ്സും നേഴ്സുമാരും മറ്റുള്ളവരുമായി 450 ലധികം ആളുകളും സേവനം ചെയ്തുവരുന്നു. ഇപ്പോൾ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്ററായ സി. ഷേർളി ജോസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. മാത്യു തോമസ്, നേഴ്സിങ് സൂപ്രണ്ട് സിസ്റ്റർ ജിൻസി വേരനാൽകുന്നേൽ, പി.ആർ.ഒ. സി. ബെൻസി, നേഴ്സിങ് സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ റോസ്മി എന്നിവരുടെ ശക്തമായ നേതൃത്വം ഭാവിയിലേക്കു പ്രതീക്ഷയുടെ ചിറകുകൾ നൽകുന്നു.

കഴിഞ്ഞ 50 വർഷത്തിനുള്ളിൽ ആയിരക്കണക്കിനു രോഗികൾക്ക് സൗഖ്യവും ആശ്വാസവും പകർന്ന ഈ ആതുരാലയത്തിനു പൊതുജനങ്ങളിൽനിന്നും അഭ്യുദയകാംക്ഷികളിൽനിന്നും ലഭിക്കുന്ന വർദ്ധിച്ച പിന്തുണയും പ്രോത്സാഹനവും ഞങ്ങൾക്കു മറക്കാനാവില്ല. പൊതുജനങ്ങൾക്കായി പുതിയ ചികിത്സാപദ്ധതികളും കർമപരിപാടികളും വരുംകാലങ്ങളിൽ ഞങ്ങൾ ആവിഷ്കരിച്ചു നടപ്പിൽവരുത്തുമെന്ന് ഉറപ്പുനൽകട്ടെ. പാവപ്പെട്ടവരും സാധാരണക്കാരുമായ ആയിരങ്ങൾ ഇക്കാലമത്രയും ഞങ്ങളിലർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കാൻ ഞങ്ങളെന്നും പ്രതിജ്ഞാബദ്ധരാണ്.

ഇന്നോളം മരിയൻ സെന്ററിനെ തന്റെ കരങ്ങളാൽ നയിച്ച കാരുണ്യവാനായ ദൈവത്തിന്റെ കരങ്ങളിൽ മരിയനെ വീണ്ടും സമർപ്പിക്കുന്നു. ആശുപത്രിയുടെ മദ്ധ്യസ്ഥയായ പരി. അമലോദ്ഭവമാതാവിന്റെ സംരക്ഷണവും എഫ്.സി.സി. യുടെ അഭിമാനമായ വി. അൽഫോൻസാമ്മയുടെ മാധ്യസ്ഥ്യവും പ്രാർഥിക്കുന്നു. ■




**മാത്യൂസ് ആർപ്പൂക്കര**

# കുളക്കോഴി

**കു**ളക്കോഴിയെ കാണാത്തവരായി ആരെങ്കിലുമുണ്ടോ? ഇല്ലെന്നുതന്നെ പറയാം. കുളക്കരയിലും പാടങ്ങളിലും ജലാശയപ്പൊന്തകളിലും മറ്റും നാണംകുണുങ്ങി നടക്കുന്ന സ്വഭാവമാണ് ഇവയ്ക്കുള്ളത്. മിക്കവാറും താവളങ്ങളിലും പരിസരങ്ങളിലും ചുറ്റിക്കറങ്ങി നടക്കാനാണിഷ്ടം. കുളക്കോഴിക്കു ദേഹമാകെ മങ്ങിയ കറുപ്പുനിറമായിരിക്കും. മുഖം, ശീഘ്രം നടക്കാൻ ഈ പക്ഷിക്കു കഴിയുന്നു. നീളൻവിരലുകൾ ചെളിയിൽ പൂണ്ടുപോകാതിരിക്കാനും പ്രയോജനം ചെയ്യുന്നു. പൊന്തക്കാടുകളുടെ ചുറ്റുവട്ടത്തുനിന്നു കുളക്കോഴികൾ മാറാറില്ല. പുല്ലും കരയിലയും ചപ്പും ചവറുമൊക്കെക്കൊണ്ടുണ്ടാക്കുന്ന കൂടിന് ഒന്നൊന്നര ആൾ പൊക്കമേ കാണൂ. അഞ്ചോ ആറോ മുട്ടകളിടും. മഴക്കാലമാകുന്നതോടെ അതുവരെ പതുങ്ങിക്കഴിഞ്ഞിരുന്ന ഈ പക്ഷികൾ പ്രത്യേകശബ്ദം പുറപ്പെടുവിച്ചു കൂടുതൽ ഉഷാറായ ജീവിതം നയിക്കുന്നതായി കണ്ടുവരുന്നു. പ്രാണികൾ, തവളക്കുഞ്ഞുങ്ങൾ, ഞണ്ടിൻകുഞ്ഞുങ്ങൾ, ഒച്ചുകൾ ഒക്കെയാണ് ആഹാരം. ധാന്യങ്ങളും തിന്നാറുണ്ട്.

കുളക്കോഴികളുടെ കുടുംബത്തിൽ ശ്രദ്ധിക്കേണ്ട പല പക്ഷികളുമുണ്ട്. വലിയ കോഴിയോളം വലിപ്പമുള്ള നീലക്കോഴിയാണ്



താടി, തൊണ്ട, മാറിടം എന്നിവ തൂവെള്ള നിറത്തിലാണ്. കുറുകിയ വാലിനടിയിൽ തവിട്ടുകലർന്ന ചുവപ്പുനിറമാണുള്ളത്. കൊക്ക് പച്ചനിറത്തിലാണ്. കുളക്കോഴികളുടെ കാലുകൾ നീളംകൂടിയതാണ്. അതിനും പച്ചനിറമാണ്. കാലിലെ വിരലുകൾക്കും നല്ല നീളമുണ്ടായിരിക്കും. പൊന്തകളിലോ മരക്കൊമ്പുകളിലോ ആവും കുളക്കോഴി കൂടൊരുക്കുക. ആഴം കുറഞ്ഞതും പരന്നതുമായ കൂടാവുമത്.

ചന്തമാർന്ന ഈ പക്ഷിയെ വാലുകുലുക്കിപ്പക്ഷിയെന്നു കേരളീയർ വിളിക്കാറുണ്ട്. നീളൻകാലുകൾ കുളക്കോഴിയെ ചതുപ്പിലിറങ്ങാൻ സഹായിക്കും. ആഫ്രിക്കൻപായലിലൂടെയൊക്കെ അക്കൂട്ടത്തിൽ പ്രധാനം. പച്ച കലർന്ന നീല നിറമുള്ള ചിറകും കടുംനീലശരീരവുമുള്ള പക്ഷികളാണവ. നീർക്കോഴി, നെല്ലിക്കോഴി, തീപ്പൊരിക്കണ്ണൻ, പട്ടക്കോഴി എന്നിവയാണ് ഇതര കുളക്കോഴി വംശജർ. ആരോഗ്യകരമായ തണ്ണീർത്തടവ്യവസ്ഥയുടെ പ്രതീകമായ കുളക്കോഴികൾ പൊതുവെ കുറഞ്ഞുവരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. വയലുകളിലെ വ്യാപകമായ കീടനാശിനി ഉപയോഗം ഇവയെ ഗുരുതര പ്രതിസന്ധിയിലാക്കിയിരിക്കുന്നു. ദേശാടനക്കിളികൾക്കു വലിയ പ്രാധാന്യംകൊടുക്കുന്ന നമ്മൾ ഇമ്മാതിരി പക്ഷികളെ വില കുറച്ചു കാണാനും അവഗണിക്കാനും മുതിരുന്നതു ശരിയല്ല. ■





ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# ലൈലാകവും നങ്ങേലിപ്പൂവും

പത്തൊമ്പതാം നൂറ്റാണ്ടിൽ ആലപ്പുഴയിലെ ചേർത്തല താലൂക്കിൽ ജീവിച്ചിരുന്നു എന്നു കരുതുന്ന വിപ്ലവനായികയാണു നങ്ങേലി. തിരുവിതാംകൂർഭരണകാലത്തെ അന്യായനികുതികളിൽ പ്രതിഷേധിച്ച് അതിനെതിരേ പോരാടുകയും പിന്നീട് രക്തസാക്ഷിയായിത്തീരുകയും ചെയ്ത ആ സ്ത്രീയെക്കുറിച്ച് വയലാർ മാധവൻകുട്ടി രചിച്ച 'വയലാറിലെ കനൽപ്പൂക്കൾ' എന്ന കഥാസമാഹാരത്തിൽ ഒരു കഥ തന്നെയുണ്ട്. നങ്ങേലി എന്ന അമ്മയായ മറ്റൊരു കഥാപാത്രത്തെ നാം പരിചയപ്പെടുന്നത് ഇടശ്ശേരി ഗോവിന്ദൻനായരുടെ 'പുതപ്പാട്ട്' എന്ന കാവ്യത്തിലാണ്. എന്നാൽ, ഒരു ചലച്ചിത്രഗാനത്തിൽ നങ്ങേലിയെ പൂവാക്കി മാറ്റിയിരിക്കുന്നു, അതിന്റെ രചയിതാവ്. അതാകട്ടെ ഇതിനകംതന്നെ പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റിയ 'മാളികപ്പുറം' എന്ന ചിത്രത്തിലാണുതാനും.

"നങ്ങേലിപ്പൂവേ കുന്നോളം
ദൂരെ ഒന്നായിപ്പോവണ്ടേ
ചങ്ങാതിവാവേ നിന്നൊടുകൂടെ
കണ്ണായി ഞാനില്ലേ
ചെറുനാട്ടുപാതകളിൽ കന
വിന്റെ മാമലയിൽ
തളരാതെ നീ ചുവടേറവെ
തണലായി ഞാനരികെ"

ഈ ചിത്രത്തിൽ ആകെ ഏഴു ഗാനങ്ങളാണുള്ളത്. അക്കൂട്ടത്തിൽ രണ്ടെണ്ണം ഇന്നും രചയിതാവിന്റെ കാര്യത്തിൽ നമുക്ക് ഉറപ്പുപറയാനാകാത്ത 'ഹരിവരാസനം വിശ്വമോഹനം' എന്ന അയ്യപ്പന്റെ ഉറക്കുപാട്ടാണ്. അഞ്ചു പാട്ടുകൾ സന്തോഷ് വർമ എഴുതിയപ്പോൾ മുകളിൽ കൊടുത്തിരിക്കുന്ന ഗാനം മാത്രം ബി. കെ. ഹരിനാരായണൻ രചിച്ചു. ഇക്കാലത്തു മുൻനിര ഗാനരചയിതാവിനുള്ള പദവി പലരും ചാർത്തിക്കൊടുക്കുന്ന വ്യക്തിയാണദ്ദേഹം എന്നുകൂടി ഓർക്കുക. രഞ്ജിൻ രാജ്‌വർമ സ്വന്തം സംഗീതത്തിൽപാടിയ ഗാനമാണിത്.

ഇല്ലാത്ത വാക്കുകൾ സൃഷ്ടിച്ച് ആളാകാനുള്ള ഈ ഗാനരചയിതാവിന്റെ ശ്രമം ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. 'ഇഗ്രസ്' എന്ന ചിത്രത്തിലെ
"പാടുന്നു പ്രിയരാഗങ്ങൾ
ചിരി മായാതെ നഗരം"
എന്ന ഗാനത്തിൽ "ലൈലാകമേ പൂ ചൂടുമോ" എന്നായിരുന്നു ചോദ്യം. ഈ പടമിറങ്ങിയ കാലത്ത് ഒരു അഭിമുഖത്തിൽ ലൈലാക് പൂവിന്റെ മലയാളീകരണമാണ് ലൈലാകമെന്ന് ബി.കെ. ഹരിനാരായണൻ അവകാശപ്പെടുകയുണ്ടായി. അങ്ങനെയെങ്കിൽ ഇതേവരെ മലയാളം ലഭിക്കാത്ത അന്യഭാഷാപദങ്ങൾക്ക് നിറലഭണ്ടു അദ്ദേഹത്തിന് തയ്യാറാക്കാവുന്നതാണ്. അദ്ദേഹത്തിനുതന്നെ ഇനിയങ്ങോട്ടു പാട്ടെഴുതാൻ അതുപകരിക്കുകയും ചെയ്യും.

'നങ്ങേലിപ്പൂവി'നെ സംബോധന ചെയ്തുകൊണ്ടു തുടങ്ങുന്ന ഗാനത്തിൽ 'കുന്നോളം ദൂരെ ഒന്നായിപ്പോവണ്ടേ' എന്നാണ് ആദ്യത്തെ ചോദ്യം. ദൂരത്തെക്കുറിച്ചു പറയുമ്പോൾ ആരെങ്കിലും കുന്നോളം എന്ന വിശേഷണം ചേർക്കുമോ? തന്റെ പ്രയോഗം ഔചിത്യമുള്ളതായിരിക്കണമെന്നു കരുതുന്ന ആരും അങ്ങനെ ചെയ്യുമെന്നു തോന്നുന്നില്ല. അനൗചിത്യം ഈ പല്ലവിയാകെ നിറഞ്ഞുനില്പുണ്ട്. 'നങ്ങേലിപ്പൂവി'നെയും കൊണ്ടാണ് പാട്ടിൽ പറഞ്ഞിരിക്കുന്ന മറ്റു പ്രവൃത്തികൾക്കെല്ലാം നായകൻ തയ്യാറാവുന്നത്.



"ഓമലേ മണിപ്പൈതലേ ഇട
നെഞ്ചിലെ മിടിയേ
നോവിലും നിറവേകിടും ചിരി
യാണു നീയഴകേ
കുഞ്ഞുകാലടിയോടെ നീ കന
വേറിടും നിമിഷം
നെഞ്ചുടുക്കിലെ മോഹത്താള
മു ണർന്നിടും സമയം
മിഴിനീർക്കണം പൊഴിയുന്നു
ഞാൻ
മഴപോലെ എൻമകളേ"

പല്ലവിയിൽ പറഞ്ഞതിന്റെ അന്ധമായ ആവർത്തനമാണ് ഈ അനുപല്ലവിയിൽ കാണുന്നത്. കുഞ്ഞിനെ പാടിപ്പുകഴ്ത്തണമെന്നുണ്ട് പാട്ടെഴുത്തുകാരന്. അതിനു വാക്കുകൾ കിട്ടാതെ വന്നപ്പോൾ കിട്ടിയതു വച്ചു പൊലിപ്പിക്കാനായി ശ്രമം. അതാകട്ടെ വെളുക്കാൻ തേച്ചതു പാണ്ടായി എന്നു പറഞ്ഞതുപോലെയായി.

നാഡി ഇളകുന്നതിനെ, ഹൃദയം തുടിക്കുന്നതിനെയൊക്കെ മിടിക്കുക എന്നു പറയാറുണ്ട്. അതിന്റെ നാമരൂപം മിടിപ്പ് എന്നാണ്. ഇവിടെ 'മിടിയേ' എന്ന സംബോധന എത്ര അരോചകമാണെന്നു ഗാനരചയിതാവിന് അറിഞ്ഞുകൂടെങ്കിലും ആസ്വാദകർക്കറിയാം. കനവിന്റെ മാമലയിൽ തളരാതെ ഇതേ മകൾ ചുവടേറിയതാണ്. വീണ്ടും 'കുഞ്ഞുകാലടിയോടെ നീ കനവേറിടും നിമിഷം' എന്നെഴുതിയിരിക്കുന്നു ഹരിനാരായണൻ. മകളേ, മഴപോലെ ഞാൻ മിഴിനീർക്കണം പൊഴിക്കുന്നു ഞാൻ എന്നെഴുതാനുള്ള സന്മനസ്സും അദ്ദേഹം കാട്ടിയില്ല. ചുരുക്കത്തിൽ എന്തൊക്കെയോ എഴുതി, അതു ഗാനമെന്ന ഓമനപ്പേരിൽ ചലച്ചിത്രത്തിൽ ഉപയോഗിച്ചിരിക്കുന്നു. ഇതു സർഗപ്രക്രിയയല്ല മിതമായ ഭാഷയിൽ പറഞ്ഞാൽ കലാഹിംസയാണ്.

■

## കെണി

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

എലിയുടെ ശല്യം അസഹ്യമായപ്പോഴാണ് അയാൾ എലിക്കെണി വച്ചത്. പക്ഷേ, ഫലമുണ്ടായില്ല. അപ്പോൾ പൂച്ചയെ വളർത്തി. പൂച്ചയുടെ ശല്യം കൂടുതലായപ്പോൾ നായയെ വളർത്തി. പിന്നെ, നായയുടെ ശല്യം ഇല്ലാതാക്കാൻ എന്തു ചെയ്യുമെന്നായി ആലോചന. കഥ അങ്ങനെ നീണ്ടു പോകും സീരിയൽപോലെ....

കാര്യത്തിലേക്കു കടക്കാം. മനുഷ്യർക്കും കെണി വച്ചു രസിച്ചുകൊണ്ടിരുന്ന അയാൾക്ക് ഒടുവിൽ മുട്ടൻപണി കിട്ടി. സംഭവിക്കേണ്ടതു സംഭവിക്കേണ്ട സമയത്തു സംഭവിച്ചിരിക്കും എന്നതു ധർമനീതി.

ഈശോ 41

FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## സാന്ത്വനം

സഹനങ്ങളുടെയും സങ്കടങ്ങളുടെയും നടുവഴിയിൽ ചില സാന്ത്വനവചസ്സുകളുടെ സ്വരം. വിങ്ങി വേദനിക്കുന്ന തന്റെ ശരീരത്തെ വിസ്മരിച്ച് തനിക്കുവേണ്ടി വിലപിച്ചവരെ അവൻ സമാശ്വസിപ്പിച്ചു. കരളുരുകുന്ന വേദനകൾ കടിച്ചുപിടിച്ച വേളയിലും മറ്റുള്ളവരുടെ കണ്ണീരകറ്റാൻ അവന്റെ അധരങ്ങൾ തുറന്നു. ഒട്ടിയ വയറുമായി പട്ടിണി കിടക്കുമ്പോഴും കുഞ്ഞിനെ പാലൂട്ടുന്ന പെറ്റമ്മയെപ്പോലെ കരുതലുള്ളവർ അങ്ങനെയാണ്. ഉരുകിത്തീരുമ്പോഴും പ്രകാശിക്കുന്ന മെഴുകുതിരികൾ. തന്റെ മിഴികളെ മൂടിയിരുന്ന ചോരപ്പാടയുടെ ഇടയിലൂടെയും അവന്റെ ദൃഷ്ടികൾ പോയത് അപരന്റെ കണ്ണീരിലേക്കായിരുന്നു. അവനേറ്റ അടികൾക്കൊന്നിനും സ്നേഹിക്കുന്നവരുടെ മുറവിളി കേൾക്കാതിരിക്കത്ത വിധം അവന്റെ കേൾവിയെ ഇല്ലാതാക്കാൻ കഴിഞ്ഞില്ല. തന്റെ ഇല്ലായ്മകളെക്കാൾ മറ്റുള്ളവരുടെ വല്ലായ്മകൾക്കാണ് അവൻ വില കല്പിച്ചത്. വാർന്നുപോകുന്ന തന്റെ ജീവരക്തത്തെക്കാൾ ചുറ്റുമുള്ളവരുടെ മിഴിനീരിനാണ് അവൻ പ്രാധാന്യം കൊടുത്തത്. സ്വന്തം സമയം തീരാറായപ്പോഴും മറ്റുള്ളവർക്കുവേണ്ടി അവൻ സമയം കണ്ടെത്തി. ദുസ്സഹമായ വേദനകളിലൂടെ കടന്നുപോയപ്പോഴും അവന്റെ സ്വരത്തിനു സാന്ത്വനത്തിന്റെ ആർദ്രതയായിരുന്നു.

അഴലുകളുടെ വഴിയിലും ആശ്വാസത്തിന്റെ ആൾരൂപമായി മാറിയവനെ അനുഗമിക്കാനുള്ള വിളിയാണ് നമ്മുടേതും. എന്നാൽ, നമ്മുടെ ആകുലതകളിലും തിരക്കുകളിലും മറ്റുള്ളവരുടെ ആധികൾ നാം ഓർക്കാറുണ്ടോ? മറ്റുള്ളവരുടെ മാറാവേദനകൾക്കു നമ്മുടെ ജീവിതത്തിൽ എന്തു സ്ഥാനമാണുള്ളത്? ക്രിസ്ത്യാനികളെന്ന നിലയിൽ നമ്മിൽനിന്നു പ്രതീക്ഷിക്കപ്പെടുന്ന ചന്തമുള്ള ചില മനോഭാവങ്ങളും കടമകളുമൊക്കെയുണ്ട്. അവയെ മറന്നു ജീവിക്കരുത്. നമ്മുടെ പ്രിയരുടെയും പരിചിതരുടെയും വെറുമൊരു വഴിപോക്കന്റെയുമൊക്കെ കദനങ്ങളിൽനിന്ന് ഒഴിഞ്ഞുമാറിയ അവസരങ്ങളെ ഓർത്തു ലജ്ജിക്കാം. പറയാതെപോയ ആശ്വാസവാക്ക്, തുടയ്ക്കാതെപോയ കണ്ണീര്, നീട്ടാതെ പോയ സഹായഹസ്തം, കൊടുക്കാതെപോയ സാന്നിധ്യം എന്നിങ്ങനെ നാം നഷ്ടമാക്കിയ മുത്തുകളെയും പവിഴങ്ങളെയുംപറ്റി മനസ്തപിക്കാം. കരയുന്നവരെ ആശ്വസിപ്പിക്കാൻകൂടിയാണ് ദൈവം നമുക്കു നാവു നല്കിയിരിക്കുന്നത്. നമ്മുടെ നൊമ്പരങ്ങളുടെ നുകം മാത്രം തോളിലേന്തുമ്പോൾ അവയ്ക്കു ഭാരമേറും. അവയ്ക്കൊപ്പം മറ്റുള്ളവരുടെയും കൂടെയുണ്ടെങ്കിൽ ആ നുകം മധുരമുള്ളതായി മാറും. ചുറ്റുമുള്ളവരുടെ മുറിവുകളെയും മനോദുഃഖങ്ങളെയും കാണാനുള്ള കാഴ്ചശേഷി നമുക്കുണ്ടാകട്ടെ. നമ്മുടെ കർമങ്ങൾക്കും കഥനങ്ങൾക്കും സാമീപ്യത്തിനുമൊക്കെ സാന്ത്വനത്തിന്റെ സുഖം സമ്മാനിക്കാൻ സാധിച്ചാൽ അതൊരു വലിയ സുകൃതമായിരിക്കും. അനർഥങ്ങൾ നമ്മെ ഗ്രസിക്കുമ്പോൾ മറ്റുള്ളവരുടെമേൽ ശാപവാക്കുകളും പഴികളും ചുമത്താതെ പ്രത്യാശയോടെ അവയെ നേരിട്ടുകൊണ്ട് നമ്മോടു സഹതപിക്കുന്നവർക്കും നമ്മെ പരിചരിക്കുന്നവർക്കും ആശ്വാസമേകാനാണു ശ്രദ്ധിക്കേണ്ടത്. അപരന്റെ കവിൾത്തടം തുടയ്ക്കാനുള്ള കർത്താവിന്റെ കൈത്തൂവാലകളായി മാറിക്കൊണ്ട് പൂഴിയിലെ പുണ്യങ്ങളായി ജീവിക്കാൻ നമുക്കു സാധിക്കണം.



■

# ഹൃദയത്തിലലിഞ്ഞ വാണീമധുരം!



ളാക്കാട്ടൂർ പൊന്നപ്പൻ

"സൗരയൂഥത്തിൽ വിടർന്നൊരു കല്യാണസൗഗന്ധികമാണീ ഭൂമി.'' ഈ ഗാനം കേൾക്കാത്ത മലയാളികളുണ്ടോ? 1973 ൽ മലയാളിയല്ലാത്ത വാണിജയറാം മലയാളത്തിലേക്കു കടന്നുവന്നത് 'സ്വപ്നം' എന്ന സിനിമയ്ക്കു പാടാൻവേണ്ടിയാണ്. കൈപിടിച്ചുകൊണ്ടുവന്നത് മലയാളിയല്ലാത്ത സലിൻ ചൗധരി. ഒ.എൻ.വി. കുറുപ്പിന്റെ ചാരുതയാർന്ന വരികൾ ഒരു മലയാളിയെപ്പോലെ ഉച്ചാരണശുദ്ധിയോടെ ആലപിക്കാൻ കഴിഞ്ഞ വാണി, പിന്നെ തിരിഞ്ഞുനോക്കിയിട്ടില്ല.

എട്ടാം വയസ്സിൽ ആകാശവാണിയിൽ പാടിക്കൊണ്ട് അരങ്ങേറ്റം കുറിച്ച വാണി 78 വയസ്സു തികയുമ്പോൾ പതിനായിരക്കണക്കിനു ഗാനങ്ങൾ ആലപിച്ചുകഴിഞ്ഞിരുന്നു. അവസാനം പുലിമുരുകൻ എന്ന പടത്തിൽ പാടിയ 'മാനത്തെ മാരിക്കുഴമ്പേ' എന്ന ഭാവോജ്ജ്വലമായ ഗാനത്തിന്റെ തികവ് പറഞ്ഞറിയിക്കേണ്ട കാര്യമില്ല.

സംഗീതപ്രേമികൾ 'വാണിയമ്മ' എന്ന് ആരാധനയോടെ വിളിച്ചുപോരുന്ന ഇവരുടെ യഥാർഥപേര് കലൈവാണി എന്നായിരുന്നു. തമിഴ്നാട്ടിലെ വെല്ലൂരിൽ ദൊരൈസ്വാമി - പത്മാവതി ദമ്പതിമാരുടെ ഒൻപതുമക്കളിൽ അഞ്ചാമത്തവളാണ് കലൈവാണി. അന്വർഥമായ ആ പേരു നല്കിയത് അച്ഛൻ ദൊരൈസ്വാമിയാണ്. ആദ്യഗുരു, സംഗീതവിദുഷിയായിരുന്ന മാതാവ്. പിന്നീട്, കടലൂർ ശ്രീനിവാസ അയ്യങ്കാരുടെ ശിക്ഷണത്തിൽ ശാസ്ത്രീയ സംഗീതം അഭ്യസിച്ചു.

മലയാളസിനിമയുടെ പുഷ്കലകാലമായിരുന്ന 1970 കളിലും 80 കളിലും 90 കളിലും വെന്നിക്കൊടി പാറിച്ച് ജൈത്രയാത്ര നടത്തിക്കൊണ്ട് തെക്കേഇന്ത്യയിൽ സിനിമാസംഗീതമേഖലയിൽ ആകമാനം തെളിഞ്ഞുവിളങ്ങിയിരുന്നു വാണിജയറാം; മലയാളത്തിന്റെ മകളായി മാറിയിരുന്നു! സ്വപ്നം സിനിമയിലെ ആലാപനം കേട്ട സംഗീതസംവിധായകർ ഇരുകൈയും നീട്ടി വാണിയെ സ്വീകരിക്കുകയായിരുന്നു. 'തിരുവോണപ്പുലരിയിൽ' എന്ന ഗാനം ഇന്നും തിരുവോണനാളിൽ ഒഴിവാക്കാൻ പറ്റാത്ത ഗാനമായി മാറി. സംഗീതസംവിധായകൻ അർജ്ജുനൻമാസ്റ്റർക്ക് വാനോളം ഉയരാൻ ആ ഒരു ഗാനംമാത്രം മതിയായിരുന്നു.

സംഗീതപഠനത്തിനുവേണ്ടി ബാങ്കുജോലി രാജിവച്ച്, ലതാമങ്കേഷ്കറെപ്പോലെ ബോളിവുഡ് ഗായികയാകാൻ ആഗ്രഹിച്ച വാണിയെത്തേടി ആദ്യാവസരം എത്തിയത് 1970 ൽ ആയിരുന്നു. ഗുഡ്ഡി എന്ന ഹിന്ദിചിത്രത്തിൽ 'ബോലേരേപപ്പിഹരാ' പാടിക്കൊണ്ട് വാണി ബോളിവുഡ്ഡിൽ തുടക്കം കുറിച്ചു. പിന്നീടുള്ള സംഗീതയാത്രയിൽ മാതൃഭാഷയായ തമിഴിലും, തെലുങ്ക്, മറാഠി, കന്നട, ഹിന്ദി, മലയാളം ഭാഷകളിലുമായി പതിനായിരത്തിനുമേൽ ഗാനങ്ങൾ ആലപിച്ച വാണിയെ മൂന്നുതവണ ദേശീയപുരസ്കാരവും അവസാനം പദ്മഭൂഷണും നല്കി രാജ്യം ആദരിച്ചു.

ബാങ്കുദ്യോഗസ്ഥനായിരുന്ന ഭർത്താവ് ജയറാം അദ്ദേഹത്തിന്റെ ജോലി രാജിവച്ച് വാണിയുടെ സംഗീതത്തിന്റെ ഉന്നമനത്തിനായി ജീവിതം ഉഴിഞ്ഞുവയ്ക്കുകയായിരുന്നു. മൂന്നുവർഷംമുമ്പ് അദ്ദേഹം അന്തരിച്ചപ്പോൾ വാണി ഒറ്റയ്ക്കായി. അനന്തരാവകാശികൾ ഇല്ല. 78-ാം വയസ്സിൽ ഫെബ്രുവരി 4 ന് ആ മധുരശബ്ദം അനന്തതയിൽ ലയിച്ചു.

പാടി മതിവരാതെ മൺമറഞ്ഞ വാണിജയറാമിന്റെ തിരോധാനമറിഞ്ഞ്, അവരെ കേട്ടുമതിവരാത്ത ആരാധകവൃന്ദത്തിന്റെ ദുഃഖമാണ് രാജ്യമെങ്ങും. അവർ പാടി ഹരംകൊള്ളിച്ച പാട്ടുകളുടെ ലിസ്റ്റ് എഴുതാൻ ഇടംപോരാ. എങ്കിലും മറക്കാനാവാത്ത ചില പാട്ടുകൾ കുറിക്കാം. ആദ്യകാലത്ത് പാടിയ 'സൗരയൂഥത്തിൽ', 'തിരുവോണപ്പുലരിയിൽ', 'വാൽക്കണ്ണെഴുതി', 'നാടൻപാട്ടിലെ മൈന', 'ആഷാഢമാസം', 'ഓലഞ്ഞാലിക്കുരുവീ', 'പൂക്കൾ പനിനീർ', 'നാദാപുരംപള്ളിയിലെ', 'ധുംതനധുംതന', 'മാനത്തെ മാരിക്കുറുമ്പേ...



1945 - 2023

വാണിജയറാമിനെക്കുറിച്ച് എഴുതാനിനിയും ധാരാളം. അവരുടെ ഹോബിയെക്കുറിച്ച്, മറ്റു ഗായകരുമായുള്ള ബന്ധത്തെക്കുറിച്ച്, സംഗീതസംവിധായകരുമായുള്ള അടുപ്പത്തെക്കുറിച്ച്... വിസ്തരഭയത്താൽ നിർത്തുന്നു.

ഏതോ ജന്മകല്പനയിൽ ഏതോ ജന്മവീഥികളിൽ എവിടെയോ മാറിനില്ക്കുന്ന ആ സംഗീതതാരകത്തെ നമുക്കിനി മനസ്സിൽ സൂക്ഷിക്കാം.

■

# തേനീച്ചവളർത്തൽ ശാസ്ത്രീയപരിശീലനം

പാലാ: നബാർഡിന്റെ സഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ചെറുതേനീച്ച - വൻതേനീച്ച വളർത്തലിൽ ശാസ്ത്രീയപരിശീലനം സംഘടിപ്പിക്കുന്നു. പാലായിൽ വച്ച് 15 ദിവസം നീണ്ടുനിൽക്കുന്ന സൗജന്യ പരിശീലനപരിപാടിയിൽ തേനീച്ച വളർത്തൽ, കൂട് പിരിക്കൽ, തേൻ എടുക്കൽ, സംസ്കരണം, മഴക്കാലസംരക്ഷണം, മൂല്യവർധിതോത്പന്നനിർമാണം തുടങ്ങിയവയിൽ വിദഗ്ധപരിശീലനം നൽകും. പാലാ ഹരിതം, പാലാ സാൻതോം എന്നീ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളിലെ അംഗങ്ങൾക്കും അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർക്കും ഈ പരിശീലനപരിപാടിയിൽ പങ്കെടുക്കാം. 2023 ഫെബ്രുവരി മാസം നടക്കുന്ന പരിശീലനപരിപാടിയിൽ താത്പര്യമുള്ളവർ ബന്ധപ്പെടുക: 9447601428.

# മലയാളത്തിന്റെ ഡൽഹി കാരണവർക്ക് 100



ആധുനിക മലയാളനാടകപ്രസ്ഥാനത്തെ മുന്നണിയിൽ നിന്നു നയിച്ച ഓംചേരി എൻ.എൻ.പിള്ളയ്ക്ക് നൂറുവയസ്സ്. ഡൽഹി മലയാളികളുടെ സാംസ്കാരിക, സാഹിത്യലോകത്തെ കാരണവരാണ് ഓംചേരി. 1924 ഫെബ്രുവരി ഒന്നിന് വൈക്കം മൂത്തേടത്തുകാവിലെ ഓംചേരിയിൽ നാരായണപിള്ളയുടെയും പാപ്പിക്കുട്ടിയമ്മയുടെ മകനായാണ് ജനനം. വൈക്കം അയ്യർകുളങ്ങര ഗവ. യു.പി. സ്കൂളിൽ തുടങ്ങി കോട്ടയം സി.എം.എസ്. കോളജും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജും എറണാകുളം ലോ കോളജും പിന്നിട്ട് അമേരിക്കയിലെ പെൻസിൽവേനിയ, മിഷിഗൻ സർവകലാശാലകൾവരെ നീണ്ട പഠനം. 1952 ൽ ഓൾ ഇന്ത്യ റേഡിയോയിൽ തുടങ്ങി ഡി.എ.വി.പി., സെൻസേഴ്സ് ഓഫീസ്, ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷൻ ആൻഡ് മാനേജ്മെന്റ്, ഇന്ത്യയിൽ ബനാറസ് ഹിന്ദു, പഞ്ചാബ്, ഒസ്മാനിയ, അമേരിക്കയിൽ കാലിഫോർണിയ യൂണിവേഴ്സിറ്റിവരെ സേവനം.

### ഓംചേരിയുടെ സംഭാവനകൾ

മലയാളസാഹിത്യശാഖയ്ക്ക് നാടകം, കവിത, നോവൽ, കഥകൾ, പഠനങ്ങൾ തുടങ്ങിയവയിലൂടെ നിരവധി സംഭാവനകളാണ് ഓംചേരി നൽകിയിട്ടുള്ളത്. ഒൻപത് മുഴുനീള നാടകങ്ങൾ, എൺപതിലേറെ ലഘുനാടകങ്ങൾ, നിരവധി പഠനങ്ങൾ, ഏതാനും നോവലുകളും കവിതകളും ഇങ്ങനെ നീളുന്നു ആ പ്രയാണം.

### പ്രധാനകൃതികൾ

ആകസ്മികം(ആത്മകഥ), വികാസരേഖകൾ, ലക്ഷ്യവും മാർഗവും (പഠനം), വികാരങ്ങൾ വിചാരങ്ങൾ, കാഴ്ചകൾ കാഴ്ചപ്പാടുകൾ(ലേഖനസമാഹാരം), ഈ വെളിച്ചം നിങ്ങൾക്കുള്ളതാകുന്നു, ഇത് നമ്മുടെ നാടാണ്. പ്രളയം, തേവരുടെ ആന, ഉലകുടപ്പെരുമാൾ, കുറെ സമുദായക്കാരും അല്പം ചില മനുഷ്യരും, ദൈവം വീണ്ടും തെറ്റിദ്ധരിക്കുന്നു, യേശുവും ഞാനും, നല്ലവനായ ഗോഡ്സെ, നോക്കുകുത്തി തെയ്യം, മിണ്ടാപ്പൂച്ചകൾ, അധിനിവേശം(നാടകം), ഒപ്പത്തിനൊപ്പം, എട്ടു നാടകങ്ങൾ(ഏകാങ്കം).

### കുടുംബം


സംഗീതജ്ഞൻ കമുകറ പുരുഷോത്തമന്റെ സഹോദരിയും പ്രമുഖ എഴുത്തുകാരിയുമായ ലീലാ ഓംചേരിയാണ് ഭാര്യ. മകൻ: എസ്.ഡി. ഓംചേരി (ശ്രീദീപ് ഓംചേരി). മകൾ: ദീപ്തി ഓംചേരി.

### പ്രധാനപ്പെട്ട പുരസ്കാരങ്ങൾ

സമസ്തകേരള സാഹിത്യ പരിഷത്ത് സമ്മാനം (1952), കേരള സാഹിത്യ അക്കാദമി അവാർഡ് - നാടകം (1972), സാഹിത്യ പ്രവർത്തക സഹകരണസംഘം അവാർഡ് (1974), കേരള സാഹിത്യ അക്കാദമി സമഗ്രസംഭാവനാ പുരസ്കാരം(2010), കേരള സംഗീത നാടക അക്കാദമി പ്രവാസി കലാരത്ന അവാർഡ് (2012), നാട്യഗൃഹ അവാർഡ് (2014), കേരള ക്രിസ്റ്റ്യൻ അസോസിയേഷൻ അവാർഡ് 2017, പബ്ലിക് റിലേഷൻസ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് (2014), ഇന്റർ നാഷണൽ അസോസിയേഷൻ ഓഫ് എജ്യൂക്കേറ്റേഴ്സിന്റെ ഹയർ എജ്യൂക്കേഷൻ ഡെവലപ്മെന്റ് അവാർഡ് (2004), കേരള സർക്കാരിന്റെ രണ്ടാമത്തെ പരമോന്നത ബഹുമതിയായ പ്രഥമ കേരളപ്രഭാപുരസ്കാരം (2022).

■

# ഗീതു: ബാസ്കറ്റ്ബോളിൽ റോൾ മോഡൽ



സനിൽ പി. തോമസ്

**ഓ**സ്ട്രേലിയയിലെ ബിഗ് ഫൈവ് സെക്കൻഡ് ഡിവിൻ ഷൻ ലീഗിൽ 2008 ലെ ഏറ്റവും മൂല്യമുള്ള താരം ഗീതു അന്ന ജോസ് ആയിരുന്നു. റിങ്‌വുഡ് ഹോക്ക്സിനു കളിക്കുമ്പോഴായിരുന്നു ഈ നേട്ടം. പക്ഷേ, സമ്മാനം ലഭിക്കുംമുമ്പ് ഗീതുവിനു നാട്ടിലേക്കു മടങ്ങേണ്ടിവന്നു. ഒൻപതു വർഷം കടന്നുപോയി. 2017–18 ൽ ഹോക്ക്സ് ടീം കേരളം സംഘടിപ്പിച്ച ഹൂപ്പത്തണിൽ പങ്കെടുക്കാൻ എത്തി. ടീമിന്റെ പരിശീലകൻ വന്നത് ഗീതുവിനു ലഭിച്ച സമ്മാനവുമായിട്ടാണ്. അദ്ദേഹം അത് ഗീതുവിനു കൈമാറി. ടിം മോട്ടിൻ എന്ന പരിശീലകൻ തന്റെ ശിഷ്യയ്ക്കു ലഭിച്ച സമ്മാനം ഒൻപതുവർഷം സൂക്ഷിച്ചു. ഒരു ടൂർണമെന്റിലെ ഏറ്റവും മികച്ച കളിക്കാരിയുടെ മൂല്യമെന്തെന്ന് ആ പരിശീലകൻ മനസ്സിലാക്കി. ഒരുപക്ഷേ, ആ സമ്മാനം കൈമാറിയപ്പോൾ ഗീതുവിനെക്കാൾ സന്തോഷിച്ചത് ടിം മോട്ടിൻ ആയിരുന്നിരിക്കണം.

ഗീതു അന്നാ ജോസ് എന്ന ബാസ്കറ്റ്ബോൾ കളിക്കാരിയുടെ മികവോ മൂല്യമോ മനസ്സിലാക്കാൻ ഇന്ത്യയ്ക്ക്, പ്രത്യേകിച്ച് കേരളത്തിന് ഇനിയും കഴിഞ്ഞിട്ടുണ്ടോ? തമിഴ്നാട്ടിൽനിന്ന് തിരുവനന്തപുരത്ത് എത്തിയിട്ടും ഈ റെയിൽവേതാരത്തെ കേരളം കണ്ടതായി ഭാവിച്ചില്ല. ജിമ്മി ജോർജ് അവാർഡും അർജുന അവാർഡും ലഭിച്ച കളിക്കാരിയെ സ്വന്തം സംസ്ഥാനം ഇനിയും അംഗീകരിച്ചിട്ടില്ല.

കോട്ടയം കൊല്ലാട് പുളിക്കൽ ജോസിന്റെ പുത്രി ഗീതു കോട്ടയം മൗണ്ട് കാർമൽ സ്കൂളിലും ചങ്ങനാശേരി അസംപ്ഷൻ കോളജിലും പഠിച്ചാണ് ഇന്ത്യൻ താരമായത്. 12 ദേശീയ ചാംപ്യൻഷിപ്പുകളിൽ 10 കിരീടങ്ങൾ ഉൾപ്പെടെ 12 മെഡൽ. ഒരു വെള്ളി, ഒരു വെങ്കലം. കേരളത്തിനു കളിച്ചപ്പോഴായിരുന്നു മൂന്നാം സ്ഥാനം. ദേശീയ ഗെയിംസിൽ രണ്ടു തവണ തമിഴ്നാട് ടീമിലൂടെ സ്വർണം. ഫെഡറേഷൻ കപ്പിൽ 2012 ൽ കിരീടം. രണ്ടുതവണ ദക്ഷിണ റെയിൽവേയ്ക്കായി രണ്ടാംസ്ഥാനം.

ഇതൊക്കെ സാധാരണ നേട്ടം മാത്രം. യഥാർഥത്തിൽ ഗീതുവിലെ ബാസ്കറ്റ്ബോൾ താരത്തെ വിലയിരുത്തേണ്ടത് മേൽപ്പറഞ്ഞ നേട്ടങ്ങളുടെ പേരിലല്ല. വിദേശക്ലബിനുവേണ്ടി ബാസ്കറ്റ്ബോൾ കളിച്ച ആദ്യ ഇന്ത്യക്കാരിയാണ് ഗീതു അന്ന ജോസ്. പ്രഫഷണൽ ബാസ്കറ്റ്ബോൾ ലീഗ് കളിച്ച പ്രഥമ ഇന്ത്യൻ വനിതയും ഗീതുതന്നെ. നമ്മൾ പലപ്പോഴും പല നേട്ടങ്ങളിലും 'ആദ്യമലയാളി' എന്നു വിശേഷിപ്പിക്കാറുണ്ടല്ലോ. ആദ്യമലയാളിയിൽനിന്ന് ആദ്യ ഇന്ത്യക്കാരിയിലേക്കുള്ള ദൂരം എത്രയെന്നുകൂടി ഓർക്കണം.



2006 ജൂലൈയിലാണ് ഗീതു ആദ്യമായി ഓസ്ട്രേലിയയിലെ റിങ്‌വുഡ് ടീമിൽ കളിച്ചത്. ആ മാസംതന്നെ 'പ്ളെയർ ഓഫ് ദ് മന്ത്' ആയി. ജൂലൈയിൽ മാത്രം നാലു മത്സരങ്ങൾ ജയിച്ച റിങ്‌വുഡിന്റെ ടോപ് സ്കോററും മിക്കവാറും ഈ മലയാളിതാരമായിരുന്നു. അതിനുമുമ്പ്, 2002 ൽ ചൈനയിൽ നടന്ന ഏഷ്യൻ ജൂനിയർ ബാസ്കറ്റ്ബോളിലൂടെ ഇന്ത്യൻ ടീമിൽ എത്തിയ ഗീതു താമസിയാതെ, ഇന്ത്യൻ സീനിയർ താരമായി; ടീമിന്റെ തുറുപ്പുചീട്ടുമായി. 2013 ൽ ഖത്തറിൽ ഫിബ ഏഷ്യാ കപ്പിൽ ഇന്ത്യയെ നയിച്ച ഗീതു മികച്ച കളിക്കാരിയുമായി. നേരത്തേ 2010 ൽ ഗ്വാങ്ഷു ഏഷ്യൻ ഗെയിംസിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്തിരുന്നു.

ചൈനീസ് തായ്പേയിൽ 2011 ലും 12 ലും നടന്ന വില്യം ജോൺസ്കപ്പ്, മലേഷ്യയിൽ നടന്ന ഇൻവിറ്റേഷൻ ടൂർണമെന്റ്, ന്യൂസിലൻഡിൽ നടന്ന സൗഹൃദമത്സരങ്ങൾ തുടങ്ങി രാജ്യാന്തരതലത്തിൽ ഗീതു ഒട്ടേറെത്തവണ ഇന്ത്യൻ ടീമിൽ കളിച്ചു. കോർട്ടിൽ തന്റെ 184 സെ.മീ. ഉയരം പൂർണമായും പ്രയോജനപ്പെടുത്തിയ ചരിത്രമാണ് ഗീതുവിന്റേത്. 2006 ൽ മെൽബൻ കോമൺവെൽത്ത് ഗെയിംസിൽ മൂല്യമുള്ള താരമായത് ശ്രദ്ധേയനേട്ടമാണ്. ടീമായി ഇന്ത്യയ്ക്കു തിളങ്ങാൻ കഴിയാതെവന്നതാണ് ഗീതുവിന്റെ നേട്ടം പലപ്പോഴും ശ്രദ്ധിക്കപ്പെടാതെപോയതിനു കാരണം.

ആറുതവണ ഏഷ്യൻ ചാംപ്യൻഷിപ്പിൽ പങ്കെടുത്ത ഗീതു 2012 ലും 13 ലും ഏഷ്യൻ ബീച്ച് ബാസ്കറ്റ്ബോളിൽ ഇന്ത്യയെ സ്വർണമണിയിച്ചു. നേരത്തേ 2007 ൽ ദക്ഷിണ കൊറിയയിൽ ഏഷ്യൻ ചാംപ്യൻഷിപ്പിന്റെ രണ്ടാം ഡിവിഷനിൽ ഇന്ത്യയെ മുന്നിലെത്തിച്ചു. ചരിത്രത്തിൽ ആദ്യമായി എലീറ്റ് ഡിവിഷനിൽ കളിക്കാൻ ഇന്ത്യ യോഗ്യത നേടിയത് അന്നാണ്. 2009 ൽ ചെന്നൈയിൽ ഏഷ്യൻ ചാംപ്യൻഷിപ്പിൽ ഇന്ത്യൻനായികയായിരുന്നു. ഇതേ വർഷം ഒക്ടോബറിൽ, രാജ്യാന്തര ബാസ്കറ്റ്ബോൾ ഫെഡറേഷന്റെ (ഫിബ) റാങ്കിങ്ങിൽ ഏഷ്യയിൽ ഒന്നാമതെത്തി. ഈ നേട്ടം കൈവരിച്ച ആദ്യ ഇന്ത്യൻ വനിതാതാരം.

നൂറിലേറെ രാജ്യാന്തരമത്സരങ്ങളുടെ അനുഭവസമ്പത്ത് ഗീതുവിനു സ്വന്തം. രാഹുൽ എം. കോശിയാണ് ഭർത്താവ്. മക്കൾ: ആര്യൻ, ആരാധന. തിരുവനന്തപുരത്തു താമസിക്കുന്ന ഗീതുവിന് സംസ്ഥാനം കാര്യമായ ബഹുമതികളൊന്നും നൽകിയിട്ടില്ല. പദ്മ പുരസ്കാരങ്ങളിലും ഗീതു തഴയപ്പെട്ടു. ബാസ്കറ്റ് ബോളിൽ ഇന്ത്യയ്ക്ക് എടുത്തുപറയത്തക്ക രാജ്യാന്തരനേട്ടങ്ങൾ ഇല്ലാത്തതാണ് ഇതിനു കാരണമെന്നു വാദിക്കാം. പക്ഷേ, നേട്ടങ്ങളിൽ ഗീതുവിനു പിന്നിലുള്ള രണ്ട് ബാസ്കറ്റ് ബോൾ താരങ്ങൾ പദ്മശ്രീ നേടിയെന്ന് ഓർക്കണം. ഇതര സംസ്ഥാനങ്ങളാണോ ദേശീയ ഫെഡറേഷനാണോ അവർക്കായി വാദിച്ചതെന്നു വ്യക്തമല്ല.



ജിമ്മി ജോർജിനും ടി.സി. യോഹന്നാനും സുരേഷ് ബാബുവിനുമൊന്നും പദ്മശ്രീ കിട്ടിയിട്ടില്ലെന്നു വാദിക്കാം. പക്ഷേ, അത് അടുത്ത തലമുറയെ അവഗണിക്കാൻ കാരണമല്ല. യു.എസ്. ലീഗിൽ കളിക്കാൻ തിരഞ്ഞെടുക്കപ്പെട്ട താരമാണ് ഗീതു. രാജ്യത്തിനു പുറത്ത് പല അവസരങ്ങളും പ്രയോജനപ്പെടുത്താൻ പ്രായോജകരെ കിട്ടാതെ ഗീതു വിഷമിച്ചത് ഓർക്കുന്നു. ഈ കളിക്കാരിയിലെ പ്രതിഭ പൂർണമായി കണ്ടെത്താൻ നമ്മൾ വഴിയൊരുക്കിയില്ല. അഥവാ പ്രഫഷണലിസം ഇന്നും നമ്മൾ വാക്കുകളിൽ ഒതുക്കുന്നു. ലീലാമ്മ തോമസ് 1982 ൽ ഡൽഹി ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കു കളിച്ചപ്പോൾ, ഇന്ത്യൻ ബാസ്കറ്റ് ബോൾ ടീമിലെത്തിയ ആദ്യ മലയാളിവനിതയായി അവർ. പിന്നീട് പ്രസന്നകുമാരി ഇന്ത്യൻ വനിതാ ടീമിൽ ഏറെ തിളങ്ങി. അഞ്ചുതവണ ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ പ്രസന്നകുമാരി ഇന്ത്യയ്ക്കു വേണ്ടി കളിച്ചു. മോളി ബെനഡിക്ട്, മോളി അഗസ്റ്റിൻ, റെന്നി വിൻസെന്റ്, എമിലി, ഷീലാമ്മ തുടങ്ങി ഏതാനും താരങ്ങൾകൂടി ഗീതുവിനു മുമ്പേ ഇന്ത്യയ്ക്കു വേണ്ടി കളിച്ചു. അവരാരും വിദേശത്ത് പ്രഫഷണൽ ലീഗിൽ കളിച്ചില്ല. ഗീതുവിന്റെ കുതിപ്പ് മലയാളി താരനിരയെത്തന്നെ ഇന്ത്യൻ ടീമിൽ എത്തിച്ചു. പി.ജി. അഞ്ജന, പി.എസ്.ജീന, കെ.എസ്. പൂജാമോൾ, ആർ.കെ. സ്മൃതി, സ്റ്റെഫി നിക്സൺ... ആ നിര നീളുകയാണ്. പ്രഫഷണൽ തലത്തിൽ ഗീതുവിന് കൂടുതൽ അവസരങ്ങൾ തുറന്നു കിട്ടിയിരുന്നെങ്കിൽ പിൻതലമുറയും ആ വഴിക്കു തിരിഞ്ഞേനെ.

ഇന്ത്യൻ വനിതാ ബാസ്കറ്റ് ബോളിനെ അമച്വർ തലത്തിൽനിന്ന് പ്രഫഷണൽ തലത്തിലേക്കു കൊണ്ടുവന്ന താരമായിട്ടാകും ചരിത്രം ഗീതു അന്ന ജോസിനെ രേഖപ്പെടുത്തുക. അതാണ് കേരളം ഇനിയും മനസ്സിലാക്കേണ്ടത്. ഗീതുവിനെ റോൾമോഡൽ ആയി കാണണം. ഒരു തലമുറയെ മുഴുവൻ പ്രചോദിപ്പിക്കാൻ ഗീതുവിനു കഴിയും. ■

**കവിത** — **പ്രഫ. തോമസ് കണയംപ്ലാവൻ**

## ചിന്തയുടെ ചിറകുകളിൽ

ഒരു പാരിജാതമെൻ മുറ്റത്തു പൂന്തണൽ
പരിചിൽ വിരിച്ചു പടർന്നുനില്പൂ!
പതിവായി ഞാനതിൻ ചോട്ടിലിരിക്കാറു-
ണ്ടതിമോദമോടൊരു കല്ലുബഞ്ചിൽ!
വിരിയുന്ന പൂവുകൾ ചൊരിയുന്ന സൗരഭം
കവരുവാനെത്തുന്നു കള്ളനെപ്പോൽ
അണയുന്ന കാറ്റിന്റെ പരിരംഭണത്തിൽ ഞാ-
നണിയുന്നു രോമാഞ്ചം കഞ്ചുകംപോൽ!
ചിറകടിച്ചുയരുന്നു ചിന്തകളാകാശ-
പ്പറവകളെന്നപോൽ നീലവാനിൽ!
അറുതിയില്ലാത്തതാമാകാശവീഥിയിൽ
നിറയുന്ന ഗോളസഹസ്രങ്ങളെ
തഴുകിയെൻ ചിന്തകൾ മേല്പോട്ടുയരുന്നു
മഴവില്ലു പൂക്കുന്ന നാട്ടിലൂടെ.
ഒടുവിൽ ഞാൻ കാണും പ്രപഞ്ചപ്രഹേളിക
ഒരുപാടു വിസ്മയം ചേർക്കുമെന്നിൽ.
ചെറിയോരുറുമ്പിൽത്തുടങ്ങിച്ചലിക്കുന്ന
ഗിരികൾപോൽ നീങ്ങും ഗജങ്ങളിലും
ഒരുപോൽത്തിളങ്ങുന്ന ജീവനെന്തദ്ഭുതം;
അറിയില്ല, ശാസ്ത്രം പകച്ചുനില്പൂ;
അണുതൊട്ടു ബ്രഹ്മാണ്ഡകാണ്ഡങ്ങളോളവും
ഉളവാക്കിയോരാപ്പദാർഥപിണ്ഡം
അതിലൊളിച്ചീടുമനന്തമാമൂർജവും
എവിടെനിന്നെത്തിയെന്നാരറിഞ്ഞു?
ഒടുവിൽ 'ഐൻസ്റ്റീൻ' പറഞ്ഞ 'പരാശക്തി'
തെളിയും പ്രപഞ്ചത്തിൻ തൊട്ടുപിന്നിൽ.
അവിടുന്നു സത്യമാ,ണനഘമാം സൗന്ദര്യം
അതിരറ്റ സ്നേഹത്തിൻ മൂർത്തി ദീപ്തം!
വിനയമോടവിടുത്തെ,ത്തിരുമുമ്പിൽ കുമ്പിടാം
ദിനരാത്രമൊന്നുപോൽത്തൻകൃപയ്ക്കായ്!

Deepanalam Weekly
RNI No : 16998/68
Vol. 55 No. 49 Date of Publication 9 Feb 2023
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment





# മരിയൻ മെഡിക്കൽ സെന്റർ, പാലാ

**അരുണാപുരം Phone: 04822-214000**

**ISO 9001: 2015 Certified NABH Accredited**

Email: marianmedicalcentre@yahoo.com
www.marianmedicalcentre.com

# സുവർണജൂബിലിയാഘോഷം

## 2023 ഫെബ്രുവരി 11 ശനി 2.30 PM

## മരിയൻ മെഡിക്കൽ സെന്ററിൽ

### ക്ഷണക്കത്ത്

ആതുരശുശ്രൂഷാരംഗത്ത് കർമനിരതമായ 50 സംവത്സരങ്ങൾ പൂർത്തിയാക്കിയ പാലാ മരിയൻ മെഡിക്കൽ സെന്ററിന്റെ സുവർണജൂബിലിയാഘോഷങ്ങൾ 2023 ഫെബ്രുവരി 11-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് നടത്തപ്പെടുകയാണ്. പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ ചേരുന്ന സുവർണജൂബിലിയാഘോഷസമാപനസമ്മേളനം സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നതും പ്രമുഖ വ്യക്തികൾ ചടങ്ങിൽ ആശംസകളർപ്പിക്കുന്നതുമാണ്.

ഈ ആതുരാലയത്തിനുമേൽ 50 വർഷക്കാലം ദൈവം ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കു നന്ദി പ്രകാശിപ്പിക്കുന്ന ഈ ധന്യമുഹൂർത്തത്തിലേക്ക് എവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

സി. ഡോ. ഗ്രേസ് മുണ്ടപ്ലാക്കൽ F.C.C.
(പ്രൊവിൻഷ്യൽ സുപ്പീരിയർ)

സി. ഷേർളി ജോസ് F.C.C.
(അഡ്മിനിസ്ട്രേറ്റർ)


കർദിനാൾ മാർ ജോർജ് ആലഞ്ചേരി


മാർ ജോസഫ് കല്ലറങ്ങാട്ട്


റോഷി അഗസ്റ്റിൻ


ജോസ് കെ. മാണി എം.പി.


മാണി സി. കാപ്പൻ എം.എൽ.എ


ജോസിൻ ബിനോ


സി. ഡോ. റോസ് അനിത FCC


സി. ഡോ. ഗ്രേസ് മുണ്ടപ്ലാക്കൽ FCC


സി. ഷേർളി ജോസ് FCC


ഡോ. മാത്യു തോമസ്

## DEPARTMENTS

1. GENERAL MEDICINE
2. CARDIOLOGY
3. ORTHOPAEDICS & TRAUMOTOLOGY
4. GENERAL& LAPROSCOPY SURGERY
5. OBSTETRICS & GYNAECOLOGY
6. PAEDIATRIC & NEONATOLOGY
7. ANESTHESIOLOGY
8. PULMONOLOGY
9. NEUROLOGY
10. NEPHROLOGY
11. ENT
12. OPHTHALMOLOGY
13. GASTROENTEROLOGY
14. UROLOGY
15. DENTISTRY
16. DERMATOLOGY
17. ENDOCRINOLOGY
18. ONCOLOGY
19. PSYCHIATRY
20. CLINICAL PSYCHOLOGY
21. RADIOLOGY
22. AUDIOLOGY & SPEECH THERAPY
23. MEDICAL NUTRITION
24. EMERGENCY
25. PHYSIOTHERAPY
26. NATUROPATHY

## FACILITIES

- 24 Hours Emergency and Trauma Care, Pharmacy, Laboratory and Ambulance Service
- Well Equipped Cardiac Unit ICCU, Pre & post operative ICU, Surgical ICU, Medical ICU, Neonatal ICU, Neuro ICU
- Cath Lab, Round the Clock Angioplasty
- ECHO, TMT, Colour Doppler, Holter Monitor & ECG
- Laser Treatment for Varicos Veins
- Diabetic Heart Clinic
- Keyhole Laproscopy and General Surgery
- Radiofrequency, Laser Ablation, Multiple Perforator Ligation (Varicose Vein)
- Phacoemulsification Cataract Surgery
- Labour Room Complex, Painless Delivery, Laproscopic Gynaecology Surgery
- Well Equipped Blood Bank • Physiotherapy
- Knee, Hip, Shoulder Replacement Procedures • Computed and Digital Radiography • Endoscopic, Colonoscopic and Bronchoscopic Procedures • EEG, ENG, ENMG (Neuro )
- Dialysis • Diabetic Foot Study • Operation Theatre Complex
- CT and Ultra sound scan • Microlaryngeal Surgery, FESS
- Health Check- up Packages • Mortuary Facilities

## PROGRAMME

Stage Opening
Welcome Address : Rev. Sr. Dr. Grace Mundaplackal (Provincial Superior)
Keynote Address : Rev. Sr. Dr. Rose Anitha (Asst. Mother General)
Presidential Address : His Excellency Mar Joseph Kallarangattu (Bishop of Palai)
Inaugural Address : His Eminence Cardinal Mar George Alenchery (Major Archbishop of Syro-Malabar Church)
Inauguration of the Naturopathy Project : Hon. Minister Roshy Augustine (Minister for Water Resource)
Address by Guest of Honour : Padmasree Dr.Jose Chacko Periappuram (Cardiac transplant surgeon, Lisie Hospital, Cochin)
Felicitations : Sri. Jose K Mani MP
Sri. Mani C Kappen MLA
Smt. Josin Bino (Chair Person Pala Municipality)
Dr. Mathew Thomas (Medical Supdt. Marian Medical Centre)
Prof. Sunny V. Zachaiah (Dt. Governor Lions Club, District 318 B)
Rev. Dr. George Njarakkunnel (Chaplain & Spiritual Animator, MMC)
Sri. Jimmy Thazhathel (Muncipal Councillor)
Vote of Thanks : Sr. Sherly Jose (Administrator, MMC)
National Anthem


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.